# ഗുരുനാഥൻ.

**1101**

പുസ്തകം. 5

## വിഷയസൂചി


| | |
|---|---|
| അദ്ധ്യക്ഷപ്രസംഗം | 212 |
| അദ്ധ്യാപനപദ്ധതി, | 49,195,292,344,376 |
| അദ്ധ്യാപകന്മാർ കരുതേണ്ടതു | 251 |
| അദ്ധ്യാപനസംബന്ധിച്ച ചില ഉപദേശങ്ങൾ | 260 |
| അമേരിക്കയിലെ വലിയ മത വിപ്ലവം | 278,431,470 |
| അദ്ധ്യാപകവൃത്തിയെക്കുറിച്ച ചില സൂചനകൾ | 437 |
| അദ്ധ്യാപകശമ്പളം | 385 |
| അദ്ധ്യാപകന്മാരോടുള്ള ചില ഉപദേശങ്ങൾ | 283 |
| അഗസ്ത്യമഹർഷി | 478 |
| ഈശ്വരപിള്ള വിചാരിപ്പുകാർ | 56 |
| ഉച്ചാരണപംക്തി | 310 |
| എന്റെ വിദ്യാഭ്യാസസ്മരണകൾ | 449 |
| ഏകലവ്യൻ | 227 |
| ഒരു പാഠക്കുറിപ്പു | 9 |
| ഒരു അപനയം | 188 |
| ഒരു കഥയും ഗുണപാഠവും | 201 |
| ഒരു ആശാകിരണം | 325 |
| ഒരു പ്രസംഗം | 337,372 |
| ഒരു ഇൻസ്പെക്ടരുടെ ആത്മഗതം | 474 |
| കവനകൗമുദിയുടെ നയം | 68 |
| കഥകൾ | 45 |
| കുററവും ശിക്ഷയും | 4 |
| കുറിപ്പു | 39,249 322,362 |
| കുറിപ്പുകൾ | 83,124,162,205,444,485 |
| കുളവും അതിലെ ജീവജാലങ്ങളും | 78 |
| കുട്ടഞ്ചേരിമൂസ്സ് | 380 |
| ഗുരുവന്ദനം | 119 |
| ചരിത്രാഭ്യസനം | 25,132,174 |
| ചട്ടമ്പിസ്വാമികൾ | 75 |
| ചില വിശേഷകരകൾ | 264,357 |
| ജീവചരിത്രപഠനം | 167 |
| ടി. ടി. സി. പരീക്ഷാസാഹിത്യക്കുറിപ്പുകൾ | 172,238,317,420,465 |

| | |
|---|---|
| തത്വവൈഖരീഷൾക്കം | 137 |
| തണൽമരം | 184 |
| തൊഴിലില്ലായ്മ | 41 |
| ദാനം | 243 |
| നക്ഷത്രമാല | 35 |
| പരസ്പരസഹായവും ഉത്തമജീവിതവും | 298 |
| പന്തളം കേരളവർമ്മതമ്പുരാന്റെ കൃതികൾ | 30.53 |
| പാഠക്കുറിപ്പ് | 66,120,217,240,319,348,404 |
| പുതിയവിദ്യാഭ്യാസരീതി | 329 |
| പുസ്തകാഭിപ്രായം | 122,166,283,319,359,407,443 |
| പേച്ചിപ്പാറഅണ | 244 |
| പൗരാണികഇൻഡ്യയിലെ വിദ്യാഭ്യാസം | 114 |
| പ്രകൃതിപാഠം | 107,146,191 |
| പ്രസാധകക്കുറിപ്പുകൾ | 408 |
| പ്രാഥമികവിദ്യഭ്യാസം | 127 |
| പ്രാചീനഗുരുകുലം | 409 |
| ബാബുസുരേന്ദ്രനാഥബാനർജി | 398,414,459 |
| ഭാരതവർഷത്തിലെ വിദ്യാഭ്യാസം | 15 60,89,151 |
| ഭാഷോൽപത്തിവാദം | 141,179 220,256 |
| ഭാഷാധ്യാപനം | 99,165,376 |
| മതവും സന്മാർഗ്ഗവും | 297 |
| മറുപടിപ്രസംഗം | 366 |
| മംഗളപത്രം | 365 |
| മംഗളം | 1 |
| മഹദ്വാക്യങ്ങൾ | 483 |
| യക്ഷികഥകൾ | 22,76,93,138 334,427 |
| വടി | 85 |
| വിദ്യാലയവിനോദങ്ങൾ | 157,248,271,304 |
| വിദ്യാഭ്യാസത്തിന്റെ തകിടം മറിച്ചിൽ, | 230 |
| വിദ്യാർത്ഥികളും അധ്യാപകന്മാരും | 285 |
| ശമ്പളപരിഷ്കാരം | 439 |
| സതി | 390 |
| സ്വതന്ത്രപ്രസ്താവന | 1 |
| സ്വഭാവരൂപവൽക്കരണം | 266,352,393 |
| സ്വാഗതം | 435 |
| സ്വീഡനിലെ കർഷകന്മാരുടെ ഉന്നതവിദ്യാലയങ്ങൾ | 102 |


ബ്ലാക്കുകൾ

മെസ്സേഴ്സ്, ആർ, ഈശ്വരപിള്ള ബി. എ.
എം. രാമവർമ്മൻ തമ്പാൻ ബി. എ, എൽ. ടി.
പി. ആർ. നീലകണ്ഠൻ നായർ
ചട്ടമ്പിസ്വാമികൾ

Kadavoor K. Madhavan Pillay

# ഗുരുനാഥൻ.

പുസ്തകം 5. | 1101 കൎക്കടകം | ലക്കം 12.

## എന്റെ വിദ്യാഭ്യാസസ്മരണകൾ.

(ആർ. ഈശ്വരപിള്ള ബി. ഏ.)

മനുഷ്യജീവിതം അവിച്ഛിന്നമായ സ്മരണപരമ്പരയാണെന്നു പറയുന്നതിൽ വല്ല അസാംഗത്യവുമുണ്ടെന്നു തോന്നുന്നില്ല. ബാല്യം, യൌവനം, വാൎദ്ധക്യം എന്നീ ജീവിതഘട്ടങ്ങളെ അന്യോന്യം സംയോജിപ്പിക്കുന്നതു സ്മരണാബന്ധം ഒന്നുതന്നെയാണു്. ഒരു ഘട്ടത്തിലെ അനുഭവങ്ങൾ മറുഘട്ടത്തിൽ വിസ്മൃതങ്ങളായിപോകുന്നതായാൽ, ഗതമായ ഘട്ടം ജീവിതത്തിൽ കേവലം ഒരു ശൂന്യപ്രദേശമായിത്തന്നെ ഇരിക്കയേയുള്ളു. എന്നുതന്നെയുമല്ല, തുടൎച്ചയായ ജീവിതത്തിനു ഭംഗവും നേരിടുന്നു. മനുഷ്യനു് ഇന്ദ്രിയങ്ങൾമുഖേന ഉണ്ടാകുന്ന ബഹിർലോകജ്ഞാനംതന്നെയാണു നമുക്കെല്ലാവൎക്കും ഉള്ള മാനസികസ്വത്തിന്റെ ഒരു പ്രധാനഭാഗം. അവയെ അല്പമെങ്കിലും വിസ്മൃതിയിലേക്കു തള്ളുന്നതായാൽ നമ്മുടെ മാനസികസ്വത്തു് അത്രത്തോളം കുറഞ്ഞിരിക്കാനെ തരമുള്ളു. ഇങ്ങനെയുള്ളവരുടെ ജീവിതം അവസാനത്തിൽ ഫലശൂന്യമായി പരിണമിക്കാനെ മാൎഗ്ഗമുള്ളു. മനുഷ്യന്റെ ലോകജ്ഞാനം ഏറെക്കുറെ സ്മരണസൂത്രഗ്രഥിതമായിട്ടാണിരിക്കുന്നതു്. അതുകൊണ്ടു നമ്മുടെ ലോകാനുഭവങ്ങളെപ്പറ്റിയുള്ള സ്മരണകളെ സശ്രദ്ധം സംരക്ഷിക്കേണ്ടതു നമ്മുടെ ജ്ഞാനാഭിവൃദ്ധിക്കും, ജീവിതസാഫല്യത്തിനും അത്യാവശ്യമായിട്ടുള്ളതാണു്. നമ്മുടെ അപരജീവിതത്തെ യഥാവിധി നിയന്ത്രിക്കുന്നതിനും അന്യന്മാൎക്കു വഴികാണിക്കുന്നതിനും പൂൎവ്വസ്മരണകൾ ഉപയുക്തങ്ങളായി ഭവിക്കുന്നു. ഇതുകൂടാതെ അധുനാതനന്മാൎക്കു് അപരിചിതങ്ങളും പക്ഷെ, അജ്ഞാതങ്ങളുമായ പല പഴയ നടപടികളും മറ്റും അറിഞ്ഞു അവയെപ്പറ്റി ചിന്തിക്കുന്നതിനും പുതിയ ഏൎപ്പാടുകളുമായി താരതമ്യപ്പെടുത്തുന്നതിനും നമ്മുടെ സ്മരണകളെ രേഖപ്പെടുത്തുന്നതുകൊണ്ടു് അവസരം ലഭിക്കുന്നതാണല്ലൊ. ഈ വക ഗുണങ്ങൾ വല്ലതും സിദ്ധിക്കുമെന്നു വിചാരിച്ചല്ലാ, ഈ ലേഖന

കൎത്താവു തന്റെ വിദ്യാഭ്യാസസംബന്ധമായ ചില സ്മരണകളെ ഇവിടെ രേഖപ്പെടുത്തുവാൻ പോകുന്നതെന്നുംകൂടി ആദ്യമായി പറഞ്ഞുകൊള്ളുന്നു. ഒരു പൂജ്യസ്ഥാനത്തുനിന്നും പുറപ്പെട്ട ഉപദേശത്തെ ആസ്പദമാക്കി മാത്രമാണ് ലേഖകന്റെ ഈ പ്രാരംഭം. "ആജ്ഞാഗുരൂണാംഹ്യവിചാരണീയാ" എന്നാണല്ലോ ആപ്തവാക്യം. എന്നാൽ ലേഖനകൎത്താവിന്റെ ജീവിതം മുഴുവനും വിദ്യാഭ്യാസവിഷയത്തിൽ നയിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ഈ സ്മരണകൾ എല്ലാംതന്നെ ഈ വഴിക്കുമാത്രമാണെന്നും പ്രസ്താവിക്കേണ്ടിയിരിക്കുന്നു. പല അനുഭവങ്ങളും ധാരണാശക്തിയുടെ ക്ഷയം നിമിത്തം വിസ്മൃതങ്ങളായും തീൎന്നിട്ടുണ്ട്.

ഈ ലേഖകന്റെ വിദ്യാഭ്യാസം ആരംഭിച്ചതു് ഒരു പഴയ ആശാന്റെ കീഴിലും, കളരിയിലും, പഴയരീതിയിലുമായിരുന്നു. ഏകദേശം അഞ്ചു വയസ്സുമുതൽ പത്തു വയസ്സുവരെ ഇവിടെ കിടന്നു കഴിഞ്ഞെന്നതായി വന്നു. ആ കാലത്തു് ആശാന്മാരുടെ ശനിദശ ആരംഭിച്ചിരുന്നില്ല. വ്യാഴദശ അവസാനിക്കാറായിരുന്നതാനും. ആശാന്മാർ ഏറെക്കുറെ ഒരു വൎഗ്ഗീയസ്വഭാവത്തെ രക്ഷിച്ചുപോരുന്നവരായിരുന്നു. ആകൃതിയിലും മറ്റും അല്പസ്വല്പം വ്യത്യാസപ്പെട്ടിരുന്നേക്കാമെങ്കിലും, അവരുടെ പെരുമാറ്റത്തിലും സ്വഭാവത്തിലും ആശാന്മാൎക്ക് അസാധാരണമായ സാമ്യം ഉണ്ടായിരുന്നു. ഗംഭീരമായ മുഖഭാവം, ക്രൂരമായ സ്വഭാവം, നിൎദ്ദയമായ ചൂരൽപ്രയോഗം, സുബദ്ധമൂലമായ യാഥാസ്ഥിതികത്വം മുതലായവ ഇവരുടെ സാമാന്യഗുണങ്ങളിൽ പ്രധാനഗുണങ്ങളായിട്ടുള്ളവയായിരുന്നു. ബാലന്മാരെ സംബന്ധിച്ചിടത്തോളം ഇവർ ഭയങ്കരമൂൎത്തികളായിരുന്നുവെന്നാണു കേൾവി. എന്നാൽ ഭാഗ്യവശാൽ ലേഖകനു ലഭിച്ച ഗുരുനാഥൻ ഇതിന് ഒരു വ്യത്യസ്തമായിരുന്നു. ഇദ്ദേഹം ഒരു ബുദ്ധിമാനും, വ്യുല്പന്നനും, ശാന്തനും ആയിരുന്നു. അതുകൊണ്ടു സാധാരണ ആശാന്മാരുടെ സുശീലവും, പക്ഷെ പ്രായോഗികജീവിതത്തിൽ ഏറെക്കുറെ നിഷ്പ്രയോജനവുമായ പാഠപദ്ധതിയെ ആപാദചൂഡംതന്നെ അവലംബിക്കാതെ അല്പം ഭേദഗതിയോടുകൂടിയാണ് അദ്ധ്യാപനം ചെയ്തുവന്നതു്. ചൂരൽപ്രയോഗത്തിലും ഇദ്ദേഹത്തിനു വലിയ വിശ്വാസമില്ലായിരുന്നു. വിദ്യാഭ്യാസവിഷയത്തിൽ സൎവ്വപ്രധാനമായി ആശാന്മാർ ഗണിച്ചുവന്നിരുന്ന ഈ ചതുൎത്ഥോപായം ഇദ്ദേഹം ആ നിലയിൽ സ്വീകരിച്ചിരുന്നില്ല. എന്നാൽ എല്ലാം കാണാപാഠം പഠിക്കണമെന്നുള്ള നിൎബ്ബന്ധം ഇദ്ദേഹം തീരെ ഉപേക്ഷിച്ചിരുന്നുമില്ല. അന്നത്തെ പാഠപദ്ധതിയിൽ ഉൾപ്പെടുത്തപ്പെട്ടിരുന്നവ അധികം എന്തു കാരണവശാലോ, ഗണിതശാസ്ത്രം പഠിക്കു

നാതിന് ഉപയുക്തങ്ങളായിട്ടുള്ളവയായിരുന്നു. അവയിൽ പലതുമിപ്പോൾ പ്രയോജനശൂന്യങ്ങളായി മനസ്സിൽ ഒരു ഒഴിഞ്ഞ മൂലയിൽ കിടക്കുന്നതേയുള്ളു. എന്നാൽ കാണാപാഠം പഠിച്ചവ പലതും ചിന്താശക്തിയുടെ വികാസത്തോടുകൂടി ഉപയോഗപ്രദങ്ങളായും തീൎന്നിട്ടുണ്ടു്. ബാല്യത്തിൽ ഉരുവിട്ട അമരകോശം സിദ്ധരൂപം മുതലായവ സംസ്കൃതഭാഷാജ്ഞാനത്തിന് ആവശ്യങ്ങളായിട്ടുള്ളവയാണല്ലോ. 'അടിയളവുവാക്യം' പകലും, 'നക്ഷത്രപാന' രാത്രിയിലും സമയം നിശ്ചയിക്കുന്നതിന് ഇന്നും ഉപയോഗപ്പെടുന്നുണ്ടു്. അതുകൊണ്ടു കളരികളിൽ അവരുടെ ബാല്യത്തെ തരണംചെയ്യാനിടയായവർ എല്ലാവരും ലോകത്തിൽ മന്ദബുദ്ധികളോ വിവേകശൂന്യന്മാരോ ആയിരുന്നുവെന്ന് ഒരിക്കലും പറഞ്ഞുകൂടാ എന്നു് ഈ ലേഖകന്റെ അനുഭവംതന്നെ ഉപദേശിക്കുന്നുണ്ടു്. നേരെ മറിച്ചു പലരും യോഗ്യന്മാരായിത്തീൎന്നിട്ടുണ്ടു്. ഒരു കാലത്തു് ആശാന്മാരും കളരികളും അവരുടെ ബുദ്ധിശക്തിക്കും ജ്ഞാനത്തിനും തക്കവണ്ണം വിദ്യാഭ്യാസരൂപമായ ഉൽകൃഷ്ടസമുദായസേവനം ചെയ്തുവെന്നു സമാധാനപ്പെടാനെയുള്ളു. ആശാന്മാരെയും കളരിയേയും പററി ഈ ഉപന്യാസകൎത്താവുതന്നെ ഈ മാസികയിൽ സവിസ്തരം എഴുതീട്ടുള്ളതിനാൽ ഇവിടെ ഇത്രയും മതിയാകുമെന്നു വിചാരിച്ചു വളരെ ചുരുക്കുന്നതാണു്. വിപരീതശക്തികളുടെ വ്യാപാരംനിമിത്തം അവരുടെ തൊഴിലിനുടവുതട്ടിയെങ്കിലും ഏകദേശം പതിനഞ്ചുകൊല്ലം മുമ്പുവരെക്കും ആശാന്മാർ, ദിവാദീപങ്ങളെന്നപോലെ നിഷ്പ്രഭന്മാരായിട്ടെങ്കിലും അങ്ങുമിങ്ങും അവരുടെ തൊഴിലിനെ സാമാന്യം സംരക്ഷിച്ചുവൎത്തിച്ചുവന്നിരുന്നു. എന്നാൽ ആയിടയ്ക്കുണ്ടായ വിദ്യാഭ്യാസനിയമത്തിന്റെ ആവിർഭാവത്തോടുകൂടി ആശാന്മാൎക്കു വിദ്യാഭ്യാസലോകത്തിൽ അഥവാ ലോകത്തിൽതന്നെയും സ്ഥാനമില്ലാതായിത്തീൎന്നു. അപ്പോൾ ഗത്യന്തരമില്ലാതെ ഈ സാധുവൎഗ്ഗക്കാർ കളരിയും പൂട്ടി ഓലയും നാരായവും ചൂരലും ഒക്കെ താഴത്തുവച്ചു തങ്ങളുടെ തൊഴിലുമായിട്ടു് അവസാനയാത്ര പറഞ്ഞുപിരിഞ്ഞു.

ഇതെഴുതുന്നയാൾ തന്റെ പത്താമത്തെ വയസ്സിൽ രഘുവംശത്തിൽ ഒരു സൎഗ്ഗവും പഠിച്ചു ഗുരുദക്ഷിണയും ചെയ്തു തന്റെ പ്രഥമവിദ്യാലയമായ കളരിയേയും ഗുരുനാഥനെയും ദീൎഘശ്വാസസഹിതം വിട്ടുപിരിഞ്ഞു. ഇതു കഴിഞ്ഞു ഏകദേശം ഒരു കൊല്ലംവരെയും താലൂക്കുകച്ചേരിയിലിരുന്നു് അന്നത്തെ രീതിയിൽ ഓലയിലുള്ള എഴുത്തുകുത്തുകൾ പരിശീലിച്ചുവന്നു. അന്നു ഇതു വിദ്യാഭ്യാസത്തിന്റെ ഒരംശമായിരുന്നു. ഇതുകഴിഞ്ഞാണു് ഇംഗ്ലീഷുപഠിത്തം ആരംഭിച്ചതു്. അക്കാലത്തു തിരുവി

താംകൂറിൽ തിരുവനന്തപുരത്തു മാത്രമല്ലാതെ ഇംഗ്ലീഷ് അറിയാവുന്നവർ
വളരെ ചുരുക്കമായിരുന്നു. അവിടെയും വളരെപ്പേർ ഇല്ലായിരുന്നു. രാ
ജാ സർ ടി. മാധവറാവു ദിവാൻപട്ടം കൈയേററു കഴിഞ്ഞ ഉടനെ എ
ട്ടോ പത്തോ ഇംഗ്ലീഷുവിദ്യാലയങ്ങൾ തിരുവിതാംകൂറിൽ അവിടവിടെ
യായി സ്ഥാപിച്ചു. എന്നാൽ ഇവയിലെല്ലാററിലും പ്രധാനാദ്ധ്യാപകനും
അടുത്ത സഹായാദ്ധ്യാപകനും ഒന്നൊഴിയാതെ യൂറോപ്യന്മാരായിരുന്നു എ
ന്നുള്ളതു് പ്രത്യേകം പറയേണ്ടിയിരിക്കുന്നു. ഇതിനുള്ള പ്രധാനകാരണം
ഇംഗ്ലീഷുഭാഷ അല്പമെങ്കിലും എഴുതുവാനും വായിക്കുവാനും അറിയാവുന്ന
വർ അവർ മാത്രമെ അക്കാലത്തുണ്ടായിരുന്നുള്ളു എന്നുള്ളതാണ്. അ
ദ്ധ്യാപകസ്ഥാനത്തിന് ഇവൎക്കുള്ള യോഗ്യതകൾ എത്രത്തോളമുണ്ടായിരു
ന്നുവെന്നു നല്ല നിശ്ചയമില്ല. ഈ ലേഖനകൎത്താവു് തന്റെ പന്ത്രണ്ടാ
മത്തെ വയസ്സിൽ സംഗതിവശാൽ, കായംകുളം ഇംഗ്ലീഷുവിദ്യാലയ
ത്തിൽ പഠിത്തം ആരംഭിച്ചു. ഈ ഇടയ്ക്കാണു തിരുവിതാംകൂറിൽനിന്നും
മദ്രാസിൽപോയി പഠിച്ച് ആദ്യമായി ബി. ഏ. പരീക്ഷയിൽ വിജയം
പ്രാപിച്ച് പിന്നീടു "ബി. ഏ. പപ്പുപിള്ള" എന്നു പ്രസിദ്ധനായിരുന്ന
ആൾ അനന്യസാധാരണമായ ബഹുമതികളോടുകൂടി മടങ്ങി വന്നതു്.
ഈ സംഗതിയാണു ലേഖകനെ ഇംഗ്ലീഷുപഠിപ്പിക്കുന്നതിനു രക്ഷാകൎത്താ
വിനെ പ്രധാനമായി പ്രേരിപ്പിച്ചതു്. കായംകുളത്തു് അന്നു നാലു ക്ലാസ്സു
കളാണു് ഉണ്ടായിരുന്നതു്. ഒന്നാംക്ലാസാണു് ഏററവും ഉയൎന്നതു്. എ
ന്നാൽ അദ്ധ്യാപനവിഷയത്തിലും, ചൂരൽപ്രയോഗത്തിലും ആശാന്മാരു
ടെ കളരിയും ഇതുമായിട്ടു വലിയ വ്യത്യാസം ഉണ്ടായിരുന്നോ എന്നു സം
ശയമാണു്. വിഷയങ്ങളെല്ലാം കാണാപ്പാഠം പഠിക്കണമെന്നായിരുന്നു
നിർബ്ബന്ധം. അടിശിക്ഷയാണെങ്കിൽ, അതു അകാരണമായും സകാര
ണമായും ഉപയോഗപ്പെടുത്തിയും വന്നിരുന്നു. അദ്ധ്യാപകന്മാർ എ
പ്പോഴും ക്ലാസിലിരിക്കുന്നതു് അത്ര സാധാരണയല്ല. അധികം ശബ്ദമോ
മററൊ കേട്ടാൽ ഉടനെ ചൂരലുമായിട്ടുവന്നു ക്ലാസിന്റെ ഒരററംമുതൽ മ
ററെ അററംവരെ ഒരു പ്രഹരം നടത്തുക പതിവാണു്. ഒന്നാംവാദ്ധ്യാർ
ലാൻസ്ബെക്ക് എന്നും, രണ്ടാംവാദ്ധ്യാർ സിൽവാ എന്നും രണ്ടു യൂറോ
പ്യന്മാരായിരുന്നു. ചൂരൽപ്രയോഗം മുക്കാലും സിൽവായുടെ ചുമതല
യിൽതന്നെയായിരുന്നു. ഭാഷയും കണക്കും ചരിത്രവും ഭൂമിശാസ്ത്ര
വുമായിരുന്നു പാഠവിഷയങ്ങൾ. ഈ സ്ഥിതിയിൽ ഇവിടെ മൂന്നു കൊ
ല്ലം കഴിച്ചുകൂട്ടിയതിനു ശേഷം കാരണവശാൽ ലേഖനകൎത്താവിന്
അവിടം വിട്ടുപോകേണ്ടതായിവന്നു. ഇതിനു് അല്പം മുമ്പു മിസ്റ്റർ

ലാൻസ്ബെക് സ്ഥലം മാറിപ്പോകുകയും പകരം കോഴിക്കോട്ടു ശിക്ഷാക്രമം അഭ്യസിച്ച മിസ്റ്റർ മാത്യു ഹേഡ്മാസ്റ്ററായിവരികയും ചെയ്തു. ഇദ്ദേഹത്തിൻെറ കീഴിൽ അല്പകാലം കഴിച്ചു. ഈ ലേഖനകർത്താവു പിന്നെയും ഒരു കൊല്ലം ചേർത്തല താലൂക്കുകച്ചേരിയിൽ ഇരുന്ന് എഴുത്തുകുത്തുകൾ പരിശീലിച്ചുവന്നു. അവിടെനിന്നും പിന്നെയും ആലപ്പുഴെ ഇംഗ്ലീഷുപള്ളിക്കൂടത്തിൽ രണ്ടാം ക്ലാസ്സിൽ ചേർന്നു പഠിച്ചു തുടങ്ങി. ഇവിടെയും പഠിത്തം ഒട്ടുമുക്കാലും മുൻവിവരിച്ച രീതിയിൽതന്നെയായിരുന്നു. ഇവിടെയും ഒന്നാം വാദ്ധ്യാരും സഹായാദ്ധ്യാപകന്നും യൂറോപ്യന്മാർതന്നെയായിരുന്നു. ഇംഗ്ലീഷുപള്ളിക്കൂടങ്ങളിലെ പരിശോധനക്കായിട്ടു ചെഫ്രണീസ് എന്ന ഒരു ധ[illegible] സൂപ്രണ്ടായി ഗവൎമ്മെണ്ടിൽനിന്നും നിയമിച്ചിരുന്നു. ഇദ്ദേഹം കൃത്യനിഷ്ഠയും കണിശവും തൻെറ തൊഴിലിനെപ്പററി വലിയ അഭിമാനവും ഉള്ള ഒരാളായിരുന്നു. ഇദ്ദേഹത്തിനെ കാണുമ്പോൾതന്നെ അദ്ധ്യാപകന്മാർ വിറച്ചു തുടങ്ങുക പതിവായിരുന്നു. ഒരു ദിവസം സാഹിബു വന്നപ്പോൾ ഒരദ്ധ്യാപകൻ ഒരു നേരിയതുടുത്തുംകൊണ്ടാണു വന്നിരുന്നതു്. സാഹിബ് ഇയാളെ കണ്ടു ഉടനെ പള്ളിക്കൂടത്തിനു വെളിയിൽ പോകുവാനാജ്ഞാപിച്ചു. വസ്ത്രം മാററിക്കൊണ്ടുവന്നതിൽ പിന്നെ മാത്രമെ പള്ളിക്കൂടത്തിനകത്തു കടത്തിയുള്ളു. ഇതുപോലെതന്നെ താമസിച്ചുവന്ന ഒരദ്ധ്യാപകനെ അയാളുടെ ക്ലാസ്സിൽതന്നെ ബെഞ്ചിൻെറ മുകളിൽ നിറുത്തി അവിടെനിന്നുംകൊണ്ടു പഠിപ്പിക്കാൻ ആജ്ഞാപിച്ചു. സാഹിബിൻെറ പരിശോധനാരീതി, അദ്ധ്യേതാക്കളേയും വളരെ വിഷമിപ്പിക്കാറുണ്ടു്. സാഹിബിൻെറ ശബ്ദവും— ഉച്ചാരണവും— ഭാവവും ഒക്കെ കുട്ടികൾക്കു ദുർഗ്രാഹ്യങ്ങളായിരുന്നതുകൊണ്ടു ചോദ്യം മനസ്സിലാകാതേയും ഉത്തരം പറയാൻ നിവൃത്തിയില്ലാതേയും പലപ്പോഴും കുഴങ്ങിവിഷമിക്കുക പതിവായിരുന്നു. വിദ്യാൎത്ഥികളെ പരിഭ്രമിപ്പിക്കണമെന്നുള്ള ഉദ്ദേശ്യമാണു സാഹിബിനു പ്രധാനമായി ഉണ്ടായിരുന്നതെന്നു പക്ഷെ തോന്നിയേക്കാം. സാഹിബു സക്കീട്ടുവരുന്നതു സാധാരണ മുന്നറിവു കൊടുക്കാതെയാണ്. രാത്രി വള്ളത്തിൽ വന്നു കടവിൽതന്നെ കിടക്കുകയും രാവിലെ ഒമ്പതു മണിക്കു പെട്ടെന്നു പള്ളിക്കൂടത്തിൽ പ്രത്യക്ഷനാകയുമാണു പതിവ്. വാദ്ധ്യാന്മാർ അവരവരുടെ സൌകൎയ്യംപോലെ ഊണും മുറുക്കും മററും കഴിഞ്ഞു പള്ളിക്കൂടത്തിൽ വരുമ്പോഴാണു കാൎയ്യം മനസ്സിലാകുന്നതു്. പിന്നത്തെ സ്ഥിതി പറയുന്നതിനേക്കാൾ ഊഹിക്കതന്നെയാണുത്തമം. അന്നത്തെ അദ്ധ്യാപകന്മാരുടെ സ്ഥിതിക്കു ഈ

നടപടി അത്യാവശ്യവുമായിരുന്നു, സായ്പിന്റെ അധികാരം അദ്ധ്യാപകന്മാരിൽ മാത്രമല്ല പ്രയോഗിച്ചുവന്നതു്. സായ്പിനു വള്ളം ചട്ടംകെട്ടികൊടുക്കാതിരുന്ന ഒരു മജിസ്ട്രേറ്റിനെ തന്റെ ശിപായിയെ അയച്ചുവരുത്തി ഭയപ്പെടുത്തി വിട്ടതായി ഈ ലേഖകനറിവുണ്ടു്. ഇനി വിദ്യാലയത്തിലെ സ്ഥിതി നോക്കാം. ഹെഡ്മാസ്റ്റർ വല്ലപ്പോഴും ഒരിക്കൽ വരികയേ ഉള്ളു. രണ്ടാം വാദ്ധ്യാർ മിസ്റ്റർ വിയരാണു കാര്യങ്ങൾ ഒക്കെ നടത്തിവന്നതു്. ഇദ്ദേഹം ഒരു സൌമ്യനും സമർത്ഥനും ആയിരുന്നു. പാഠവിഷയങ്ങൾ സംഖ്യയിൽ ചുരുങ്ങിയിരുന്നു. ഭാഷയിൽ വായനയും — അക്ഷരം കൂട്ടുകയും — ഒററവാക്കുകളുടെ അർത്ഥം പറികയും മാത്രമായിരുന്നു പ്രധാനം. മറെറല്ലാം (കണക്കൊഴികെ) കാണാപ്പാഠം പഠിക്കതന്നെ വേണ്ടിയിരുന്നു. ശിക്ഷ, സാധാരണയായി ഉള്ളം കയ്യിൽ അടിക്കുകതന്നെയായിരുന്നു. എന്നാൽ വലിയ കുററത്തിനു വിദ്യാർത്ഥികളെ മേശപ്പുറത്തു കമത്തിക്കിടത്തി ആസനത്തിൽ ചൂരൽകൊണ്ടു പത്തോ പന്ത്രണ്ടോ അടിക്കുന്നതും അത്ര അപൂർവ്വമല്ലായിരുന്നു. ഇവിടെ രണ്ടു കൊല്ലംകൊണ്ടു പഠിത്തം കഴിഞ്ഞുവെങ്കിലും ഒരു കൊല്ലംകൂടി താമസിക്കേണ്ടതായിവന്നു. ഇതിനു കാരണം അന്നു തിരുവനന്തപുരം ഇംഗ്ലീഷുപള്ളിക്കൂടത്തിൽനിന്നും മിസ്റ്റർ ശേഷയ്യൻ എന്നൊരാൾ ഹെഡ്മാസ്റ്ററായി വന്നതാണു്. ഇദ്ദേഹത്തിന്റെ ആഗമനത്തോടുകൂടിയാണു് അദ്ധ്യാപനരീതി പരിഷ്കരിക്കപ്പെട്ടതു്. അദ്ദേഹത്തിന്റെ ഉപദേശം അനുസരിച്ചു് ഒരു കൊല്ലംകൂടി അന്നത്തെ ഒന്നാം ക്ലാസ്സിൽതന്നെ ഈ ലേഖകൻ പഠിച്ചു. കൊല്ലാവസാനത്തിൽ തിരുവനന്തപുരത്തു പോയി അന്നത്തെ പ്രവേശനപ്പരീക്ഷയിൽ ജയിച്ചു. അടുത്ത കൊല്ലം 1873-ൽ ആദ്യംതന്നെ, മെറ്റ്റിക്കുലേഷൻക്ലാസ്സിൽ ചേർന്നു. മിസ്റ്റർ സുന്ദരംപിള്ളയും മിസ്റ്റർ രാമക്കുറുപ്പും ഇതിനു മുമ്പുതന്നെ ആലപ്പുഴസ്ക്കൂളിൽനിന്നും കാളേജിൽ ചേർന്നു പഠിച്ചുവന്നിരുന്നു. ഇവർ രണ്ടു പേരും പിന്നീടു കാളേജിൽതന്നെ പ്രശസ്തമായ വിധത്തിൽ ഉദ്യോഗം ഭരിക്കുന്നതിനും ഇടയായിട്ടുണ്ടു്. ഇതു നോക്കുമ്പോൾ ആലപ്പുഴെ ഇംഗ്ലീഷുപള്ളിക്കൂടത്തിലെ അദ്ധ്യാപനരീതി അത്ര ആശാസ്യമായിരുന്നില്ലെങ്കിലും അതു ബുദ്ധിമാന്മാർക്കു സ്വപ്രയത്നംകൊണ്ടെങ്കിലും ഉൽകർഷം പ്രാപിക്കുന്നതിനു സഹായമായിരുന്നുവെന്നു ഊഹിക്കാൻ അവകാശമില്ലെന്നില്ല. ഈ വിദ്യാലയം പല പരിവർത്തനവും കഴിഞ്ഞു് ഇപ്പോൾ ഒരു മഹമ്മദീയ വിദ്യാലയമായി പൂർവ്വാധികം ശോഭിക്കുന്നുണ്ടെന്നുള്ളതു് ആശ്വാസജനകമാകുന്നു. ഈ ലേഖനകർത്താവിനും ഈ

വിദ്യാലയത്തെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നതിനും പല വിധത്തിലും അവകാശമുണ്ട്. ഇവിടെനിന്നും ഈ ലേഖനകർത്താവും മററു മൂന്നോ നാലോ പേരുംകൂടി മൂകങ്ങളായമാനങ്ങളായ ആശകളോടും അവ്യക്തങ്ങളാണെങ്കിലും ആനന്ദപ്രദങ്ങളായ പ്രതീക്ഷകളോടുംകൂടി ഈ കലാലയത്തിലേയ്ക്കു കടന്നു. അന്നു കാളേജുപ്രവേശനത്തിന് ഇന്നത്തെപ്പോലെയുള്ള തിക്കുംതിരക്കും പ്രതിബന്ധങ്ങളും ഒന്നും ഉണ്ടായിരുന്നില്ലെന്നു പറയേണ്ടതില്ലല്ലോ. അതിന്റെ ഉദാരങ്ങളായ ദ്വാരങ്ങൾ സദാ അപാവൃതങ്ങളായിത്തന്നെയിരുന്നു. അന്നുള്ള കലാസദനം ഇപ്പോൾ ജില്ലാക്കോടതി ഇട്ടു നടത്തിവരുന്ന കെട്ടിടങ്ങളിലാണു സ്ഥാപിക്കപ്പെട്ടിരുന്നത്. എന്നാൽ 1873 മാർച്ച് മാസത്തിൽതന്നെ ഇപ്പോൾ കാളേജിട്ടു നടത്തിവരുന്ന കെട്ടിടം പൂർത്തിയാകുകയും കാളേജും അതിനോടു ചേർന്നിരുന്ന വിദ്യാലയവും ഇതിലേക്കു മാററി ഇടുകയും ചെയ്തു. അന്നു രാജ്യഭാരം ചെയ്തിരുന്ന പ്രഥിതപ്രഭാവനായ ആയില്യം തിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടാണ് ഈ പുതിയ വിദ്യാലയത്തിന്റെ കവാടോൽഘാടനക്രിയ ആഘോഷപൂർവ്വം നടത്തിയത്. അന്ന് ഇന്നുള്ളവയിൽ മദ്ധ്യസ്ഥമായി വർത്തിക്കുന്ന കെട്ടിടം മാത്രമേ ഉണ്ടായിരുന്നുള്ളു. ഇതിന്റെ പുറകിലായിട്ടു പഴയ ഹെഡ്മാസ്റ്റർ മിസ്റ്റർ ബെൻസിലിയുടെ ബംഗ്ലാവും ഉണ്ടായിരുന്നു. ഇതിലും ഏതാനും ക്ലാസ്സുകൾ നടത്തിവന്നിരുന്നു. എന്നാൽ അല്പകാലം കഴിഞ്ഞപ്പോൾ ഇതും പൊളിച്ചു മാററപ്പെട്ടു. അന്നത്തെ പ്രിൻസിപ്പാൾ, ഗംഭീരനായ വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ടു "തിരുവിതാംകൂറിലെ ശേമുഷീശാലയത്തിലെ നിഷ്ണാതകർഷകൻ" എന്നു സബഹുമാനം അഭിധാനം ചെയ്ത മഹാനായ മിസ്റ്റർ ജാൺറാസ് ആയിരുന്നു. അദ്ദേഹത്തെ തിരഞ്ഞെടുത്തതു പ്രസിദ്ധനായ മിസ്റ്റർ പൌവ്വൽ ആണെന്നു കേട്ടിട്ടുണ്ട്. അദ്ദേഹംതന്നെയായിരുന്നു കാളേജിൽ ആദ്യപ്രിൻസിപ്പാൾ. ഇദ്ദേഹത്തിന്റെ പ്രധാന സഹായിയായി തത്വശാസ്ത്രവിദഗ്ദ്ധനും, സന്മാർഗ്ഗനിഷ്ഠയുടെ അവതാരമൂർത്തിയും ആയ ഡാക്ടർ ഹാർവ്വിയും ഉണ്ടായിരുന്നു. മററ്റിക്കുലേഷൻ ക്ലാസ്സുമുതൽ മേല്പോട്ട് എല്ലാ ക്ലാസ്സിലും ഇംഗ്ലീഷു മുഴുവനും ഇവർ രണ്ടു പേരുംകൂടിയാണു പഠിപ്പിച്ചുവന്നത്. ചരിത്രവും ഭൂമിശാസ്ത്രവും മിസ്റ്റർ വാസുദേവരായരും കണക്കു സംബന്ധമായ വിഷയങ്ങൾ മിസ്റ്റർ എ. ഗോവിന്ദപ്പിള്ളയും പഠിപ്പിച്ചിരുന്നു. ഈ ലേഖകനു കണക്കുസംബന്ധമായ വിഷയങ്ങളിൽ വാസനകുറഞ്ഞിരുന്നതുകൊണ്ട് അല്പം ബുദ്ധിമുട്ടുണ്ടാകാതിരുന്നില്ല;

മററുള്ള വിഷയങ്ങളിൽ അധികം പ്രയാസം ഒന്നും കൂടാതെയാണു കഴിഞ്ഞതു്. മിസ്റ്റർ റാസിന്റേയും, ഡാക്ടർ ഹാർവിയുടേയും ഇംഗ്ലീഷ്ഭാഷാധ്യാപനത്തിന്റെ പ്രശസ്തമായ രീതിനിമിത്തം അവരുടെ ശിഷ്യന്മാർ മിക്കവരും ഈ വിഷയത്തിൽ ഏറെക്കുറെ സുശിക്ഷിതന്മാരായിരുന്നു. മലയാളഭാഷ അന്നു പഠിപ്പിച്ചുവന്നിരുന്നതു സരസനും, സുമുഖനും, വിദ്വാനും, കേരളകൌമുദിയുടെ കർത്താവുമായിരുന്ന കോവുണ്ണിനെടുങ്ങാടിയായിരുന്നു. ഈ ക്ലാസിൽ ഈ ലേഖനകർത്താവിന്റെ സബ്രഹ്മചാരികളായി അനേകംപേരുടെ കൂട്ടത്തിൽ, മിസ്റ്റർ സി. വി. രാമൻപിള്ള, മിസ്റ്റർ പി. രാമകൃഷ്ണയ്യർ, മിസ്റ്റർ ടി. ആർ. അനന്തൻപിള്ള, മിസ്റ്റർ ലെബ്ഷെഡിയ, മിസ്റ്റർ സ്റ്റോഫീൽഡ് എന്നിവരും ഉണ്ടായിരുന്നു. മെട്രിക്യുലേഷൻ ജയിച്ചു് [illegible] കൊല്ലം എഫ്. എ. ക്ലാസിലേക്കു കടന്നു. അവിടെ മുൻപറഞ്ഞവരെക്കൂടാതെ, മിസ്റ്റർ കെ. വി. ശങ്കരമേനവനും, മിസ്റ്റർ മുത്തുകുമാരസ്വാമിപ്പിള്ളയും സബ്രഹ്മചാരികളായിവന്നുകൂടി. മിസ്റ്റർ ഗോവിന്ദപ്പിള്ള, മുൻസീഫ് വേലയിൽ പ്രവേശിച്ചതിനുപകരം കണക്കസംബന്ധമായ വിഷയങ്ങൾ പഠിപ്പിക്കാൻ മിസ്റ്റർ രങ്കറാവു നിയമിക്കപ്പെട്ടു. ഇംഗ്ലീഷ് പഠിപ്പിക്കുന്നതിലേക്കായി മിസ്റ്റർ ഷെപ്പേഡ് എന്നൊരാളെ പുതുതായി വരുത്തിയിരുന്നു. അദ്ദേഹം പ്രസിഡൻസിയിൽ ഒന്നാമനായി ബി. എ. ജയിച്ച ഒരാളായിരുന്നുവത്രെ. എങ്കിലും ഇംഗ്ലീഷിൽ പ്രധാനഭാഗം മുഴുവനും മിസ്റ്റർ റാസ്സും ഡാക്ടർ ഹാർവിയും തന്നെ പഠിപ്പിച്ചുവന്നു. മിസ്റ്റർ ഷെപ്പേഡ് ചെറുപ്പക്കാരനായിരുന്നുവെങ്കിലും ഭാഷാവിഷയത്തിൽ വളരെ നിപുണനായിരുന്നു. കൂടാതെ, കാഴ്ചയിൽ സുമുഖനും സ്വഭാവത്തിൽ സൌമ്യനും ആയിരുന്നു. ഇദ്ദേഹമാണു സാമാന്യഭാഷ പഠിപ്പിച്ചുവന്നതു്. മിസ്റ്റർ റാസ്സും, ഡാക്ടർ ഹാർവിയും ഇംഗ്ലീഷു പഠിപ്പിക്കുന്ന രീതി ഒന്നു പ്രത്യേകംതന്നെയായിരുന്നു. ക്ലാസിൽ ഒരാളെവിളിച്ചു് ഏതാനും വരികൾ വായിപ്പിക്കുകയും, അതിനെ സംബന്ധിച്ചുള്ള സകല ചോദ്യങ്ങൾക്കും ഉത്തരം പറയിപ്പിക്കുകയും, തെററുകളെല്ലാം തിരുത്തിക്കൊടുക്കുകയും, മററുള്ളവർക്കു സംശയം ഉണ്ടെങ്കിൽ അതു തീർക്കുകയും ചെയ്യുവരികയാണു പതിവ്. എന്നാൽ ഇയാൾ ശരിയായി തയാറായിട്ടില്ലെന്നു കണ്ടാൽ അയാളോടുള്ള അതൃപ്തിയെ ഭാവഭേദംകൊണ്ടു പ്രദർശിപ്പിക്കുകയും ആളെ വാങ്മൂലം ശാസിക്കുകയും ചെയ്യാറുണ്ടു്. ഡാക്ടർ ഹാർവ്വി ഇതിലേക്കു് ഒരു റജിസ്റ്റർ വച്ചുകയും അതിൽ ചില അടയാളംകൊണ്ടു് അഭിപ്രായം രേഖപ്പെടുത്തു

കയും ചെയ്തുവന്നു. ഇതിനു "വിധിപ്പുസ്തകം" എന്ന പേരാണു വിദ്യാൎത്ഥികൾ കൊടുത്തിരുന്നതു്. അദ്ദേഹം ഈ പുസ്തകത്തെ ആസ്പദമാക്കിയാണു വിദ്യാൎത്ഥികൾക്കു സൎട്ടിഫിക്കേറ്റുകൾ സാധാരണ കൊടുത്തുവന്നതു്. എന്നാൽ മിസ്റ്റർ റാസിനു് ഇപ്രകാരമൊന്നും വേണ്ടിയിരുന്നില്ല. അദ്ദേഹത്തിനു മനുഷ്യരുടെ സ്വഭാവത്തേയും ബുദ്ധിശക്തിയേയും എളുപ്പം ഗ്രഹിക്കുന്നതിനു് അസാധാരണ വൈഭവം ഉണ്ടായിരുന്നു. തന്റെ ശിഷ്യരിൽ ഉൾപ്പെട്ട ഓരോരുത്തരുടേയും ഗുണദോഷങ്ങൾ അദ്ദേഹത്തിന്റെ ഹൃദയാന്തൎഭാഗത്തിൽ രേഖപ്പെടുത്തപ്പെട്ടിരുന്നു. അദ്ദേഹം വളരെ ദയാശീലനും, അതിയായ ശിഷ്യവാത്സല്യമുള്ള ആളും ആയിരുന്നു. ഡാക്ടർ ഹാർവി ചിലപ്പോൾ ആളുകളെ തെറ്റിദ്ധരിച്ചു എന്നും വന്നേക്കാം. പക്ഷേ, വാസ്തവമന്വേഷിച്ചറിയുമ്പോൾ തെറ്റു സമ്മതിക്കുകയും അഭിപ്രായം ഭേദപ്പെടുത്തുകയും സാധാരണയായിരുന്നു. ഇദ്ദേഹം നിഷ്കളങ്കനും, ദാക്ഷിണ്യവാനും, എല്ലാ വിഷയത്തിലും കണിശക്കാരനും, നീതിജ്ഞനും, ശാന്തനും ആയിരുന്നു. മിസ്റ്റർ റാസിന്റെ വാക്സരണി ഏററവും സരളവും മിസ്റ്റർ ഹാർവിയുടെ ഭാഷാരീതി ഏറെക്കുറെ ഗംഭീരവുമായിരുന്നു. ഈ ലേഖകൻ മിസ്റ്റർ റാസിന്റെ ഭാഷാരീതിയെയാണു് മാതൃകയാക്കി സ്വീകരിച്ചതു്. അന്നു് മേൽക്ലാസുകളിലെ വിദ്യാൎത്ഥികളിൽ, മെസ്സേഴ്സ് സി. കൃഷ്ണപിള്ള, ബെൻസിലി, പത്മനാഭയ്യർ, കാരക്കാട്ട് നാരായണമേനോൻ, സുന്ദരംപിള്ള, രാമക്കുറുപ്പ്, രാമലിംഗയ്യർ, വള്ളിയാനന്ദമുതലിയാർ, പി. താണുപിള്ള, എം. കൃഷ്ണപിള്ള, പള്ളിയിൽ ഗോപാലമേനോൻ മുതലായവർ പ്രധാനന്മാരായിരുന്നു. എഫെക്ലാസിൽവച്ചു് മിസ്റ്റർ മുത്തുകുമാരസ്വാമിപ്പിള്ളയും ഈ ലേഖകന്റെ സബ്രഹ്മചാരിയായിത്തീൎന്നു. എഫ്. ഏ. ക്ലാസ്സുമുതല്ക്കു് കണക്കുസംബന്ധമായ വിഷയങ്ങൾ മിക്കവയും മിസ്റ്റർ റാസ്സുതന്നെയാണു് പഠിപ്പിച്ചുവന്നതു്. അന്നു് "ഐച്ഛികവിഷയ"മെന്നൊന്നുമില്ലായിരുന്നു. എല്ലാ വിഷയങ്ങളും നിർബ്ബന്ധിതങ്ങളായിട്ടാണിരുന്നതു്. തത്വശാസ്ത്രം മുതലായവയിൽ ഡാക്ടർ ഹാർവിയും ഇംഗ്ലീഷിൽ രണ്ടുപേരുംകൂടിയുമാണു് അദ്ധ്യാപനം നടത്തിയിരുന്നതു്. മിസ്റ്റർ സുന്ദരംപിള്ള ജയിച്ചുവന്നതിൽപിന്നെ ചരിത്രവും, തത്വശാസ്ത്രത്തിൽ ഏതാനും ചിലതും അദ്ദേഹവും പഠിപ്പിച്ചുവന്നു. അക്കാലത്തു് ആണ്ടിലൊരിക്കൽ കലാലയത്തിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു് സപരിവാരം എഴുന്നള്ളി സമ്മാനദാനം നടത്താറുണ്ടു്. ഒരിക്കൽ യുവരാജാവായ വിശാഖംതിരുനാൾ തിരുമനസ്സുകൊണ്ടും നടത്തിയിട്ടുണ്ടു്. ഈ ലേഖകനു് എല്ലാ ക്ലാസ്സുകളിലും സമ്മാനം ലഭിക്കുന്നതിനു് ഇടയായായിട്ടുണ്ടു്. ഈ ലേഖകന്റെ സബ്രഹ്മചാരികളിൽ മിസ്റ്റർ ലബ്ഷഡിയരും ഒരു മിസ്റ്റർ അപ്പാത്തുരയ്യരും മാത്രമേ ജീവിച്ചിരിക്കുന്നതായി അറിവുള്ളൂ. മിസ്റ്റർ ലബ്ഷെഡിയർ ലേഖകന്റെ ഒരു പ്രിയസുഹൃത്തായിരുന്നു. ഇദ്ദേഹ

ത്തിനെ മലയാളവിഷയത്തിൽ ഈ ലേഖകൻ വളരെ സഹായിച്ചുംവന്നു. സായിപ്പു മിക്കപ്പോഴും ചിന്താമഗ്നനായിട്ടാണ് ക്ലാസ്സിൽ കാണപ്പെടാറുള്ളതു്. മിസ്റ്റർ സി. വി. രാമൻപിള്ള അവസരംകിട്ടുമ്പോളൊക്കെയും ആട്ടക്കഥകളിലെ പദങ്ങളും ശ്ലോകങ്ങളും ചൊല്ലി എല്ലാവരേയും രസിപ്പിക്കുക പതിവാണ്. ഇദ്ദേഹം അക്കാലത്തുതന്നെ ആഖ്യായികാനിൎമ്മാണത്തിനുവേണ്ട സാമഗ്രികൾ സമ്പാദിച്ചുതുടങ്ങീട്ടുണ്ടായിരുന്നെന്നു തോന്നുന്നു. മിസ്റ്റർ മുത്തുകുമാരസ്വാമിപ്പിള്ള സംഗീതത്തിൽ വലിയ വാസനയുള്ള ആളും എല്ലാവിഷയങ്ങളിലും ഒരുപോലെ വിദഗ്ദ്ധനുമായിരുന്നു. ഈ ലേഖകൻ അധികം സംസാരിക്കാറില്ലാത്തതിനാൽ "മുനി" എന്നാണ് മിസ്റ്റർ ലബ്ഷെഡിയർ പേരിട്ടിരുന്നതു്. അദ്ധ്യയനസമയം കഴിഞ്ഞും കൂട്ടർ ചിലപ്പോൾ കാളേജിൽതന്നെ ഇരുന്നു വായിക്കുന്നതു പതിവായിരുന്നു. ഈ സമയത്താണ് ഓരോരുത്തരുടെയും പ്രതിഭാവിലാസവുംമററും പ്രകടിപ്പിക്കപ്പെടുന്നതു്. അന്ന് കാളേജ്വളപ്പിൽ അധികം വൃക്ഷങ്ങൾ ഇല്ലാതിരുന്നു. എന്നാൽ പ്രസൃതതരങ്ങളായ ശാഖകളോടുകൂടിയ ഒരു പ്ലാവുണ്ടായിരുന്നു. ഇതിൻെറ സച്ഛായവും ശഷ്പരമണീയവുമായ ചുവട് വിശ്രമാവസരത്തിൽ വിദ്യാൎത്ഥികളുടെ സങ്കേതസ്ഥാനമായിരുന്നു. ഇതു ഈ കലാലയത്തെപ്പോലെ ആണ്ടുതോറും അനേകം സൽഫലങ്ങളെ പ്രദാനംചെയ്തുവന്നു. ഈ വൃക്ഷം ഇപ്പോൾ ഉണ്ടോ എന്നു ലേഖകനു നിശ്ചയമില്ല. എന്നാൽ അതു അനേകം വിദ്യാൎത്ഥികൾക്കു അഭയദാനം ചെയ്തു സഹായിച്ച ഒരു സഖാവാകകൊണ്ടു അതും കൃതജ്ഞതാപൂൎവ്വമായ സ്മരണക്കു അൎഹതയുള്ള ഒന്നാകുന്നു. ഇനിയും അനേകം കഥകൾ പറവാനുണ്ടെങ്കിലും വിസ്താരഭയംകൊണ്ടു് അവയെ ഇപ്പോൾ വിട്ടുകളയാനേ തരമുള്ളു. ചിലതൊക്കയും, മനസ്സിൽനിന്നു മാഞ്ഞുപോയിട്ടുമുണ്ട്. 1878-ൽ ഈ ലേഖകൻ ബി. എ. പരീക്ഷയും ജയിച്ച് തൻെറ "ധൎമ്മമാതാവായ" കലാലയത്തെ വിട്ടുപിരിഞ്ഞു് സൎവ്വവും ഗ്രസിക്കാൻഒരുങ്ങി വിവൃതമുഖത്തോടുകൂടിയിരിക്കുന്ന ലോകത്തിൻെറ വക്ത്രത്തിലേക്ക് കാൽ വച്ചു. അവിടത്തെ കഥയൊന്നും ഇവിടെ പറയേണ്ട ആവശ്യമില്ലല്ലൊ. പറഞ്ഞാൽ അവസാനിക്കയുമില്ല. ഒന്നു പറയാം; കാളേജിൽനിന്നും സമ്പാദിച്ചുകൊണ്ടുപോന്ന ആദൎശങ്ങൾക്കൊന്നിനും ഇവിടെ വലിയ വിലയൊന്നും ഉണ്ടായിരുന്നില്ല. അതു് സ്വാഭാവികമാണല്ലൊ. പ്രമാണവും പ്രയോഗവും രണ്ടും വെവ്വേറെയാണല്ലൊ. ലേഖകൻെറ വിദ്യാഭ്യാസസ്മരണകളിൽ മുന്നിട്ടുനിൽക്കുന്നതു് ഈ കലാലയത്തേയും വിശിഷ്ടന്മാരായ ഗുരുനാഥന്മാരേയുംപററിയുള്ളവയാണെന്ന് ഭക്തിപൂൎവ്വം പറഞ്ഞുകൊള്ളുന്നു. ലേഖകൻ കാളേജുവിട്ടു പിരിഞ്ഞെങ്കിലും അതുമായിട്ടുള്ള ബന്ധം ഇന്നും തുടൎന്നുനിൽക്കുന്നുണ്ടെന്നുള്ളതു് ചാരിതാൎത്ഥ്യജനകമായിട്ടുള്ള ഒരു സംഗതിയാണ്. മിസ്റ്റർ റാസ്സും ഡാക്ടർ ഹാർവിയും ഇവിടംവിട്ടുപോയതിൽ

പിന്നെയും ആണ്ടുതോറും ക്രിസ്തുമസ് കാലത്തു ശുഭശംസിയായ ഓരോ സന്ദേശം ശിഷ്യന്മാരുടെ കൂട്ടത്തിൽ ഈ ലേഖകനും അയച്ചുതരാറുണ്ടു്. മിസ്റ്റർ റാസ് എഡിൻബറൊ പട്ടണത്തിൽ ഒരു ഗൃഹം പണി കഴിപ്പിച്ച് അതിനു തന്റെ ജോലിസ്ഥലത്തെ സ്മരിക്കുന്നതിനായി "കേരളസൗഖ്യം" എന്നു പേരു നല്കിയിരുന്നു. തന്റെ ജീവിതത്തെ രൂപവൽക്കരിക്കുന്നതിന് ഹേതുഭൂതമായ ഈ വിശിഷ്ടകലാലയം മേൽക്കുമേൽ അഭിവൃദ്ധിയെ പ്രാപിച്ചു ഇനിയും ദീർഘകാലം വർത്തിക്കട്ടെ എന്നു മാത്രമെ ഈ ലേഖകനു ഇനി പ്രാർത്ഥിക്കുവാനുള്ളു.

---

# സുരേന്ദ്രനാഥബാനർജി.

## III

(സി. ജി. അനന്തൻപിള്ള ബി. എ.)

നഗരവാസമാണു സുഖകരമെന്ന് ഒരു കൂട്ടരും ഗ്രാമവാസമാണു സുഖകരമെന്നു മറ്റൊരു കൂട്ടരും മുറവിളി കൂട്ടുന്നുണ്ടു്. എന്നാൽ ആരോഗ്യസംരക്ഷണത്തെ സംബന്ധിച്ചിടത്തോളം ഗ്രാമവാസമാണ് ഉത്തമമെന്ന് ഇരുകൂട്ടരും സമ്മതിക്കുന്നുമുണ്ടു്. പട്ടണങ്ങളിൽ താമസിച്ചു ആരോഗ്യഹാനി സംഭവിച്ചു പലരും വീണ്ടും ആരോഗ്യസമ്പാദനത്തിനായി നാട്ടുംപുറങ്ങളിൽ പോയി കുറച്ചുകാലം താമസിക്കുന്നതു നാം കാണാറുണ്ടല്ലോ. പട്ടണത്തിൽ താമസിക്കുമ്പോൾ ശുചീകരണവിഷയത്തിൽ ഏററവും പ്രത്യേകം ശ്രദ്ധപതിപ്പിക്കേണ്ടതാണ്. സുരേന്ദ്രനാഥൻ കുറെനാൾ കൽക്കട്ട നഗരത്തിൽ താമസിക്കുകയുണ്ടായി. അക്കാലത്തു് അദ്ദേഹം നഗരശുചീകരണം, വിദ്യാഭ്യാസം നഗരഭരണം മുതലായ വിഷയങ്ങളിൽ പ്രത്യേകം ശ്രദ്ധപതിപ്പിച്ചിരുന്നു എന്നു പറയേണ്ട ആവശ്യമില്ല. ഈ ചരിത്രം അവസാനിപ്പിക്കുന്നതിനുമുമ്പായി അദ്ദേഹത്തിന്റെ പട്ടണജീവിതത്തേയും നിയമനിർമ്മാണസാമാജികചരിത്രത്തേയും പററി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. സുരേന്ദ്രൻ മുനിസിപ്പൽ കാര്യങ്ങളിൽ നല്ലവണ്ണം ശ്രദ്ധിച്ചിരുന്നു. 1876-ൽ കൽക്കത്ത കോർപറേഷനിലെ ഒരംഗമായി അദ്ദേഹത്തെ തിരഞ്ഞെടുത്തു. അന്നുമുതൽ ഇരുപത്തിമൂന്നു കൊല്ലത്തോളം അദ്ദേഹം സമർത്ഥനും ശേഷിമാനുമായ ഒരംഗമായി ശോഭിച്ചു. ശക്തിമത്തായ എതിരുണ്ടായിരുന്നിട്ടും പാസാക്കപ്പെട്ട (അംഗീകരിക്കപ്പെട്ട) പുതിയ മുൻസിപ്പൽനിയമത്തിന്റെ പ്രതിഷേധമായി 1899-ൽ അദ്ദേഹം തന്റെ സാമാജികസ്ഥാനം രാജിവച്ചു.

1893-ൽ പരിഷ്കരിച്ച നിയമനിർമ്മാണസഭകളിൽ ആദ്യമായി സാമാജികസ്ഥാനം സിദ്ധിച്ചവരിൽ ഒരാൾ സുരേന്ദ്രനാണ്. 1898-ൽ പ്ര

സിഡൻസി വിഭജനത്തിനായി ഡിസ്ട്രിക്ട് ബോർഡ് അദ്ദേഹത്തെ തിരഞ്ഞെടുത്തു. 1900-ത്തിൽ ഡിസ്ട്രിക്ട് ബോർഡിനു ഒരു പ്രതിനിധിയെ അയക്കേണ്ട അവകാശമില്ലാതിരുന്നിട്ടും സുരേന്ദ്രനാഥന്റെ രാജ്യസേവനത്തെ നല്ലപോലെ വിലമതിച്ചിരുന്ന സർ ജാൺ ഉഡ്ബേൺ ബോർഡിനു കൊടുത്ത പ്രത്യേക അവകാശഫലമായി നിയമനിർമ്മാണസഭയിൽ ഹാജരാക്കിയിരുന്ന മുനിസിപ്പൽ ബില്ലിനെപ്പററിയുള്ള വാദപ്രതിവാദത്തിനായി വീണ്ടും സുരേന്ദ്രനാഥനെ തിരഞ്ഞെടുത്തു. 1895-ലെ ശുദ്ധീകരണനിയമം നടപ്പിൽവരുത്തുന്നതിനു ഹേതുഭൂതൻ അദ്ദേഹമായിരുന്നു. എന്നാൽ കൽക്കത്ത മുനിസിപ്പൽ നിയമത്തോടുള്ള അദ്ദേഹത്തിന്റെ പ്രാതികൂല്യം നിഷ്ഫലമായതേയുള്ളു. രണ്ടുതവണ അദ്ദേഹം സാമ്രാജ്യനിയമനിർമ്മാണസഭാസാമാജികനായി നില്ക്കുകയും രണ്ടുപ്രാവശ്യവും പരാജിതനാവുകയും ചെയ്തു. മൂന്നാമത്തെ പ്രാവശ്യം അദ്ദേഹത്തിന്റെ ശ്രമം ഫലിക്കയും തന്റെ ഉദ്യോഗകാലാവസാനംവരെ അഭിമാനകരമാംവണ്ണം സേവനംചെയ്യുകയും ചെയ്തു.

യൗവ്വനകാലം മുതല്ക്കുതന്നെ "ഐക്യഭാരതം" എന്ന ആദർശത്തെ മുൻനിറുത്തി സുരേന്ദ്രനാഥൻ പ്രസംഗിച്ചുതുടങ്ങി. മററാരു നേതാവിന്റെ പ്രസംഗങ്ങളിലാകട്ടെ ലേഖനങ്ങളിലാകട്ടെ ഈ ആദർശം ഇത്ര വ്യക്തമായി കാണുകയില്ല.

സുരേന്ദ്രനാഥന്റെ ആദ്യപ്രസംഗങ്ങൾ അദ്ദേഹത്തിന്റെ രാഷ്ട്രീയാദർശങ്ങൾക്ക് ഒരു ആദ്ധ്യാത്മികമായ അടിസ്ഥാനമുണ്ടെന്നു വെളിവാക്കുന്നുണ്ട്. അതിനാലാണ് ബാല്യകാലത്തിൽ അദ്ദേഹം ബുദ്ധൻ, ചൈതന്യൻ, സിക്കുഗുരുക്കന്മാർ മുതലായവരെപ്പററി പ്രസംഗിച്ചത്. ബ്രഹ്മസമാജക്കാരുടെ പ്രവൃത്തികളെ അദ്ദേഹം അഭിനന്ദിച്ചിരുന്നു.

സുരേന്ദ്രൻ ഒരു വലിയ പ്രാസംഗികനായിരുന്നു എന്ന് എല്ലാവർക്കും അറിയാമല്ലോ. ആ തരത്തിൽ പ്രസംഗിക്കുന്നവർ ഇപ്പോളില്ല. ആ തരം പ്രസംഗത്തിൽ അദ്ദേഹത്തെ ജയിക്കുവാനോ അദ്ദേഹത്തോടു തുല്യമാകാനോ ഭാരതത്തിൽ ആരുമില്ല. വാർദ്ധക്യാരംഭത്തോടുകൂടി സുരേന്ദ്രനാഥന്റെ ശബ്ദശക്തി ക്ഷയിച്ചു. അതുകൊണ്ട് അദ്ദേഹത്തിന്റെ യൗവ്വനകാലത്തെ പ്രസംഗങ്ങൾ കേട്ടിട്ടുള്ളവർക്കു മാത്രമേ പ്രസംഗത്തിന്റെ ഗുണത്തെപ്പററി വിധി കല്പിക്കാവൂ.

ആശ്ചര്യജനകവും അഭൂതപൂർവ്വവുമായ ഓർമ്മശക്തി അദ്ദേഹത്തിനുണ്ടായിരുന്നു. കാൺഗ്രസ്സ് അദ്ധ്യക്ഷപീഠങ്ങളിൽനിന്നു ചെയ്തിട്ടുള്ള ദീർഘങ്ങളായ പ്രസംഗങ്ങളുടെ മദ്ധ്യേ സുരേന്ദ്രനാഥൻ, പ്രസംഗം അച്ചടിച്ചിരുന്ന കടലാസിൽ ഒരിക്കൽപോലും നോക്കിയിട്ടില്ലെന്നറിയുമ്പോൾ അദ്ദേഹത്തിന്റെ ഓർമ്മശക്തിയെപ്പററി നമുക്കുതന്നെ ആശ്ചര്യം തോന്നുന്നില്ലേ? ബങ്കാളിയുടെ പത്രാധിപരായിരുന്ന കാലത്ത്, അദ്ദേഹം ചെയ്തിട്ടു

ള്ളതോ, ചെയ്യാൻ ഭാവിക്കുന്നതോ ആയ ചില പ്രസംഗങ്ങൾ മുഴുവനും യാതൊരു വ്യത്യാസവുംകൂടാതെ ആ ആപ്പീസിലെ കീഴുദ്യോഗസ്ഥനു പറഞ്ഞുകൊടുക്കാറുണ്ടായിരുന്നു. പത്രാധിപലേഖനങ്ങളുടെ വാക്യരീതിയും പ്രസംഗരീതിതന്നെയായിരുന്നു.

നിസ്സാരകാര്യങ്ങളിലൊ കൃത്രിമങ്ങളിലൊ സുരേന്ദ്രനാഥൻ ഏർപ്പെട്ടിരുന്നില്ല. പ്രാധാന്യമേറിയ കാര്യങ്ങളിൽ അദ്ദേഹം പ്രവേശിക്കുകയും തന്റെ ശേഷിക്കുതക്കവണ്ണം വിജയം സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്.

സുരേന്ദ്രനാഥന് അസൂയയൊ പരനിന്ദയൊ ഉണ്ടായിരുന്നില്ല. അദ്ദേഹത്തെ ഉപദ്രവിക്കുന്നതിന്നോ, അദ്ദേഹത്തിനു ദുഷ്കീർത്തിയുണ്ടാക്കുന്നതിന്നോ വേണ്ടി തന്റെ ശത്രുക്കൾ പ്രവർത്തിച്ചിട്ടുള്ള സാഹസകൃത്യങ്ങളെ അദ്ദേഹം എളുപ്പത്തിൽ ക്ഷമിക്കും. അദ്ദേഹത്തെ വേഗത്തിൽ ശാന്തനാക്കാം. ഒരിക്കൽ ഉൽപതിഷ്ണുനേതാവായ ഉപാദ്ധ്യായബ്രഹ്മബാന്ധവൻ ഒരു പൊതുയോഗത്തിൽ അദ്ധ്യക്ഷം വഹിക്കണമെന്ന് അദ്ദേഹത്തോട് ആവശ്യപ്പെട്ടു. അയാൾ അവസരം ലഭിച്ചിട്ടുള്ളപ്പോഴെല്ലാം സുരേന്ദ്രനാഥനെ ആക്ഷേപിക്കാറുണ്ടായിരുന്നു. നിഷ്ഠുരങ്ങളായ വാക്കുകൾ അദ്ദേഹത്തിന്റെ തലയിൽ വർഷിച്ചിരുന്നു. "ഭവാനി, എന്നെ ദുഷിക്കയും നിന്ദിക്കയും ചെയ്യുന്ന നിങ്ങൾ അതേസമയത്തുതന്നെ എന്റെ അടുത്തു വന്ന് ഒരു പൊതുയോഗത്തിൽ അദ്ധ്യക്ഷം വഹിക്കണമെന്നു പറയുന്നതിന്റെ അർത്ഥമെന്താണ്?" എന്നു സുരേന്ദ്രനാഥൻ ചോദിച്ചു. "സർ, നിന്ദിക്കുന്നതിന് അവിടത്തെപ്പോലെ യോഗ്യനായ വേറെ ഒരാൾ ബങ്കാളത്തിൽ ആരാണ്? വരുന്ന യോഗത്തിൽ അദ്ധ്യക്ഷം വഹിക്കുവാൻ അവിടത്തെപ്പോലെ യോഗ്യനായ മറെറാരാൾ ബങ്കാളത്തിൽ എവിടെയുണ്ട്" എന്നാണ് അയാൾ മറുപടി പറഞ്ഞത്. സുരേന്ദ്രനാഥൻ പുഞ്ചിരിതൂകി അദ്ധ്യക്ഷം വഹിക്കാമെന്നു സമ്മതിച്ചു.

ബങ്കാളത്തിൽ വളരെനാളത്തേക്കു സുരേന്ദ്രനാഥൻ ഏർപ്പെടാത്ത യാതൊരു രാഷ്ട്രീയകാര്യങ്ങളും പൊതുജനങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചിരുന്നില്ല. അദ്ദേഹം ഒരു ഉൽപതിഷ്ണുവൊ വിപ്ലവകാരിയൊ ആയിരുന്നില്ല. ഉൽപതിഷ്ണുക്കളെ‍ാ വിപ്ലവകാരികളൊ നിരാശരായൊ അബദ്ധത്തിൽ പെട്ടവരായൊ കാണുമ്പോൾ അവരെ സഹായിക്കുവാൻ അദ്ദേഹം തീരെ മടിച്ചിരുന്നുമില്ല.

ജീവിതകാലം മുഴുവനും നിയമാനുസൃതമായ പ്രക്ഷോഭണം നടത്തുവാനാണ് അദ്ദേഹം ശ്രമിച്ചത്. എന്നാൽ അദ്ദേഹം നടത്തിയ നിയമാനുസൃതമായ ചില പ്രക്ഷോഭണങ്ങൾ പരിധിയെ ലംഘിച്ചിട്ടുണ്ട്. അദ്ദേഹവും കൂട്ടുകാരും കൽക്കത്ത മുനിസപ്പൽ കാർപ്പറേഷനിൽനിന്നും പ്രതിഷേധസൂചകമായി സാമാജികസ്ഥാനം രാജികൊടുത്തതു നോക്കുക! ബ

ങ്കാൾവിഭജനകാലത്തു് അദ്ദേഹവും കൂട്ടുകാരും ഒരായുധമായി ബ്രിട്ടീഷ് സാമാനബഹിഷ്കരണനയം പ്രയോഗിച്ചതു നോക്കുക! മജിസ്ട്രേററു എമേഴ്സൻെറ കല്പനയെ ലംഘിച്ചു വന്ദേമാതരഗാനവും പാടി ബാരിസാൾ യോഗപ്പന്തലിലേക്കു ബങ്കാൾപ്രതിനിധികൾ ഘോഷയാത്രയായി പോയിയതും, യോഗത്തെ പോലീസുകാർ പിരിച്ചയച്ചതും, എമേഴ്സൻെറ സന്നിധിയിൽ സുരേന്ദ്രനാഥനെ കൊണ്ടുവന്നതും നോക്കുക! ഇവ നിയമലംഘനങ്ങളല്ലേ? യഥാൎത്ഥത്തിൽ സുരേന്ദ്രനാഥൻ ഒരു അഹിംസകനോ അക്രമരഹിതനോ ആയിരുന്നില്ല. ആധുനിക ഐക്യ ഇററലിയുടെ സ്ഥാപകന്മാരായ മാസ്സിനി, ഗാരിബാൾഡി, കാവർ * എന്നിവരെ ഹൃദയംഗമമായി അഭിനന്ദിക്കുകയും, അവരുടെ ആദൎശങ്ങളേയും മാതൃകകളേയും പററി പ്രസംഗിക്കുകയും ചെയ്തിരുന്ന ഒരാൾ അക്രമരഹിതനോ, നിയമാനുസൃതമായ പ്രക്ഷോഭകനോ അല്ലല്ലോ. തല്ക്കാലനിലയിൽ സമാധാനപരമായ മാൎഗ്ഗങ്ങളിൽക്കൂടി ഭാരതീയസ്വാതന്ത്ര്യം—നേടണമെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം.

കോട്ട്പമാനക്കുററത്തിനു ജയിലിൽപോയ കാലത്തു് അദ്ദേഹത്തിൻെറ സ്വാധീനശക്തിയും ജനസമ്മതവും അവയുടെ അത്യുച്ചാവസ്ഥയിൽ എത്തിയിരുന്നു. വിസ്താരസമയത്തു് ഹൈക്കോട്ടിലും, കാരാഗൃഹവിമുക്തനാക്കിയ ദിവസം പ്രസിഡൻസി ജയിലിലും അദ്ദേഹത്തിൻെറ ഗൃഹത്തിലും പരിസരപ്രദേശങ്ങളിലുംക്കൂടിയ ജനങ്ങളുടെ സംഖ്യയും അവർ അദ്ദേഹത്തോടു കാണിച്ച സ്നേഹവാത്സല്യബഹുമാനങ്ങളും ബങ്കാൾരാഷ്ട്രീയ ചരിത്രത്തിൽനിന്നു ഒരിക്കലും മാഞ്ഞുപോകുന്നതല്ല. കുററവിസ്താരദിവസം സുരേന്ദ്രനാഥനിൽ ആരോപിച്ചിരുന്ന ഏതു വലിയ പിഴയും കൊടുക്കുവാൻ സന്നദ്ധനായി കുമാരഇന്ദുചന്ദ്രസിന്ന ഒരു വലിയ പണസ്സഞ്ചിയോടുകൂടി കച്ചേരിയിൽ എത്തിയിരുന്നു. എന്നാൽ പിഴശിക്ഷ ഉണ്ടായില്ല. ഇക്കാലത്തു ധനാഢ്യരിൽ ആരുംതന്നെ രാഷ്ട്രീയപ്രവൎത്തകന്മാരെ ഇങ്ങിനെ സഹായിക്കുവാൻ ഇത്ര പരസ്യമായി മുന്നോട്ടിറങ്ങി വരുന്നില്ലെന്നുള്ള സംഗതിയും ഇവിടെ സ്മരണീയമാണു്.

1917-ൻെറ അവസാനത്തോടുകൂടിയുണ്ടായ മൊണ്ടേഗുവിൻെറ ഇൻഡ്യാസന്ദൎശനത്തോടുകൂടി സുരേന്ദ്രനാഥബാനൎജ്ജിയുടെ ജീവിതത്തിൽ ഒരു മാററം ഉണ്ടായി. ഒരു യഥാൎത്ഥദേശഭക്തനെന്നു സൎവ്വസമ്മതനും ബങ്കാൾ വിഭജനപ്രക്ഷോഭനകാലത്തു് ഒരു ഉൽപതിഷ്ണുവെന്നു കീൎത്തിനേടിയവനുമായ ബാനൎജ്ജി ഒരു മിതവാദിയായിത്തീരുകയും മൊണ്ടേഗുവിനു തൻെറ പരിഷ്കാരപദ്ധതികളെ നടപ്പിൽവരുത്തുന്നതിനു വേണ്ട സഹായ

* ഇവരാണു് അടിമത്വം അനുഭവിച്ചിരുന്ന ഇററലിക്കു് പത്തൊൻപതാം നൂററാണ്ടിൽ സ്വാതന്ത്ര്യം നേടിക്കൊടുത്തതു. ഇവരുടെ ചരിത്രം രസാവഹമായിട്ടുള്ളതാണു്.

സഹകരണങ്ങൾ അദ്ദേഹത്തിൽനിന്നും ലഭിക്കുകയും ചെയ്തു. ഉടനെയുള്ള പരിപൂർണ്ണമായ ഉത്തരവാദിത്വസ്വയംഭരണാവശ്യത്തിന് ഒരു ഉപശാന്തിയായി രൂപീകരിച്ച ദ്വിഭരണപ്രസ്ഥാനം ഇൻഡ്യയിലെ കുറെ ആളുകളെ മാത്രമെ തൃപ്തിപ്പെടുത്തിയൊള്ളൂ. മൊണ്ടേഗുവിനെ സഹായിച്ച ആ ചെറിയ മിതവാദിക്കക്ഷിയിലെ രാഷ്ട്രീയപ്രവർത്തകന്മാരിൽ പ്രധാനി സുരേന്ദ്രനാഥനായിരുന്നു. ഒരു രാഷ്ട്രീയകക്ഷിയിൽ ചേർന്നതിനു ശേഷം ഉണ്ടായ പ്രത്യക്ഷഫലം ഇൻഡ്യൻ ദേശീയകാൺഗ്രസ്സിൽനിന്നുമുള്ള ബാനർജ്ജിയുടെ വേർപാടാണ്. അദ്ദേഹം മിതവാദിക്കക്ഷിയുടെ നായകത്വം വഹിച്ചു രണ്ടോ മൂന്നോ മിതവാദിസഭകൾ വിളിച്ചുകൂട്ടി പുതിയ പരിഷ്കാരങ്ങളേയും ഗവമ്മേണ്ടിൻെറ ഭരണനയത്തേയുംപററിയുള്ള തൃപ്തികരമായ അഭിപ്രായം പ്രകാശിപ്പിച്ചു മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ആരംഭിച്ച നിസ്സഹകരണപ്രസ്ഥാനത്തെപ്പററിയുള്ള അവരുടെ വിസമ്മതവും അവർ മിതവാദിസഭകളിൽ പ്രകടിപ്പിച്ചു. പരിഷ്കാരത്തിനു ശേഷം 1920 നവമ്പർമാസത്തിൽ നടന്ന തിരഞ്ഞെടുപ്പിൽ ബാനർജ്ജി ബങ്കാൾ നിയമനിർമ്മാണസഭാസ്ഥാനാർത്ഥിയായിനിന്നു. തിരഞ്ഞെടുപ്പിൽ അദ്ദേഹം വിജയിയാകുകയും വിചാരിച്ചിരുന്നതുപോലെ അദ്ദേഹത്തെ ഗവമ്മേണ്ടിൻെറ കീഴിൽ ഒരു മന്ത്രിയായി നിയമിക്കുകയും ചെയ്തു. മന്ത്രിപദംകൊണ്ടുതന്നെയല്ല 'സർ' സ്ഥാനംകൊണ്ടും ഗവമ്മേണ്ടു ബാനർജ്ജിയോടുള്ള കൃതജ്ഞതയെ പ്രകടിപ്പിച്ചു. തന്മൂലം നാല്പതു കൊല്ലങ്ങൾക്കു മുമ്പു ഗവമ്മേണ്ട് അദ്ദേഹത്തിൽ ആരോപിച്ച ഔദ്യോഗികാക്ഷേപത്തെ തിരിച്ചെടുക്കുകയും മാച്ചുകളയുകയും ചെയ്തു എന്നാണ 'ബങ്കാളി' അഭിപ്രായപ്പെട്ടതു്.

ഏതെല്ലാം തരത്തിലുള്ള മോടിയേറിയ യുക്തിവാദങ്ങളാൽ നാം ചിലപ്പോൾ നമ്മെതന്നെ വഞ്ചിക്കുന്നതിനു ശ്രമിക്കുന്നു.

ഒരു രാഷ്ട്രീയനേതാവിൻെറ ആദർശങ്ങൾ എല്ലാകാലത്തും ജനങ്ങൾക്കു സ്വീകാര്യങ്ങളായി എന്നു വരുകയില്ല. ഒരു വ്യക്തിയുടെ ആദർശങ്ങളുടെ വളർച്ചക്കും സ്വീകാര്യതക്കും ഒരു പരിധിയുണ്ടു്. ജനസമ്മതത്തിനും ഒരു പരിധിയുണ്ടു്. സുരേന്ദ്രനാഥനു ജീവാവസാനംവരെ കാലാനുസൃതമായി ഗമനം ചെയ്യുവാൻ സാധിക്കാതെ വന്നതുകൊണ്ടു് അദ്ദേഹത്തിൻെറ ജീവിതകാലത്തിലെ മഹൽപ്രവൃത്തികളുടേയൊ വിജയങ്ങളുടേയൊ മാഹാത്മ്യവും വിലയും കുറയുന്നതല്ലല്ലൊ. യഥാർത്ഥത്തിൽ അദ്ദേഹത്തിൻെറ എതിരാളികളായ മിക്ക രാഷ്ട്രീയകക്ഷികളിലേയും പ്രധാന അംഗങ്ങൾ സുരേന്ദ്രനാഥൻ കെട്ടി ഉറപ്പിച്ചിട്ടുള്ള അടിത്തറമേൽ പണിയുന്നു എന്നു മാത്രമെയുള്ളൂ എന്ന വാസ്തവതത്വം സമ്മതിച്ചിട്ടുണ്ടു്. അദ്ദേഹത്തിനു ചില ആദർശങ്ങൾ ഉണ്ടായിരുന്നു. തൻെറ സ്വാധീനശക്തി ക്ഷയിക്കുമെന്നൊ, ജനസമ്മതം നശിക്കുമെന്നൊ ഉള്ള ഭീതി അ

ആദൎശങ്ങളെ വിട്ടു പ്രവൎത്തിക്കുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചില്ല. ഒരു രാഷ്ട്രീയപ്രവൎത്തകൻ അഭിപ്രായവ്യത്യാസം പുറപ്പെടുവിച്ചിട്ടുള്ളതുകൊണ്ടോ, പൊതുജനസേവനത്തിൽനിന്നും പിന്മാറിയതുകൊണ്ടോ മുമ്പു ചെയ്തിരുന്ന നന്മകളേയും മഹൽകൃത്യങ്ങളേയും വിസ്മരിച്ചുകൂടാ. "ഭരണപരിഷ്കാരത്തിനുവേണ്ടി ഭാരതീയർ ഇംഗ്ലീഷുകാരോടു കൃതജ്ഞതയുള്ളവരായിരിക്കുമെന്നു ഞാൻ മൊണ്ടേഗുവിനോടു പറഞ്ഞപ്പോൾ രാജ്യതന്ത്രത്തിൽ കൃതജ്ഞതയെന്നൊന്നില്ല—എന്നാണ് അദ്ദേഹം പറഞ്ഞതു്. ഈ വസ്തുത എന്റെ കാൎയ്യത്തിൽതന്നെ എനിക്കിത്ര വേഗം അനുഭവപ്പെടുമെന്ന് അപ്പോൾ ഞാൻ അറിഞ്ഞിരുന്നില്ല." സുരേന്ദ്രനാഥന്റെ ഈ വാക്കുകൾ ജനങ്ങൾ അദ്ദേഹത്തോടു കാണിച്ച കൃതഘ്നതയെ അദ്ദേഹം എങ്ങനെ സഹിച്ചിരുന്നു എന്നു കാണിക്കുന്നുണ്ട്. സുരേന്ദ്രനാഥന്റെ പൊതുജീവിതം ഏകദേശം നാല്പത്തിഅഞ്ചു സംവത്സരത്തോളം ദീൎഘിച്ചതായിരുന്നു. പല വിഷയങ്ങളിലും അദ്ദേഹം അനശ്വരമായ കീൎത്തി സമ്പാദിച്ചു. രാജ്യത്തിന് അവൎണ്ണനീയമായ നന്മ ചെയ്തു. രാഷ്ട്രീയാദൎശത്തെപ്പററിയോ, തൽസമ്പാദനമാൎഗ്ഗത്തെപ്പററിയോ എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നാലും ഭാവിയിലെ ഭാരതദേശത്തിന്റെ സ്ഥാപകന്മാരിൽ മഹനീയമായ ഒരു സ്ഥാനം ബാനൎജ്ജിക്കുണ്ടെന്നുള്ളതിനു രണ്ടു പക്ഷമുണ്ടാകുമെന്നു തോന്നുന്നില്ല.

ഒരു കാലത്തു് സുരേന്ദ്രനാഥന്റെ സവാരിവണ്ടി വലിച്ചുകൊണ്ടു പോയിരുന്നതു ബംഗാളത്തിലെ വിദ്യാൎത്ഥികളായിരുന്നു. അതിൽനിന്നും വിദ്യാൎത്ഥികൾക്ക് അദ്ദേഹത്തോടുണ്ടായിരുന്ന ഭക്തിബഹുമാനാദരങ്ങളെ മനസ്സിലാക്കാം. എന്നാൽ ആ വിദ്യാൎത്ഥികൾതന്നെയാണ് അദ്ദേഹത്തെ പൊതുസ്ഥലങ്ങളിൽ പ്രസംഗിക്കുന്നതിനുകൂടി, പിന്നീടു കൂക്കിവിളി മുതലായതുകൊണ്ട് അനുവദിക്കാതിരുന്നതു്.

ബാനൎജ്ജി ഒരു പുത്രന്റെയും അഞ്ചു പുത്രിമാരുടെയും പിതാവായിരുന്നു. ഒരു പ്രായോഗികസമുദായപരിഷ്കാരിയായിരുന്നതുകൊണ്ട് അദ്ദേഹം പുത്രിമാരെ ശ്രദ്ധാപൂൎവ്വം വിദ്യ അഭ്യസിപ്പിച്ചു. തന്റെ ജോലിനിമിത്തം അദ്ദേഹത്തിനു പലപ്പോഴും കൽക്കത്തയിലേക്കു പോകേണ്ടിയിരുന്നെങ്കിലും ബാനൎജ്ജി കൽക്കത്തക്കു പതിമൂന്നുമയിൽ വടക്കുള്ള ഒരു ഗ്രാമത്തിലാണു താമസിച്ചിരുന്നതു്. ഉദ്യാനങ്ങളോട് അദ്ദേഹത്തിനു പ്രത്യേകം പ്രതിപത്തിയുണ്ടായിരുന്നതുകൊണ്ടു വിശ്രമവേളയിൽ അധികം സമയവും ഗൃഹത്തിനു ചുററുമുള്ള ഉദ്യാനങ്ങളിലാണു ചിലവഴിച്ചിരുന്നതു്. അദ്ദേഹം ദിവസേന കായികാഭ്യാസവും ചെയ്തിരുന്നു.

സുരേന്ദ്രനാഥബാനൎജ്ജി സകല പൊതുകാൎയ്യങ്ങളിലും നിന്നും വിരമിച്ചു് ബാറക്പൂരിയിലുള്ള സ്വഗൃഹത്തിൽ താമസിച്ചുവരികയായിരുന്നു. കഴിഞ്ഞ കൊല്ലം ജൂൺമാസത്തിൽ മഹാത്മജിയുമായുണ്ടായ ആ അവസാ

നക്കൂടിക്കാഴ്ചയിൽ അദ്ദേഹം മഹാത്മജിയോടു പറഞ്ഞതെന്തെന്നുകൂടി രേഖപ്പെടുത്തിയിട്ടു് ഈ ജീവചരിത്രം അവസാനിപ്പിച്ചേക്കാം. അദ്ദേഹം വിദ്യാസാഗരന്റെ കക്ഷിയിൽപെട്ടവനാണെന്നും ഇനിയും പതിന്നാലു കൊല്ലം ജീവിച്ചിരിക്കുമെന്നും ശേഷിപ്പുള്ള ജീവിതകാലം ഭാരതത്തിലെ വിധവകളുടെ ശ്രേയസ്സിന്നായി പരിശ്രമിക്കുമെന്നും മഹാത്മജിയോടു പറയുകയുണ്ടായി. അപ്രതീക്ഷിതമായുണ്ടായ ഇൻഫ്ളുവെൻസ് നിമിത്തം ആഗസ്റ്റ് ആറാം തിയ്യതി (1925) അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹത്തോടു നമുക്കുള്ള സ്നേഹബഹുമാനാദരങ്ങളെ പ്രദർശിപ്പിക്കുന്നതിനുള്ള ഉത്തമമാർഗ്ഗം ഭാരതത്തിലെ വിധവകളുടെ ക്ഷേമത്തിനുവേണ്ടി അത്യാന്തപരിശ്രമം ചെയ്തു് അദ്ദേഹത്തിന്റെ ആ ആഗ്രഹത്തെ നിറവേറ്റുകയാണു്. ജനസ്വാധീനംകൊണ്ടു ബങ്കാളത്തിലെ "കിരീടമണിയാത്ത രാജാവു" എന്നും പൌരുഷം ധൈര്യം മുതലായവകൊണ്ടു "വംഗകേസരി" യെന്നും അദ്ധ്യാപകവൃത്തിയിലുള്ള അസാധാരണസാമർത്ഥ്യംകൊണ്ടു "ബംഗാളിലെ ആർനോൾഡു്" എന്നും ബാനർജ്ജി കേൾവികേട്ടിരുന്നു. അന്ത്യകാലത്തു് അദ്ദേഹം എഴുതിയിട്ടുള്ള തന്റെ സ്മരണകൾ ഏതു ഭാരതീയനും വിശിഷ്യാ രാഷ്ട്രീയബോധത്തിന്റെയോ സ്വാതന്ത്ര്യബോധത്തിന്റെയോ പ്രഥമപാഠംപോലും ഗ്രഹിച്ചിട്ടില്ലാത്ത കേരളത്തിലെ എല്ലാ ജനങ്ങളും— വാങ്ങി പാരായണം ചെയ്യേണ്ടതാണു്.

# ടി. ടി. സി. സാഹ്യങ്ങൾ

(ഞങ്ങൾ)

## ചരിത്രപാഠങ്ങളിൽ സ്ഥലകാലങ്ങൾക്കുള്ള പ്രാധാന്യവും അവയെ പഠിപ്പിക്കേണ്ട വിധവും.

ഏതു വിഷയമായാലും പഠിച്ചു എന്നു പറയണമെങ്കിൽ അതിന്റെ സ്വരൂപജ്ഞാനമുണ്ടാകണം. അതിലെയുള്ള സംഗതികളെ അവ നടന്ന കാലത്തു നടന്ന സ്ഥലത്തുവച്ചു കണ്ടതുകൊണ്ടുണ്ടാകുന്ന പോലെയുള്ള ജ്ഞാനം ലഭിക്കണം. ഇതിനാലാണു ചരിത്രസംഗതികൾ പഠിപ്പിക്കുമ്പോൾ, സ്ഥലകാലങ്ങൾക്കു പ്രാധാന്യം കല്പിച്ചിട്ടുള്ളതു്. ഒരു സ്ഥലത്തുവച്ചു നടന്ന സംഭവം ഇതരദിക്കിലായാൽ അതേമാതിരി നടക്കാതെ വരുന്നതുമാണു്. അപ്രകാരംതന്നെ സംഗതികളുടെ ഗതി, കാലത്തെ അവലംബിച്ചും വ്യത്യാസപ്പെടാം. ദേശകാലങ്ങൾ സംഭവഗതികളെ നിയന്ത്രിക്കുന്ന കടിഞ്ഞാണാകുന്നു. ശ്രീബുദ്ധമുനി, പുതിയമതം നിർമ്മിക്കുന്നതിനു പ്രാപ്തനായി. ആചാര്യസ്വാമി, സനാതനമതത്തെ പുനരുദ്ധാരണം ചെയ്തു. അല്ലാവുദീൻ ചിറ്റൂർകോട്ട പിടിച്ചു. മാർത്താണ്ഡവർമ്മമഹാരാജാ

വു്, തിരുവിതാംകൂറിനെ വിസ്തൃതമാക്കി. ഇതെല്ലാം ദേശകാലങ്ങളുടെ ആനുകൂല്യംകൊണ്ടു് ആ മഹാന്മാർ സാധിച്ചു. അതുകൊണ്ടു ദേശകാലങ്ങളെക്കുറിച്ചുള്ള ശരിയായ ജ്ഞാനം ചരിത്രവിദ്യാർത്ഥികൾക്കുണ്ടാക്കേണ്ടതിന് അദ്ധ്യാപകന്മാർ ജാഗരൂകന്മാരായിരിക്കേണ്ടതാകുന്നു.

സ്ഥലനിർണ്ണയംകൊണ്ടു ദേശജ്ഞാനവും, ആണ്ടു് ഗണിക്കുന്നതുകൊണ്ടു കാലജ്ഞാനവും വന്നുപോയെന്നു കരുതുന്നുവെങ്കിൽ അതു വെറും അന്ധാളിപ്പാണ്. പാനിപ്പട്ടു യുദ്ധത്തെക്കുറിച്ചു് പഠിപ്പിക്കുമ്പോൾ ആ സ്ഥലം പടത്തിൽ നിർദ്ദേശിച്ചു കൊടുക്കുകയും, യുദ്ധം നടന്ന ആണ്ടു ബോർഡിൽകുറിച്ചു പറയിക്കയും, നോട്ടെടപ്പിക്കയും ചെയ്യുതുകൊണ്ടു് ദേശകാലജ്ഞാനം ലഭിച്ചു എന്നു കരുതുന്നതു് ഒരുവക അന്ധാളിപ്പെന്നാണു് ഈ ലേഖകന്റെ അഭിപ്രായം. സമർത്ഥന്മാരായ ചില അദ്ധ്യാപകന്മാർ ബോർഡിൽ ഇൻഡ്യാപടം വരച്ചു് 'പാനിപ്പട്ടു്' അടയാളപ്പെടുത്തിയും പഠിപ്പിക്കാറുണ്ടു്. അതുകൊണ്ടുമായില്ല; ഇൻഡ്യയിൽ പാനിപ്പട്ടിന്റെ സ്ഥാനം ധരിക്കാൻ കഴിഞ്ഞാലും പോരാ; ആ സ്ഥലം ഒരു പടക്കളത്തിന് ഏതെല്ലാം വിധത്തിൽ യോജിക്കുന്നു എന്നുകൂടി മനസ്സിലാക്കണം. ഓരോ കക്ഷിക്കും നിശ്ചിതസ്ഥലത്തു നേരിടാവുന്ന ആനുകൂല്യപ്രാതികൂല്യങ്ങൾ ഏവയെന്നും, അവിടെ എത്തിച്ചേരാനുള്ള സൗകര്യാസൗകര്യങ്ങൾ എന്തെല്ലാമെന്നും, ചുററുമുള്ള പ്രദേശങ്ങളുടെ ഭൂപ്രകൃതിവിശേഷമെന്തെന്നും മററും മനസ്സിലാക്കേണ്ടതാകുന്നു. ഇതുകൂടാതെ, പാനിപ്പട്ടിനും പഠിതാവിന്റെ താമസസ്ഥലത്തിനും തമ്മിലൊ, അല്ലെങ്കിൽ പഠിതാവു് അറിഞ്ഞിട്ടുള്ള ഏതെങ്കിലും പ്രസിദ്ധസ്ഥലത്തിനുംതമ്മിലൊ, ഉള്ള അകലസ്ഥിതി, ഏതു ഭാഗത്തെന്നു് ഇവകൂടി ധരിപ്പിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. ചുരുക്കിപ്പറഞ്ഞാൽ പാനിപ്പട്ടുയുദ്ധം പഠിക്കുമ്പോൾ, ആ സ്ഥലത്തുനിന്നു യുദ്ധം കാണുന്നപോലെയുള്ള ഒരു പ്രതീതിയുണ്ടാകണം.

കാലം പഠിക്കുകയെന്നതു്, ആണ്ടു് എണ്ണുകയല്ലെന്നു മുൻപു സൂചിപ്പിച്ചുവല്ലൊ. ഓരോ സംഭവവും നടന്നിട്ടുള്ളതു് എത്രകാലം മുൻപാണെന്നുള്ള ധാരണ നല്ലപോലെ വരുത്തണം. പ്രധാനസംഭവങ്ങൾക്കു തമ്മിലുള്ള കാലവ്യത്യാസവും ഓർമ്മിപ്പിക്കുന്നതു നന്നായിരിക്കും. അക്കാലത്തു ജീവിച്ചിരുന്നിട്ടുള്ള പ്രഖ്യാതന്മാരായ ചരിത്രപുരുഷന്മാരുടെ പേരോടുചേർത്തു കാലം ഗണിക്കുന്നതുകൊണ്ടു് ഓർമ്മിക്കുന്നതിനു സൗകര്യമുണ്ടായേക്കുമെന്നു തോന്നുന്നു. 1857-ലെ ഇൻഡ്യൻശിപായിലഹള പഠിപ്പിക്കുമ്പോൾ, 1757-ലെ പ്ലാസിയുദ്ധാനന്തരം ഒരുനൂറുവർഷം കഴിഞ്ഞു് എന്നും, ഏകദേശം-70-വർഷം മുൻപു് എന്നും, തിരുവിതാംകൂറിൽ ഉത്രം തിരുനാൾ മഹാരാജാവു രാജ്യം ഭരിക്കുമ്പോൾ എന്നും മററും പറഞ്ഞു ധരിപ്പിക്കേണ്ടതാണ്. 1857-ന് അടുത്തുമുൻപായി നടന്ന സംഭവങ്ങളെ ഓർമ്മിപ്പിച്ചു് ആ കാലം ലഹളയ്ക്കു് എത്രമാത്രം അനുകൂലമെന്നുള്ള സംഗതിയും ഓർമ്മ

യിൽ വരുത്തുന്നതു കൊള്ളാം. അല്ലാതെ വലിയ ശിപായിലഹള 1857-ൽ എന്നു പഠിക്കുന്നതുകൊണ്ടു പ്രയോജനമുണ്ടാകാനിടയില്ലെന്നുമാത്രമല്ല, അതു് ഓർമ്മയിൽനിന്നു കാണാറുമില്ല. എന്നാൽ ഇപ്പോഴം ആണ്ടുകളും സ്ഥലങ്ങളും ഓർമ്മിക്കുന്നതു കേവലം ആവർത്തനംകൊണ്ടു മാത്രമാകുന്നു. മേൽപറഞ്ഞ സംഗതികളെക്കൂടി ഗണിക്കുന്നപക്ഷം അത്ര അധികം പ്രാവശ്യം ആവർത്തിച്ചു് സമയം കളയേണ്ടിവരുമെന്നു തോന്നുന്നില്ല.

ചരിത്രപാഠങ്ങളിലെ കാലഗണനയിൽ നൂററാണ്ടിനു പ്രാധാന്യം കല്പിച്ചു പഠിപ്പിക്കേണ്ടതാണു്. ഇപ്പോഴത്തെക്കാലം ക്രിസ്ത്വാബ്ദം 20-ാംനൂററാണ്ടാണെന്നു സംശയലേശമെന്യേ പറയാൻ ധൈര്യമുള്ള സ്കൂൾലിവിങ്ങ് വിദ്യാർത്ഥികൾകൂടി ചുരുക്കമായേ കാണുന്നുള്ളു. ഓരോ നൂററാണ്ടിന്റെയും ആരംഭകാലവും അവസാനകാലവും നല്ലപോലെ മനസ്സിലാക്കിയിരിക്കണം. പ്രാചീനസംഭവങ്ങളുടെ ആണ്ടു് ഓർമ്മിക്കുന്നതിനു് ഇത്രാംനൂററാണ്ടിന്റെ അവസാനത്തിനു് ഇത്രകൊല്ലം മുൻപെന്നൊ, ആരംഭിച്ചിട്ടു് ഇത്രവർഷം കഴിഞ്ഞിട്ടെന്നൊ കൂടി ഗണിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. പ്ലാസിയുദ്ധം 18-ാംനൂററാണ്ടിന്റെ മദ്ധ്യകാലത്താണെന്നു് പഠിക്കുന്നതു് അക്കാലത്തെ ഇൻഡ്യയിലെ വിപ്ലവത്തെ സ്മരിക്കുന്നതിനു് ഏററവും സഹായിക്കുന്നതാകുന്നു. സംഭവങ്ങളുടെ പ്രാധാന്യം സമുദായഗതിയിൽ അതു വരുത്തിയ ഭേദഗതികൊണ്ടാണു ഗണിച്ചിരിക്കുന്നതു്. അങ്ങിനെയുള്ള മഹൽസംഭവങ്ങൾ നടന്ന കാലം ചരിത്രത്തിൽ എന്നും സ്മരിക്കുന്നതിനു് അർഹതയുള്ളതായിരിക്കും. അപ്രകാരമുള്ള വസ്തുമാത്രം പ്രാധാന്യം കല്പിച്ചു് മുൻപറഞ്ഞ സൂചനകൾ അനുസരിച്ചു പഠിപ്പിക്കുന്നതു കൊള്ളാമെന്നുള്ള അഭിപ്രായം പുറപ്പെടുവിച്ചുവെന്നേയുള്ളു. എത്രമാത്രം കൊള്ളാമെന്നു പരീക്ഷിച്ചുനോക്കേണ്ടു ചുമതല ഗുരുനാഥന്മാർക്കുണ്ടല്ലോ.

## ചരിത്രപാഠത്തിനു് ഏകകേന്ദ്രഗരീതിയുടെ പ്രയോജനം.

ചരിത്രം പഠിപ്പിക്കുന്നതിനു് ഏകകേന്ദ്രഗം (കൺസെൻട്രിക്) കാലഘട്ടഗം (പീരിയാഡിക്) ഇങ്ങിനെ രണ്ടു രീതികൾ ഉപയോഗിക്കാറുണ്ടു്. ഇതിൽ രണ്ടാമത്തെ രീതിയാണു് ഇപ്പോൾ മിക്ക പാഠശാലകളിലും ഉപയോഗിച്ചുവരുന്നതു്. കാരണം മലയാളഭാഷയിലുള്ള ചരിത്രഗ്രന്ഥങ്ങൾ ആ രീതിയെ പിൻതുടൎന്നു രചിക്കപ്പെട്ടവയാകുന്നു എന്നുള്ളതാണു്. എന്നാൽ ചരിത്രജ്ഞാനത്തെ വർദ്ധിപ്പിക്കുന്നതും, ബോധനത്തെ സുഗമമാക്കുന്നതുമാണു് ഏകകേന്ദ്രഗരീതി. ഈ രീതിയുടെ പ്രയോജനങ്ങളിൽ ചിലതു പ്രസ്താവിക്കുന്നതു് ഉപയോഗപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു.

1. പ്രധാനസംഗതികളുടെ സ്ഥൂലജ്ഞാനംകൊണ്ടു് ആകമാനമുള്ള ചരിത്രരൂപം മനസ്സിൽ ഉദിക്കുന്നു. നാം പരിചയപ്പെടുന്ന ആളുകളേയൊ വസ്തുക്കളേയൊ കുറിച്ചുള്ള ആദിമജ്ഞാനം ഒരു നോട്ടംകൊണ്ടാകുന്നു

നമുക്കു ലഭ്യമാകുന്നതു്. അവയവവിഭാഗം ചെയ്തുള്ള പ്രത്യേകജ്ഞാനം അതിനു ശേഷമാണുണ്ടാകുന്നതു്. ആന എന്ന ശബ്ദം കേൾക്കുമ്പോൾ ഉണ്ടാകുന്ന സ്മരണ ആ ഗംഭീരമൃഗത്തിന്റെ ആകപ്പാടെയുള്ള ആകൃതിയെക്കുറിച്ചാകുന്നു. തുമ്പിക്കൈ, കൊമ്പു്, കാലു്, വാലു് മുതലായവയുടെ പ്രത്യേകസ്വഭാവം ആദ്യം സ്മൃതിപഥത്തിൽ എത്തുന്നില്ല. അതുകൊണ്ടു ചരിത്രത്തിന്റെ ആകമാനമുള്ള സ്ഥൂലരൂപം ഒരുനോട്ടത്തിൽ മനസ്സിനു വിഷയമായിത്തീരണം. അതിലേക്കു് ഏകകേന്ദ്രഗരീതി അത്യധികം ഉപയോഗപ്രദമാകുന്നു.

2. ചരിത്രമെന്നതു സമുദായത്തിന്റെ ക്രമാനുഗതമായ വളർച്ചയെപ്പറ്റി പ്രതിപാദിക്കുന്ന ഒരു അപൂർണ്ണശാസ്ത്രമാകുന്നു. അതുകൊണ്ടു് ഇൻഡ്യാചരിത്രപഠനത്താൽ ഇൻഡ്യൻസമുദായത്തിന്റെ നാളതുവരെയുള്ള വളർച്ചയെക്കുറിച്ചുള്ള പൊതുജ്ഞാനമാണല്ലോ ഉണ്ടാകേണ്ടതു്. ഓരോ വിഭാഗങ്ങളെ എടുത്തു പഠിപ്പിക്കുന്നതായാൽ ഇതു സാധിക്കാൻ വളരെ പ്രയാസം നേരിടുന്നതാണു്.

3. സമുദായവളർച്ചയുടെ ഗതി അതിനെ നയിക്കുന്ന മേധാവികളെ ആശ്രയിച്ചാണിരിക്കുന്നതു്. അതുകൊണ്ടാണു ദേശചരിത്രത്തിൽ ഭരണാധികാരികളായ രാജാക്കന്മാരുടെ കഥക്കു് പ്രാധാന്യം കല്പിച്ചിരിക്കുന്നതും. ഇന്ന കാലം മുതൽ ഇന്നകാലം വരെ ഇന്ന രാജാവു ഭരിച്ചു എന്നു പഠിപ്പിക്കുന്നതിനേക്കാൾ പ്രയോജനകരം ഇത്ര കൊല്ലം മുൻപു് ഇന്ന രാജാവിന്റെ പ്രവൃത്തിയാൽ ജനതയുടെ പുരോഗതി ഇന്ന പ്രകാരം മന്ദീഭവിച്ചു എന്നോ ത്വരിതമായി എന്നോ ധരിപ്പിക്കുന്നതു കൊള്ളാമെന്നു തോന്നുന്നു. അതിലേക്കു ആസ്പദമായ കേന്ദ്രത്തെപ്പിടിച്ചുകൊണ്ടു ചെറിയ വൃത്തങ്ങളിൽനിന്നു വലുതിലേക്കു കടക്കുകയാണു വേണ്ടതു്. വൃത്താകാരമായ ഒരു കുളത്തിന്റെ നടക്കിടുന്ന കല്ലുണ്ടാക്കുന്ന ചലനം ക്രമേണ വിജൃംഭിതമായി തീരത്തെ സ്പർശിക്കുന്നതുപോലെ കേന്ദ്രസ്ഥമായ ചരിത്രസംഗതിയെക്കുറിച്ചുള്ള ജ്ഞാനം വിസ്തൃതമായ പരിധിയിൽ വ്യാപിച്ചു വിപുലമാകേണ്ടതാണു്. കുളത്തിലെ ജലചലനത്തിനു ഹേതുവായ ശിലാപാതം അറിയാതെ ചലനത്തിന്റെ ഏതാനും ഭാഗം മാത്രം വീക്ഷിക്കുന്നതുകൊണ്ടു കിട്ടുന്ന അറിവു കാര്യകാരണസംബന്ധമില്ലാത്തതിനാൽ അപൂർണ്ണമായെ ഇരിക്കു.

4. ചിത്രകാരൻ ആദ്യമായി ചെയ്യുന്നതു വരയ്ക്കാനുദ്ദേശിക്കുന്ന ചിത്രത്തിന്റെ സ്കെച്ചു് ഏതാനും വരകളാൽ സ്വരൂപിക്കയാണല്ലോ. പിന്നീടാണു് ഓരോ അവയവത്തിനും തന്മയത്വം വരുത്തുന്നതു്. സ്കെച്ചിൽ അവയവങ്ങളുടെ സ്ഥാനം നിർണ്ണയിക്കാതെ തലമാത്രം പൂർണ്ണമാക്കി ഉടലു വരക്കാൻ തുടങ്ങിയാൽ തലയ്ക്കും ഉടലിനും യോജിപ്പില്ലാതെ പോകുവാൻ

എളുപ്പമുണ്ട്. എന്നതുപോലെ ഒരു പ്രത്യേകകാലത്തെ ചരിത്രം വിസ്തരിച്ചു പഠിപ്പിച്ചിട്ടു പിന്നൊരു കാലഘട്ടം തുടങ്ങാമെന്നുവച്ചാൽ അവ പരസ്പരയോജിപ്പില്ലാതെ അങ്ങുമിങ്ങും വിട്ടുനിൽക്കുന്നതിന് ഇടയാകയും അതിനാൽ ചരിത്രപാഠത്തിൻെറ യഥാർത്ഥഫലം ലഭ്യമല്ലാതായിത്തീരുകയും ചെയ്യുന്നു. ഏകകേന്ദ്രഗരീതി ഈ ദോഷത്തെ നിശ്ശേഷം പരിഹരിക്കുന്നതാണ്.

5. ഒരേ കാലത്തു സംഭവിച്ച വിവിധകാര്യങ്ങളെ കാലാനുരൂപ്യത്തോടെ മനസ്സിലാക്കുകയെന്നുള്ളതാണ് ചരിത്രപാഠത്തിൽ നേരിടുന്ന വലിയ പ്രയാസം. ഇൻഡ്യാചരിത്രത്തെ ഹിന്ദുപീരിയേഡ്, മഹമ്മദൻപീരിയേഡ്, ബ്രിട്ടീഷുപീരിയേഡ് ഇങ്ങിനെ വിഭജിച്ചാണല്ലോ സാധാരണ പുസ്തകങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നതു്. മുഗൾചക്രവർത്തികളുടെ പ്രാബല്യവും അധോഗതിയും മററും പഠിപ്പിച്ചുകഴിഞ്ഞതിനുശേഷം ഇംഗ്ലീഷ് ഈസ്റ്റ് ഇൻഡ്യാകമ്പനിയെക്കുറിച്ചു പറഞ്ഞുതുടങ്ങിയാൽ, ഇംഗ്ലീഷുകാരുടെ കച്ചവടാഭിവൃദ്ധിക്കും രാജ്യസമ്പാദനത്തിനും മുഗൾചക്രവർത്തികളുടെ തൽക്കാലസ്ഥിതിക്കും തമ്മിലുള്ള ഘടന മനസ്സിലാകാതെ കുഴങ്ങുകയോ അഥവാ അവയ്ക്കു തമ്മിൽ ബന്ധമില്ലെന്നു ധരിക്കുകയോ ചെയ്യാനിടയാകുന്നു. എന്നാൽ ഈസ്റ്റിൻഡ്യാക്കമ്പനിയുടെ പുരോഗമനം എന്ന കേന്ദ്രത്തെ ആസ്പദമാക്കിയുള്ള കഥാപാഠം നടത്തിയതിനുശേഷം മേൽപറഞ്ഞ ഓരോന്നിലേയ്ക്കും നയിക്കുന്നതായാൽ ഈ ദോഷം കൂടാതെ കഴിക്കാമെന്നുള്ളതു് അനുഭവസ്ഥന്മാരോടു പ്രത്യേകം പറഞ്ഞേതീരൂ എന്നില്ല.

കാലഘട്ടഗരീതിയാൽ മഹമ്മദൻചരിത്രവും മഹാരാഷ്ട്രചരിത്രവും യോജിപ്പിച്ചു പഠിപ്പിക്കുന്നതിനും ഏററവും പ്രയാസം നേരിടുന്നുണ്ട്. മുഗൾസാമ്രാജ്യത്തിൻെറ അധോഗതിയെന്നൊരു കഥാപാഠംകൊണ്ട് സ്ഥൂലമായ ജ്ഞാനമുണ്ടാക്കിയതിനുമേൽ പഠിപ്പിക്കുന്നതായാൽ മഹാരാഷ്ട്രരുടെ അഭിവൃദ്ധി മുഗൾസാമ്രാജ്യാധഃപതനത്തിനു എത്രകണ്ടു സഹായിച്ചു എന്നു ഗ്രഹിപ്പിക്കാൻ പ്രയാസമുണ്ടാകയില്ല. ചരിത്രപാഠങ്ങളിൽ സാക്ഷാൽ രസം നിലനിറുത്തുന്നതിനും ഈ രീതി നല്ലതാകുന്നു. അതിനാൽ, ഏകകേന്ദ്രഗരീതി ഒരേകാലത്തു സംഭവിച്ച വിവിധചരിത്രസംഗതികളുടെ ഒരുമിച്ചുള്ള പുരോഗമനത്തിനു സഹായിക്കുന്നു.

ഇൻഡ്യാചരിത്രനായകന്മാർ എന്നൊരു ചരിത്രപുസ്തകം ഈ ഉദ്ദേശനിർവ്വഹണത്തിന് ഏകദേശം കൊള്ളാവുന്നവിധം മലയാളഭാഷയിൽ രചിച്ചിട്ടുണ്ട്. ഇതു അഞ്ചാംക്ലാസിലെ ചരിത്രപാഠപുസ്തകമാണെങ്കിലും, തിരുവിതാംകൂർ ചരിത്രസംക്ഷേപം മുഴുവൻ ആ ക്ലാസിൽ പഠിപ്പിക്കേണ്ടുതുകൊണ്ടു പ്രസ്തുത ചരിത്രപുസ്തകംമൂലം ഉപരിക്ലാസിലേക്കുവേണ്ട ജ്ഞാനം അഞ്ചാംക്ലാസുകാർക്കുണ്ടാക്കാൻ സമയം ലഭിക്കാതെ പോവുന്നു. അ

തിനാൽ ഉപയോഗപ്രദമായ മററു ചരിത്രഗ്രന്ഥങ്ങൾ നമുക്കു ലഭിക്കുന്നതുവരെ പ്രസ്തുത പുസ്തകമനുസരിച്ചു ൬-ാം ക്ലാസിൽ ചരിത്രപാഠം നടത്തിയാൽ മതിയെന്നു വയ്ക്കുന്നതു കൊള്ളാമെന്നു തോന്നുന്നു.

ഇൻഡ്യാചരിത്രം പഠിപ്പിക്കുന്ന അധ്യാപകൻ ചെയ്യേണ്ടതു നാളതുവരെയുള്ള ചരിത്രം ആദ്യമായി താൻതന്നെ പഠിക്കുകയാകുന്നു. അതിനു ശേഷം ചരിത്രകേന്ദ്രങ്ങളെ നിർണ്ണയിക്കണം. പിന്നീടു കേന്ദ്രത്തെ ആസ്പദമാക്കിയുള്ള വാചാപാഠംകൊണ്ടു ചരിത്രശരീരത്തിന്റെ അസ്ഥിക്കൂടം നിർമ്മിച്ചു കൊടുക്കണം. അനന്തരം വാചാപാഠങ്ങളാൽതന്നെ മാംസരക്താദികളെ നിർമ്മിച്ച് ആ ശരീരത്തിനു പുഷ്ടിയും ഓജസ്സും ഭംഗിയും വരുത്തണം. ഇത്രയും ചെയ്താൽ ചരിത്രഗ്രന്ഥപാരായണത്തിൽ വിദ്യാർത്ഥികൾ പ്രാപ്തന്മാരും ഔൽസുക്യമുള്ളവരും ആയിത്തീരുന്നതാകുന്നു.

# അമേരിക്കയിലെ വലിയ മതവിപ്ലവം.

(തുടർച്ച)

(ജീവശാസ്ത്രോപാധ്യായനെ ശിക്ഷിച്ച കഥ)

(സി. ജി. മാധവൻപിള്ള)

മതത്തിന്റെ വക്താവായി പ്രോസിക്യൂഷൻ നടത്തുന്നയാൾ ഇതിനെ സംബന്ധിച്ചു പുറപ്പെടുവിക്കാൻ പോകുന്ന വാദത്തിന്റെ നിയമാസ്പദമായ മുഖം ഇങ്ങിനെയാണെന്നാണ് ഊഹിക്കപ്പെട്ടിരിക്കുന്നതു്. "നാട്ടിലെ വിദ്യാഭ്യാസകാര്യം നയിക്കുന്നവർ ആരായിരിക്കണം? രാജാധികാരമുള്ള ജനങ്ങളുടെ പ്രതിനിധികളായ നിയമനിർമ്മാതാക്കളോ, അതല്ല, ഏതാനും സയിൻറിസ്ററുകളോ? ഗവൺമെൻറുസഹായം സിദ്ധിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപനത്തിലെ ഉപാധ്യായന്മാരിൽ ആരും പരിണാമവാദം പഠിപ്പിക്കുന്നതു ചട്ടവിരോധമാണെന്നു ശാസിച്ചിരിക്കുന്ന 'ടന്നസ്സി'ലെ പരിണാമവാദപ്രതികൂലനിയമം ആ രാജ്യത്തിലെ നിയമസഭയാൽ പാസ്സാക്കപ്പെട്ടതാകുന്നു. അതുകൊണ്ടു് അതു ശരിയായ ലാ തന്നെയാണ്. ന്യായമായി തിരഞ്ഞെടുക്കപ്പെട്ട തങ്ങളുടെ പ്രതിനിധികൾമൂലം ജനങ്ങൾക്കു ക്രിസ്ത്യൻദൈവത്തിലുള്ള വിശ്വാസത്തിന്റെ അടിക്കല്ലിനെത്തന്നെ ഭേദിക്കുന്നതും ബൈബിൾ പച്ചക്കള്ളമാണെന്നു പറയുന്നതുമായ പരിണാമവാദത്തെ പഠിപ്പിച്ചുകൂടാ എന്നു ശാസിക്കാൻ അവകാശവും അധികാരവുമുണ്ടു്. ജനങ്ങളാണു, സയിൻറിസ്ററുകളല്ല, ഭൂരിപക്ഷക്കാർ. ഭൂരിപക്ഷക്കാരാണ് ഭരിക്കേണ്ടതെന്നുള്ളതു വിദിതവുമാണല്ലോ."

പത്രറിപ്പോർട്ടുകളിൽനിന്ന് ഊഹിക്കാവുന്നിടത്തോളം പ്രതിഭാഗത്തുനിന്നുള്ള വാദം 'ടെന്നസ്സി'ലെ ടി നിയമങ്ങളുടെ അസാധുത്വത്തെ

അടിസ്ഥാനപ്പെടുത്തിയായിരിക്കും. ഒരു രാജ്യത്തിലെ നിയമനിർമ്മാണസഭയ്ക്ക്, വേണ്ടപ്രകാരം തെളിയിക്കപ്പെട്ട ഒന്നാണെന്നു സയൻസുകാർ വിശ്വസിച്ചുവരുന്ന ഏതെങ്കിലും ഒരു തത്വത്തെ പഠിപ്പിക്കാൻ പാടില്ലെന്നോ, ഇന്നതു പഠിപ്പിക്കണമെന്നോ ശാസിക്കാൻ അധികാരമുണ്ടോ? സ്ഥാനാർത്ഥിയുദ്ധപ്രചരണങ്ങളിൽനിന്നും, നിയമസഭാസാമാജികന്മാരുടെ ഭൂരിപക്ഷം വോട്ടുകളിൽനിന്നും ചെയ്യപ്പെട്ട തത്വനിർണ്ണയത്തെ അങ്ങിനെതന്നെ കൈക്കൊള്ളാൻ കഴിയുന്ന സ്വാഭിമാനമുള്ള ഒരു എഡ്യൂക്കേഷൻസമ്പ്രദായമുണ്ടോ?

ഇവിടെ ആലോചിക്കേണ്ട പോയിൻറിതാണ്. ശാസ്ത്രീയാന്വേഷണചിന്ത, സ്വാതന്ത്ര്യമായിരിക്കണമോ ചട്ടത്താൽ നിർബ്ബന്ധിക്കപ്പെട്ടതായിരിക്കണമോ? സ്വാതന്ത്ര്യമായ ഒരു അമേരിക്കൻപത്രം പറയുന്നു:—"ഭൂരിപക്ഷം ജനങ്ങൾ സത്യമാണെന്നു പറയുന്നതിനെ നാച്ചുറൽസയൻസിനെക്കൊണ്ടും, നിർബ്ബന്ധിച്ച് സമ്മതിപ്പിച്ച് തത്വവും തദനുസരണമായി തീർപ്പിച്ചുകൊള്ളണമെന്നു മിസ്റ്റർ ബ്രയൻ വിചാരിക്കുന്നു. പരിണാമവാദം ശരിയാണെങ്കിൽ ഏതു ഭൂരിപക്ഷവും ഇതു് ഏകകണ്ഠമായിരുന്നാൽതന്നെയും അതിനെ അസത്യമാക്കിത്തീർക്കാൻ കഴിയുന്നതല്ലെന്നു നമുക്കറിയാമല്ലോ. ഭൂമിയെ ചുററി സൂര്യൻ ഗമിച്ചുകൊണ്ടിരിക്കുന്നെന്നും, ഭൂമിക്കു 4 മൂലകൾ ഉണ്ടെന്നും മി: ബ്രയൻ യഥാർത്ഥത്തിൽ വിശ്വസിക്കുന്നുണ്ടോ ഇല്ലയോ എന്നു നമുക്കറിഞ്ഞുകൂടാ. മേല്പറഞ്ഞ രണ്ടു പ്രമേയങ്ങൾക്കും മുൻകാലങ്ങളിൽ വളരെ കൂടുതലായ ഒരു ഭൂരിപക്ഷം കിട്ടുമായിരുന്നു. എന്നാൽ നാഗരികത്വമുള്ള ഒരു നാട്ടിൽ-മിസ്റ്റർ ബ്രയൻെറ നാട്ടിൽ-നിശ്ചയമായിട്ടും ഈ രണ്ടു സംഗതികളും വോട്ടിനിട്ടാൽ വിജയം സിദ്ധിക്കയില്ലെന്നുള്ളതു തീർച്ചയാണ്. പരിണാമവാദത്തെ ഇതുപോലെ വോട്ടിനിടാൻ അദ്ദേഹത്തിനു സമ്മതിക്കാൻ കഴിയുമെങ്കിൽ അതു ജയിക്കയോ ജയിക്കാതിരിക്കയോ ചെയ്യുക്കാം. എന്നാർ അതിനു വിജയം സിദ്ധിച്ചാൽതന്നെ ആ തത്വം ശരിയാണെന്നുവരുന്നതല്ല. അതുപോലെതന്നെ തോൽവി പററിയാലും അതു് അയഥാർത്ഥമാണെന്നു സിദ്ധിക്കുകയുമില്ല." സയിൻസു സംബന്ധമായ പ്രശ്നങ്ങളെ പബ്ലിക്കു വോട്ടിനിടുവിപ്പിക്കുവാൻ സാരതത്വവാദികൾ ചെയ്യുന്ന ശ്രമം ഭൌതികപ്രപഞ്ചത്തിലെ നിയമങ്ങളേയും വസ്തുതകളേയും സംബന്ധിച്ചുള്ള അന്വേഷണബുദ്ധിയെ തീരെ നശിപ്പിച്ചുകളയുമെന്നുള്ളതു് നിശ്ചയമാണ്. സയിൻസിനെ ചങ്ങലകളാൽ ബന്ധിക്കാൻ പാടില്ല. സ്കൂളുകൾക്കും കാളേജുകൾക്കും ഏതുകാലത്തും തത്വാന്വേഷണസ്വാതന്ത്ര്യമുണ്ടായിരിക്കണം.

കൂടാതെ ജീവശാസ്ത്രം, ഔഷധശാസ്ത്രം, രസവാദശാസ്ത്രം, ഗണിതശാസ്ത്രം ഇവയെ സാമാന്യബുദ്ധിക്കു വിട്ടുകൊടുക്കാതെ രാഷ്ട്രീയയുക്തിക്കു് അടിമപ്പെടുത്തുന്നതു് അസംബന്ധംകൂടിയാകുന്നു. ദക്ഷിണദേശത്തി

ലെ ഒരു വിദ്യാപ്രവൎത്തകൻ ഐക്യരാജ്യങ്ങളിലെ കാട്ടുപ്രദേശങ്ങളിലുള്ള ചില സ്കൂൾ അധികാരികളോടു് ഭൂമിയുടെ ആകൃതി എങ്ങിനെയെന്നാണു് അവർ പഠിപ്പിക്കുന്നതു് എന്നു ചോദിച്ചപ്പോൾ ഒരാൾ തന്ത്രപൂൎവ്വം മറുപടി പറഞ്ഞു. "അതിനെപ്പററി ഇവിടങ്ങളിൽ വിപരീതാഭിപ്രായമുണ്ടു്. അതു പരന്നതാണെന്നു ചില ദിക്കിലും ഉരുണ്ടതാണെന്നു് ചില ദിക്കിലും ഇഷ്ടപ്പെടുന്നു. പരന്നതെന്നിഷ്ടപ്പെടുന്ന ദിക്കിൽ അങ്ങിനെയും ഉരുണ്ടതെന്നിഷ്ടപ്പെടുന്ന ദിക്കിൽ അങ്ങിനെയും പഠിപ്പിച്ചുവരുന്നു.

'ടെന്നസ്സിലെ' ജീവശാസ്ത്രോപാധ്യായന്റെ വിചാരണയെ സംബന്ധിച്ചു് ഉല്പതിഷ്ണുക്കൾക്കുള്ള അഭിപ്രായം, അതു മതത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ജനപീഡനമാണെന്നാണു്. 'ടെന്നസ്സിലെ' ഒരു മതസിദ്ധാന്തത്തെ, അഥവാ ഒരു സംഗതിയെസംബന്ധിച്ച മതത്തെ പുരസ്കരിച്ചുള്ള ഒരു വ്യാഖ്യാനത്തെ പബ്ളിക്കവിദ്യാഭ്യാസത്തിന്മേൽ ഒരു തടങ്കലായി ഒരു കൂട്ടരുടെ പ്രത്യേകാഭിപ്രായപ്രകാരം വിദ്യാഭ്യാസമാക്കിത്തീൎക്കാൻ മാൎഗ്ഗമാകുന്ന ഒരു തടങ്കലായി—സനിബ്ബന്ധം ചെയ്തുവെച്ച ഒരു പരിശ്രമമാണെന്നും, ഈ ലാ അടിസ്ഥാനപ്പെടുത്തി ഒരു വ്യക്തിയെ പ്രാസിക്യൂട്ടു് ചെയ്യുന്നതു വാസ്തവത്തിൽ മതാധികാരമായ ഒരു പ്രവൃത്തിയുടെ ഫലമാണെന്നും ആകുന്നു. ഇതു പള്ളിയേയും സ്റ്റേററിനെയും പൂൎണ്ണമായി വിഭജിച്ചിരിക്കുന്ന അമേരിക്കൻതത്വത്തിനു വിപരീതമാകുന്നു. യാതൊരു നിയമങ്ങളാൽ അമേരിക്കൻറിപ്പബ്ലിക്കു് (ജനസമുദായരാജ്യഭരണരീതി) രൂപവൽക്കരിക്കപ്പെട്ടുവൊ ആ നിയമങ്ങൾ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നതു "കാൺഗ്രസ് മതത്തെ സഹായിക്കാൻ ഉതകുന്ന യാതൊരു ചട്ടവും നിൎമ്മിക്കുകയില്ല. ഐക്യരാജ്യങ്ങളിലെ ഏതെങ്കിലും പബ്ളിക്കട്രസ്റ്റിൽ ഒരു മതസംബന്ധമായ പരീക്ഷണം യോഗ്യതയായി ആവശ്യപ്പെടുകയും അരുതു്" എന്നാകുന്നു. പരിണാമവാദവിപരീതമായ ചട്ടം മേൽപറഞ്ഞതിനു വിരുദ്ധമായിരിക്കുന്നു എന്നുമാത്രമല്ല, അതു കേവലം ബുദ്ധിശൂന്യവുമാകുന്നു.

## പ്രസ്സുകാരും പരിണാമവാദവും

സയൻസ്സും മതവും തമ്മിൽ യുദ്ധം നടന്നുകൊണ്ടിരിക്കുന്ന ഡേറൺനഗരം ഭൂലോകപ്രസിദ്ധിയെ പ്രാപിച്ചിരിക്കുന്നു. ബെൎണ്ണാഡ്ഷ" ഒരു ലേഖനത്തിൽ പറയുന്നു. "ഒരു രാജ്യം അതു ഉൾപ്പെട്ടിരിക്കുന്ന ഖണ്ഡത്തെ മുഴുവനും, പരിഹാസപാത്രമാക്കി തീൎക്കുക എന്നുള്ളതു് അപൂൎവ്വമായിമാത്രം സംഭവിക്കുന്ന ഒരു കാരണമാകുന്നു. അതുപോലെതന്നെ അമേരിക്കാ വാസ്തവത്തിൽ പരിഷ്കൃതമായ ഒരു രാജ്യമായിരുന്നുവോ എന്നു് യൂറോപ്പിനെക്കൊണ്ടു് സ്വയം സംശയിച്ചു് ചോദിപ്പിക്കത്തക്കവണ്ണം ഒരു വ്യക്തിയുടെ പെരുമാററം നിദാനമാവുകയെന്നുള്ളതും ചുരുക്കമായിട്ടു സംഭവിക്കാൻ ഇടയുള്ളു. എന്നാൽ ടെന്നസ്സിരാജ്യവും മി. 'ബ്രയൻ' ആ

രണ്ടു സംഭവങ്ങളും ഉണ്ടാക്കിത്തീൎത്തിരിക്കുന്നു." മുന്നോട്ടുകയറുന്ന ക്രിസ്ത്യൻ പടയാളികളുടെ മദ്ധ്യോഭാവത്തിലാണ് ഡേററൻ ഈ വൈദികയുദ്ധത്തിന് അരയും തലയും മുറുക്കിയിരിക്കുന്നതു്. സാരതത്വവാദിലോകം മുഴുവനും, ഡേററൻനഗരത്തെ ഒരു പുതിയ ഏദൻതോട്ടമായി ഗണിച്ചുവരുന്നു.

അമേരിക്കയിൽ ഏതു സംഗതിയുടേയും വില ഡോളർ (അവിടത്തെ നാണയം) ആയിട്ടാണ് അളക്കപ്പെടുന്നതു്. അതുകൊണ്ടു് കുരങ്ങൻവിചാരണ എന്നു് വിധിക്കപ്പെടുന്ന ഈ പരിണാമവാദക്കേസു വിസ്താരത്തിന്റെ "പരസ്യങ്ങൾ" നിമിത്തം സിദ്ധിക്കാൻ ഇടയുള്ള ആദായത്തെ പുരസ്കരിച്ചു്, ഡേററനിലെ കാൎയ്യസ്ഥന്മാരുടെ സംഘം 15000 രൂപാ അനുവദിച്ചു പ്രവൃത്തിയാരംഭിച്ചിരിക്കുന്നതു് ആശ്ചൎയ്യജനകമല്ല. ഈ പരസ്യം ചെയ്യലിന്റെ വമ്പിച്ചതോതു മനസ്സിലാക്കാൻ കേസിലെ നായകനും പ്രതിയുമായ പ്രഫസർ 'സ്കോപ്സിന്' ചലനചിത്രം വിചാരണയെ സംബന്ധിച്ചുള്ള മററവകാശങ്ങൾ ഇവക്കുവേണ്ടി 450000 രൂപ നൽകാമെന്നു വാഗ്ദാനം ചെയ്യപ്പെട്ടുവെന്നുള്ള സംഗതി സഹായിക്കും. പക്ഷേ അദ്ദേഹം അതു സ്വീകരിച്ചില്ല. എന്തായാലും ഈ വിചാരണനിമിത്തം മലകടുത്തുകിടക്കുന്ന ടെന്നസ്സിലെ ആ ചെറിയ പട്ടണം പടത്തിൽ കയറാൻ ഇടയായി. ഡേററൺ നഗരവീഥികൾ ഫോട്ടോഗ്രാഫർമാരേയും പത്രലേഖകന്മാരെയുംകൊണ്ടു് സജീവങ്ങളായിത്തീൎന്നിരിക്കുന്നു. ഏകദേശം ഒരു നൂറു പത്രങ്ങളുടേയും മാസികകളുടേയും ലേഖകന്മാർ അവിടെ എത്തിയിട്ടുണ്ടു്. സാക്ഷിക്കൂട്ടിന്റെ പിൻഭാഗത്തുനിന്നും പത്രങ്ങൾക്കയച്ചുകൊണ്ടിരിക്കുന്ന കമ്പികളുടെ ടിക് ടിക് ശബ്ദം ഏതു നിമിഷവും കേൾക്കാനുണ്ടു്. ഇത്രമാത്രമല്ല; ഈ അത്ഭുതപൂൎവ്വമായ വിചാരണയുടെയും പ്രാധാന്യത്തെയും ഇതിനെ സംബന്ധിച്ച വൎത്തമാനങ്ങൾ അറിയുന്നതിനുള്ള ജനോൽക്കണ്ഠയേയും 'ചിക്കാഗൊഡെയിലിട്രീബ്യൂൺ' എന്ന പത്രം വേണ്ടപോലെ ഗ്രഹിച്ചു തദ്വൎത്തമാനപ്രചരണത്തിനുള്ള പ്രത്യേകസ്വാതന്ത്ര്യം ഏകമായി സമ്പാദിച്ചിട്ടുണ്ടു്. ഇവരുടെ വകയായി ഡേററനിലെ കോടതിമുറിയിൽ വെയ്ക്കപ്പെട്ടിരിക്കുന്ന 'റേഡിയോസ്സ്' സാക്ഷിക്കാരുടെ മൊഴികളേയും വക്കീലന്മാരുടെ വാദങ്ങളേയും ജഡ്ജിയുടെ അപ്പോഴപ്പോഴുള്ള റിമാർക്കുകളെയും അങ്ങനെതന്നെ നാട്ടിന്റെ നാനാഭാഗത്തും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇതിലേയ്ക്കു ദിനംപ്രതി 3000 രൂപാ ഇവൎക്കു ചിലവുണ്ടു്! റേഡിയോസെററ്സ് ഉള്ള ആളുകൾക്കു സുഖമായി സ്വഗൃഹങ്ങളിൽതന്നെ ഇരുന്നു വളരെ ദൂരെ 'ഡേററൺ' കോടതിയിൽ നടക്കുന്ന ഈ വിചാരണയുടെ സംഗതികൾ അക്ഷരംപ്രതി ഗ്രഹിക്കാവുന്നതാണ്.

നിഷ്പ്ലവംഗപ്രപഞ്ചത്തെക്കുറിച്ചുള്ള സാരതത്വവാദികളുടെ സ്വപ്നങ്ങൾ യഥാൎത്ഥങ്ങളായി പരിണമിച്ചാലും ഇല്ലെങ്കിലും "കുരങ്ങൻവിചാ

രണ" അസംഖ്യം അമേരിക്കൻപത്രങ്ങളുടെ മുഖവശത്തു ദൈവനാമത്തെ ചേൎപ്പിക്കാൻ സാധിച്ചിട്ടുണ്ടു്. കുററങ്ങളും, രാജ്യതന്ത്രവിഷയങ്ങളും, വിവാഹമോചനങ്ങളും, സമുദായത്തിലെ വ്യക്തിപരങ്ങളായ ദൂഷ്യങ്ങളും ഇവയെ തല്ക്കാലത്തേയ്ക്കു നീക്കിവെച്ചിട്ടു ഇപ്പോഴും വൎത്തമാനമായിത്തന്നെ വിലപ്പോകുന്ന ഈശ്വരനാമത്തെച്ചേൎത്തുവരുന്നു. അതു് അമേരിക്കയിലെ മഹത്തായ ഒരു മതവിപ്ലവംതന്നെ. സംശയമില്ല.

(തുടരും.)

ഒരു ഇൻസ്പെക്ടരുടെ

## ആത്മഗതം.

(എം. രാമവൎമ്മതമ്പാൻ ബി. എ, എൽ. ടി.)

ഞാൻ വളരെക്കൊല്ലങ്ങൾ സ്കൂൾ ഇൻസ്പെക്ടരായിരുന്നു. സ്കൂൾ പരിശോധനയിൽ എന്തെല്ലാം സഹായംചെയ്തുകൊടുക്കാമെന്നു ഞാൻ ഗാഢമായി ആലോചിച്ചിട്ടുണ്ടു്. സ്കൂളിലെ റിക്കാട്ടുപരിശോധന മുതലായ 'ജമാവന്തിജോലി'കൾക്കു ഞാൻ വലിയ വിലയൊന്നും വച്ചിട്ടില്ല. അതിനു പ്രത്യേകം വിദ്യാഭ്യാസയോഗ്യതയല്ല വേണ്ടതുതാനും. എന്റെ പ്രധാനകൃത്യം അദ്ധ്യാപകന്മാരുടെ അദ്ധ്യയനരീതി പരിഷ്കരിച്ചു് സദാപി കാലാനുസൃതമാക്കുകയാണെന്നെനിയ്ക്കു തോന്നി. എന്നാൽ അതിനു പല തടസ്സങ്ങളുമുണ്ടു്. ഒന്നാമതു് ഒരാണ്ടിൽ ഞാൻ പരിശോധിക്കേണ്ട സ്കൂളുകളുടെ സംഖ്യയും ആണ്ടിലെ അദ്ധ്യയനദിവസങ്ങളുടെ സംഖ്യയുംകൂടി താരതമ്യപ്പെടുത്തുകയാണെങ്കിൽ ഒരു സ്കൂളിനു് ഒരു ദിവസം വീതം തന്നെ ഉപയോഗിക്കാനസാദ്ധ്യമാണു്. പിന്നെ ഓരോ സ്കൂളിലേയ്ക്കു് എത്താനുള്ള യാത്രാസമയവും ഇതിൽനിന്നും കുറക്കേണ്ടിയിരിക്കുന്നു. പോരെങ്കിൽ ഭരണജോലിക്കായി ആപ്പീസിലും എത്രതാനും ദിവസങ്ങൾ കഴിച്ചുകൂട്ടണം. ഇതിലൊക്കെ കഷ്ടമായിട്ടു് ഓരോ സ്കൂൾ ഓരോ ആണ്ടിൽ, പ്രയോജനമുണ്ടെങ്കിലും ഇല്ലെങ്കിലും ഇത്രപ്രാവശ്യം പരിശോധിക്കണമെന്നും നിൎബ്ബന്ധമായിരിക്കുന്നു. ഈ പരിധികളെല്ലാം എന്റെ മുഖ്യധൎമ്മത്തിന്റെ നിൎവ്വഹണത്തിനു വിഘാതങ്ങളാകുന്നു.

എന്തായാലും ഞാൻ ആദ്യമായി പല പരിശോധകന്മാരുടേയും നയങ്ങളെപ്പററി വായിച്ചുനോക്കാൻതുടങ്ങി. മാത്യു ആർനാൾഡ് ഒരു പരിശോധകനായിരുന്നല്ലോ. അദ്ദേഹത്തിന്റെ അഭിപ്രായം, അദ്ധ്യാപകന്മാർ പഠിപ്പിക്കുന്നതുകണ്ടു് അതിൽ ചില ഭാഗം നന്നായി, ചിലതു ചീത്തയായി എന്നുപറയുന്നതിലധികം പ്രയോജനം അവൎക്കു് ജ്ഞാനസമ്പാദനാസക്തി ഉണ്ടാക്കുന്നതിലാണെന്നാണു്. അദ്ദേഹം ചെല്ലുന്നിടങ്ങളിലൊക്കെ

ജ്ഞാനദീപം കൊളുത്തിക്കൊണ്ടു ചെല്ലുകയുള്ളൂ. അദ്ദേഹത്തിന്റെ വരവിനെ പ്രതീക്ഷിച്ചിരിക്കുക; അദ്ദേഹവുമായുള്ള സംഭാഷണം നൾകുന്ന പരമാനന്ദം അനുഭവിക്കുക ഇവയായിരുന്നു അദ്ദേഹത്തിന്റെ കീഴിലുള്ള അധ്യാപകന്മാരുടെ അനുഭവം. ഒരധ്യാപകനോട്ട് അയാളുടെ ജ്ഞാനസമ്പാദനോദ്യമങ്ങളെപ്പററി കാൽ മണിക്കൂറു സംസാരിച്ചാൽ അയാളുടെ ശരിയായ നില മനസ്സിലാക്കാൻ പ്രയാസമില്ല. ഇൻസ്പെക്ടർ ഇതന്വേഷിക്കുമെന്നു വരുമ്പോൾ അദ്ദേഹവുമായി രസമായി സംസാരിക്കാൻ ഒരു മോഹം ഏതധ്യാപകനും ഉണ്ടാകും. ദ്രവ്യത്തെ അപേക്ഷിച്ച് ജ്ഞാനസമ്പത്തിന് ഒരു വിശേഷമുണ്ട്. ധനികനു ദ്രവ്യം കൂടുംതോറും അതു് അന്യനു കൊടുക്കാൻ വൈമുഖ്യം തോന്നുന്നു. ജ്ഞാനമോ—കൂടുംതോറും അതു് അന്യക്കു കൊടുക്കാനാണു ജ്ഞാനിക്കു തോന്നുന്നതു്. അതുകൊണ്ടു ജ്ഞാനപ്രദായകരായ അധ്യാപകന്മാർ ജ്ഞാനാന്വേഷികളാകുക. ജ്ഞാനം അവക്കു കിട്ടിയാൽ അതു് അന്യനു പ്രദാനംചെയ്വാൻ ഉൽകണ്ഠ അവക്കുണ്ടാകും. യുക്തമായ രീതി കണ്ടുപിടിക്കാൻ അവർ ഉററു് ശ്രമിക്കും. അപ്പോൾ പരിചയമുള്ള അധ്യാപകന്മാർ ഒന്നു സഹായിച്ചാൽമതി. ഇതായിരുന്നു ആർനാൾഡിന്റെ നയം. അദ്ദേഹത്തെക്കാണാനും സംസാരിക്കാനും അധ്യാപകന്മാരുമാത്രമല്ല, ദേശവാസികൾക്കൂടി ഏററവും ആഗ്രഹത്തോടെകാത്തിരുന്നു. ദരിദ്രന്മാരായ അധ്യാപകന്മാരെ ഈ വിഷയത്തിൽ സഹായിക്കാനായി അദ്ദേഹം കുറെ പുസ്തകങ്ങൾ വാങ്ങി വായ്പയായി അവക്കു കൊടുത്തും അവരെക്കൊണ്ടു ജ്ഞാനം സമ്പാദിപ്പിച്ചിരുന്നു.

ഇതു വളരെ നല്ലതാണെന്നുതോന്നി. ഞാൻ ഒരു പുസ്തകമുണ്ടാക്കി. ഓരോ സ്കൂൾ സന്ദർശിക്കുമ്പോഴും ആ പുസ്തകം എന്റെ കൈവശമുണ്ടാകും. ഒരധ്യാപകനോടു സംസാരിച്ചുകഴിഞ്ഞാൽ അയാളുടെ വായനയുടേയും പരിശ്രമത്തിന്റേയും വിവരം ഞാൻ പുസ്തകത്തിൽ അയാൾക്കായി നിർദ്ദേശിച്ചിരിക്കുന്ന പുറത്തു കുറിക്കും. അടുത്തതവണ അയാളെക്കാണുമ്പോൾ സംഭാഷണം ഫലപ്രദമാംവണ്ണം തുടരാൻ ഈ കുറിപ്പുപകരിക്കും. ജ്ഞാനസമ്പാദനത്തിനു ഔൽസുക്യം കാണിക്കുന്നവരായിരുന്നു ബോധനക്രമത്തെ അഭിനന്ദിച്ചിരുന്നവരും അധ്യാപകവൃത്തിയിൽ അതു പ്രയോഗിച്ചിരുന്നവരും എന്നു് എനിക്കറിയാൻകഴിഞ്ഞു.

വേറെ ചില പരിശോധകന്മാർ ഉത്തമാധ്യാപകന്മാരായി പരിലസിച്ചിരുന്നവരായിരുന്നു. അവരുടെ നയം ഒന്നു വേറെയായിരുന്നു. അവർ ഒരു ക്ലാസിൽചെന്നാൽ അധ്യാപകനെ വളരെ ബഹുമാനിച്ചു താൻതന്നെ ആ ക്ലാസ് പഠിപ്പിക്കും. 'നിങ്ങളുടെ അധ്യാപകൻ പറഞ്ഞതുപോലെ' എന്നു പല തവണയും ഒരു പൊടിക്കയ്യായി പ്രയോഗിക്കയും ചെയ്യും. ഇദ്ദേഹം പഠിപ്പിച്ചതുപോലെ താനും പഠിപ്പിക്കും എന്നു് ഒരു നി

ശ്ചയം അദ്ധ്യാപകൻ ഉടനെ ചെയ്യും; കൊണ്ടുപിടിച്ചു ശ്രമിക്കും; ഈ നയത്തിനു 'ക്രിയാകേവലമുത്തരം' എന്നു പറയാം. അദ്ധ്യാപകന്റെ ദൂഷ്യമെന്താണെന്നു പറയുന്നില്ല. അയാളെ തന്റെ 'കീഴ്ജീവനക്കാരനെന്നു' വച്ചു പുച്ഛിക്കുന്നില്ല. കൂട്ടുകാരനായി മാനിക്കയാണു ചെയ്യുന്നതു്. കുട്ടികൾക്കും തങ്ങളുടെ അദ്ധ്യാപകനെ പരിശോധകൻ മാനിക്കുന്നതു കാണുമ്പോൾ അദ്ധ്യാപകനെപ്പററി ഒരഭിമാനവും ബഹുമാനവും സ്നേഹവുംകൂടി ഉണ്ടാകുന്നു. അദ്ധ്യാപകനാകട്ടെ, തന്റെ ശ്രമത്തെ അഭിനന്ദിച്ചുകാണുന്നതു് ഉത്സാഹജനകവുമാണല്ലോ. ഈ നയം ആകുന്നിടത്തോളം പരിശോധിച്ചുനോക്കിയതിൽ വിജയകരമായിട്ടാണു് കണ്ടിട്ടുള്ളതു്. പക്ഷെ, അലസന്മാരും കൃത്യബോധശൂന്യന്മാരുമായവർക്കു തൽക്കാലം ഈ നയം അഭിനന്ദിക്കാൻ കഴിഞ്ഞില്ലെന്നുവന്നേക്കാം. കാലക്രമത്തിൽ ഈ നയം ഏവനേയും നന്നാക്കുന്നതാണു; സംശയമില്ല.

ഇനി സാധാരണ പരിശോധനാനയം ഉണ്ടു്. അതു് സർവ്വത്ര വർജ്ജ്യമായിട്ടാണു് തോന്നുന്നതു്. ഈ നയം പ്രയോഗിക്കുന്നവൻ താൻ സർവ്വജ്ഞനാണെന്നും, അദ്ധ്യാപകർ കീടങ്ങളാണെന്നും അവരുടെ പോരായ്മകളെ കണ്ടുപിടിക്കുന്നതിലും അവരെ ഭയപ്പെടുത്തുന്നതിലുമാണു് തന്റെ സാമർത്ഥ്യം എന്നും കരുതി സഹിക്കവഹിയാത്ത ഒരഹംഭാവത്തോടും ഒരു പുച്ഛച്ചിരിയോടുംകൂടിയാണു് പരിശോധകൻ ക്ലാസിൽ കയറിച്ചെല്ലുന്നതു്. അദ്ധ്യാപകൻ ഒന്നു രണ്ടു് അബദ്ധങ്ങൾ പ്രയോഗിച്ചാൽ അയാളെ പലപ്പോഴും കുട്ടികളുടെ മുമ്പിൽവച്ചു്തന്നെ ഒന്നു് ഹസിച്ചു്, തന്റെ റിപ്പോർട്ടിനു് വകയായി എന്നുള്ള സംതൃപ്തിയോടുകൂടി ക്ലാസിൽനിന്നും പരിശോധകൻ പുറത്തിറങ്ങും. ഇയാളുടെ പരിഹാസത്താലുണ്ടായ കുറച്ചിലുതീർക്കാൻ വാദ്ധ്യാർ കുട്ടികളോടു് ഇയാളെ ഇടിച്ചുപറഞ്ഞു് സ്വന്തനില സ്ഥാപിക്കാൻനോക്കും. ഇയാളുടെ അഭിപ്രായം വിലയുള്ളതാണെങ്കിൽതന്നെ അദ്ധ്യാപകൻ അതിനെ നിന്ദിക്കയെയുള്ളു. അനുഭാവമില്ലെങ്കിലുണ്ടോ അഭിനന്ദനമുണ്ടാകുന്നു. ഇത്തരം പരിശോധകരെ സി ഐ. ഡി. ഇൻസ്പെക്ടരന്മാരാക്കുകയായിരിക്കും ഉത്തമം. സ്കൂളിൽ കുട്ടികളുടെ വികാരങ്ങളെ സന്മാർഗ്ഗപന്ഥാവിൽക്കൂടി നയിച്ചുകൊണ്ടുപോകേണ്ടതാകയാൽ അവർ മാതൃകയായി കരുതുന്ന അദ്ധ്യാപകനെ അവരുടെ മുമ്പിൽ വച്ചു് ഹസിക്കുന്നതു് ഒട്ടും ഗുണമല്ല. ഈ വക പരിശോധനകൊണ്ടു് ഇൻസ്പെക്ടർ കേമനാണെന്നു വിചാരിക്കാനുള്ള വിഢിത്തം മേലുദ്യോഗസ്ഥനുണ്ടെങ്കിൽ ആ മെച്ചം ഇൻസ്പെക്ടർക്കും കിട്ടിയേക്കാം. ഈ നയം ഒരിക്കലും സ്വീകരിക്കരുതു് എന്നു ഞാനുറച്ചു.

സ്കൂളുകൾ അധികം നോക്കേണ്ട ദിക്കിൽ ഞാനെന്താണു ചെയ്യേണ്ടതു്? സമയവും പോരല്ലോ. ഞാൻ ഒരു നയം സ്വീകരിക്കാൻ നിശ്ച

യിച്ചു 1. ഞാൻ സദാ ജ്ഞാനാന്വേഷിയായിരിക്കും. എന്റെ ദൃഷ്ടാന്തം കണ്ട് അദ്ധ്യാപകന്മാൎക്ക് ഈ മോഹമുണ്ടാകണം. അവൎക്കു ശമ്പളം കുറവാണെങ്കിലും ഞങ്ങൾ ഇരുകൂട്ടരും ഒരേ ഉദ്ദേശത്തോടെ പണിയെടുക്കുന്നവരാകയാൽ അവരെ കൂട്ടുകാരായി ഗണിക്കുകയാണുത്തമമെന്ന് എനിക്കു തോന്നി; ഞാനതിനുറച്ചു. ഓരോ സ്കൂളിലും എല്ലാ വിഷയങ്ങളെയും പരിശോധിച്ചു എന്നു നടിച്ചു റിപ്പോർട്ടയക്കുന്നതിൽ ഭേദം സ്കൂളുകളെ സൗകര്യംപോലെ ചില കൂട്ടങ്ങളായി തിരിച്ച് ഓരോ കൂട്ടത്തിലും ഓരോ വിഷയത്തിന്റെ പരിഷ്കാരത്തിനു ശ്രമിച്ചു. ഒരു സ്കൂളിൽ ചെന്നിരുന്നാൽ അവിടത്തെ പരിഷ്കാരവിഷയം സ്വീകരിച്ചിട്ടുള്ള മററു സ്കൂൾ അദ്ധ്യാപകന്മാരെ അവിടെവരുത്തി അവരുടെ ശ്രമഫലം പരസ്പരം ആലോചിച്ചറിഞ്ഞ് ഉത്സാഹികളെ വീണ്ടും ഉത്സാഹിപ്പിച്ചും അലസന്മാരെ ലജ്ജിപ്പിച്ച് ഉത്സാഹിപ്പിച്ചും വിഷയത്തിൽ കാലാനുസൃതമായ രീതി പരിഷ്കാരം വരുത്തി. ഇവയെപ്പററി സവിസ്തരം ഒരു റിപ്പോർട്ടും എഴുതി ഈ രീതിയിൽ എല്ലാക്കൂട്ടങ്ങളിലുമായി സകല അദ്ധ്യയനവിഷയവും പരിഷ്കൃതമാക്കി ഈ റിപ്പോർട്ടുകൾ സ്കൂൾ കൂട്ടങ്ങൾ തങ്ങളിൽ കൈമാറി. ഇയ്യാണ്ടു കണക്കു പരിഷ്കരിച്ച സ്കൂൾക്കൂട്ടം അടുത്താണ്ടു ഭാഷാദ്ധ്യാപനരീതി പരിഷ്കരിച്ചു തുടങ്ങി. അതിന് ഇയ്യാണ്ടു ഭാഷാഭ്യാസനപരിഷ്കാരം ചെയ്ത സ്കൂൾക്കൂട്ടത്തിന്റെ റിപ്പോർട്ടു ഫലപ്രദമായി. ഈ കൈമാററത്തിൽ എനിക്കു നാലഞ്ചു വൎഷംകൊണ്ട് എല്ലാ സ്കൂളുകളിലും അഭ്യസനരീതികളെ പരിഷ്കരിക്കുക സാധിച്ചു. ഇത്രയും കഴിഞ്ഞപ്പോൾ ആണ്ടുതോറും മുൻപരിഷ്കരിച്ച സ്കൂളുകളിൽ നൂതനസമ്പ്രദായം ആരായാനും പരീക്ഷിക്കാനും സ്ഥാപിക്കാനും സംഗതിവന്നു. എന്റെ കൂട്ടുകാരായ അദ്ധ്യാപകവൎഗ്ഗം അഭ്യസനപരിഷ്കാരവിഷയത്തിൽ പാടവപട്ടുകളായി.

എന്നാൽ ഒരു രഹസ്യം ഞാൻ ഇതിൽ ദീക്ഷിച്ചിരുന്നു. അദ്ധ്യാപകന്മാൎക്കു തങ്ങൾ എന്നേക്കാൾ നിസ്സാരന്മാരാണെന്നും എന്റെ ആജ്ഞയെ അക്ഷരംപ്രതി അനുഷ്ഠിക്കയാണു തങ്ങളുടെ ധൎമ്മം എന്നും ഒരു ശങ്കപോലും അവരെ തീണ്ടാൻ ഞാൻ അനുവദിച്ചില്ല. അവരെ ഞാൻ മനസ്സിലാക്കാൻ നോക്കിയതും മനസ്സിലാക്കിയതും തങ്ങളുടെ വിഷയം ഗഹനമാണെന്നും അതിൽ ബുദ്ധിയും ശ്രമിക്കാൻ മനസ്സുമുള്ളവനു പലതും ചെയ്യാനുണ്ട് എന്നും ചെയ്യാൻ സാധിക്കുമെന്നും ഉള്ളതായിരുന്നു. അഭ്യസനരീതി എന്നന്നേയ്ക്കും തീൎച്ചപ്പെട്ടുപോയി, അതു പഠിച്ചനുസരിക്കമാത്രമാണ് ഒരദ്ധ്യാപകന്റെ ധൎമ്മമെന്ന് എപ്പോൾ ഒരദ്ധ്യാപകനു തോന്നുന്നുവൊ അന്ന് ആ അദ്ധ്യാപകൻ, അദ്ധ്യാപകവൃത്തിക്ക് അപ്രാപ്തനായി, അയാളെ ഉടനെ പെൻഷനൊ, വേണമെങ്കിൽ കൈക്കൂലിയൊ കൊടുത്തു പിരിച്ചു വിടുകയാണു വിദ്യാഭ്യാസത്തിനു ലാഭമായ നയം. ഇതാ

യിരുന്നു എന്റെ വിശ്വാസം. നോട്ടെഴുതുന്നതിലും പാഠം നിശ്ചയിക്കുന്നതിലും അത്യാവശ്യപ്പെട്ടാൽ ചില സൂചനകൾ ധ്വനിപ്പിക്കയല്ലാതെ ഞാൻ സവിസ്തരം ഒരു രീതി നിർദ്ദേശിക്കയില്ലെന്നുറച്ചു. നാലഞ്ചു വർഷത്തിനുള്ളിൽ എന്റെ പ്രവൃത്തി പൂതോറും തേൻതേടുന്ന തേനീച്ചകളുടേതുപോലെ ഓരോ സ്കൂളിൽ കാണുന്ന നന്മകളെ ശേഖരിച്ചു മററു സ്കൂളുകളെ അറിയിക്കുക മാത്രമായി. വായിക്കുന്നതിലും ചിന്തിക്കുന്നതിലും എന്റെ അദ്ധ്യാപകന്മാർക്കു വലുതായ ഒരാവേശം സാധാരണമായി. അവർക്കും കുട്ടികൾക്കും തങ്ങളിൽ സ്നേഹബഹുമാനങ്ങൾ ഗാഢമായിത്തീർന്നു.

ഞാനെന്റെ ആദ്യാനുഭവങ്ങളെയും ഇന്നത്തെ അനുഭവങ്ങളേയും ഒന്നു താരതമ്യപ്പെടുത്തി നോക്കി. ഹാ! എന്തന്തരം! 1. ആദ്യം എന്നെക്കണ്ടപ്പോൾ ഭീതിനടിച്ചു, തങ്ങളുടെ ആശയങ്ങളെ മറച്ചുവച്ചു, എന്റെ ഹിതം ലക്ഷിക്കാനായി തങ്ങൾക്കു രസിക്കാത്ത പല രീതികളും അഭിനയിച്ചിരുന്ന വാദ്ധ്യാന്മാർ ഇന്നു എന്നെക്കാണുമ്പോൾ തങ്ങളുടെ ഉററ ചങ്ങാതിയെന്നമട്ടിൽ ഉള്ളു തുറന്നു പറകയും താങ്കൾ കണ്ടുപിടിച്ച പുതിയ രീതികളെപ്പററി അഭിമാനപൂർവ്വം എന്നെ അറിയിക്കുകയും എന്റെ സഹായം വേണ്ട ദിക്കിൽ ആവശ്യപ്പെടുകയും തർക്കവിഷയത്തെപ്പററി സ്നേഹവിശ്വാസങ്ങളോടുകൂടി നിർഭയം സധൈര്യം തർക്കിക്കുകയും ചെയ്തു തുടങ്ങി. 2. പണ്ടു ഞാൻ വരുന്നു എന്നു കേൾക്കുമാത്രയിൽ പ്രത്യേകം ഒരുക്കങ്ങൾ ചെയ്തു ഈ മഹാമാരി വന്നു പോയാൽ മതിയെന്നു വിചാരിച്ചിരുന്നവർ ഞാൻ ചെല്ലാൻ വൈകിയിട്ടു് അക്ഷമന്മാരായും ഞാൻ പോകുമ്പോൾ വലിയ കുണ്ഠിതമുള്ളവരായും തീർന്നു. 3. അന്നു കേവലം കൂലിവേല ചെയ്തിരുന്നവർ ഇന്നു മഹത്ബുദ്ധിസംസ്കരണം ചെയ്തു കാണുന്നു. 4. പണ്ടു എന്റെ അശക്ത വിരോധികളെന്നമട്ടിൽ പെരുമാറിയിരുന്നവർ ഇന്നു എന്റെ അതിശക്ത സഹായികളായി ഭവിക്കുന്നു. എന്റെ പരിശോധന എനിക്കും അദ്ധ്യാപകന്മാർക്കും ഒരുപോലെ പരമാനന്ദകരമായിരിക്കുന്നു.

## അഗസ്ത്യമഹർഷി.

(പി. അനുജൻ അച്ഛൻ)

സപ്തസിന്ധുതീരങ്ങളിൽക്കൂടി വിന്ധ്യപർവ്വതവും കടന്നു 'ദക്ഷിണാപഥത്തെ' പ്രാപിച്ചിട്ടുള്ള വൈദിക ആര്യന്മാരിൽ ഒരു പ്രധാനിയായിരുന്നു 'കുംഭസംഭവ'നായ അഗസ്ത്യൻ. ഇദ്ദേഹത്തെക്കുറിച്ചു പുരാണങ്ങളിൽ പലേടത്തും പല കഥകളും പറഞ്ഞുകാണുന്നുണ്ടു്, അഗസ്ത്യൻ

വലിയ ശിവഭക്തനായിരുന്നു. കാശിയിലെ ശിവക്ഷേത്രത്തിലായിരുന്നു ഇദ്ദേഹം അധികകാലം കഴിച്ചിരുന്നത്. വിദർഭരാജപുത്രിയായ ലോപാമുദ്രയെ ഇദ്ദേഹം വിവാഹം ചെയ്തു. എന്നാൽ ഉത്തരഇൻഡ്യയിൽ വളരെക്കാലം താമസിക്കുവാൻ ഇദ്ദേഹത്തിനു തരപ്പെട്ടില്ല. അക്കാലത്ത് ദക്ഷിണദേശങ്ങളിലേക്ക് തെരുതെരെ വന്നുകൊണ്ടിരുന്ന ആര്യന്മാരിൽ ഒരു കൂട്ടരുടെ നേതൃത്വം സ്വീകരിച്ച് അഗസ്ത്യർക്ക് തെക്കോട്ടു പുറപ്പെടേണ്ടി വന്നു. പിന്നെ അദ്ദേഹം തിരിച്ചുപോയിട്ടില്ല. ഇത്തരം യാത്രയെ 'അഗസ്ത്യയാത്ര' എന്ന് ഇപ്പോഴും ചില ദിക്കുകളിൽ വ്യവഹരിച്ചുവരാറുണ്ട്. ഇദ്ദേഹത്തിന്റെ വേർപാട് ഉത്തരദേശക്കാർക്കൊരു നഷ്ടമായെങ്കിലും അതുകൊണ്ടു ദക്ഷിണദേശത്തിന്ന് വളരെ ലാഭമുണ്ടായിട്ടുണ്ടെന്ന് വഴിയെ അറിയാം.

തെക്കെ ഇൻഡ്യയിലെ കാടുകൾ വെട്ടിത്തെളിയിച്ച് നാടുകളാക്കിത്തീർക്കുന്ന കാര്യത്തിൽ അഗസ്ത്യൻ വളരെ ശ്രമം ചെയ്തിട്ടുണ്ടെന്ന് വിചാരിക്കണം. ഇതിനെക്കുറിച്ച് രാമായണം ആരണ്യകാണ്ഡത്തിൽ (11-31) കാണ്മാനുണ്ട്. ദക്ഷിണദിക്കിലേക്ക് യാത്ര ചെയ്തിരുന്ന സമയം ഇദ്ദേഹം പലേടത്തും പല ആശ്രമങ്ങളും സ്ഥാപിച്ചിട്ടുണ്ട്. അവയെ ഇപ്പോഴും "അഗസ്ത്യാശ്രമങ്ങൾ" എന്ന പേരിൽ അറിഞ്ഞുവരുന്നു. ശ്രീരാമചന്ദ്രൻ, ദണ്ഡകാരണ്യത്തിന്റെ സമീപം "നാസികാ" എന്ന ദിക്കിലുള്ള അഗസ്ത്യാശ്രമത്തിലായിരുന്നുവല്ലോ എഴുന്നള്ളി താമസിച്ചിരുന്നത്. വിശേഷിച്ച്, അഗസ്ത്യന്റെ പ്രതാപംകൊണ്ട് ഇല്വലൻ, വാതാപി തുടങ്ങിയ അസുരന്മാരുടെ ശക്തിക്കുകൂടി നാശം സംഭവിച്ചിട്ടുണ്ടെന്നുള്ള പഴങ്കഥകൾ ഇപ്പോഴും ജനങ്ങളുടെ ഇടയിൽ നടപ്പുണ്ട്. ആര്യമതത്തിന്ന് ദക്ഷിണദേശത്തിൽ ആദ്യകാലത്ത് വല്ല പ്രചാരവും സിദ്ധിച്ചിട്ടുണ്ടെങ്കിൽ അത് അഗസ്ത്യമുനിയുടെ നിരന്തരപരിശ്രമംകൊണ്ടുതന്നെ ആയിരുന്നു എന്നു പറയാം

അഗസ്ത്യന്റെ പ്രതാപം രാജധാനികളിൽകൂടി എത്തിയിരുന്നു. അദ്ദേഹം ഒന്നിലധികം രാജാക്കന്മാരുടെ, വിശേഷിച്ച് പാണ്ഡ്യരാജവംശത്തിന്റെ കുലഗുരുവായി വാണിരുന്നുവെന്ന് ചില ശിലാരേഖകളിൽ കാണ്മാനുണ്ട്. സ്കാന്ദപുരാണത്തിൽ (മഹേശ്വരകാണ്ഡം, അരുണാചലമാഹാത്മ്യം) വജ്രാംഗദൻ എന്ന ഒരു പാണ്ഡ്യരാജാവ്, ദ്രാവിഡദേശത്തുള്ള ശോണാദ്രിയിൽകൂടി കുതിരയെ ഓടിച്ച് ഒരു ക്ഷേത്രം അശുദ്ധമാക്കിയതിന്നു പ്രതിവിധിയായി ശോണേശ്വരനായ ശിവങ്കൽ അർച്ചനചെയ്വാനും, അദ്ദേഹത്തിന്റെ സർവ്വസ്വവും ദേവങ്കൽ അടിയറവയ്ക്കാനും അഗസ്ത്യൻ ഉപദേശിച്ചതായി പറഞ്ഞിരിക്കുന്നു. ഈ പ്രവൃത്തികൊണ്ടു വജ്രാംഗദൻ അഗസ്ത്യന്റെയും ലോപാമുദ്രയുടെയും പ്രീതിക്ക് പാത്രീഭവിച്ചു.

അഗസ്ത്യൻ വലിയൊരു കുടുംബിയുമായിരുന്നു. ആ വംശത്തിൽപ്പെട്ടവരെ അഗസ്ത്യഗോത്രക്കാരെന്നു പറയുന്നു. അഗസ്ത്യഗോത്രത്തിൽപെട്ട ചിലർ ഇൻഡ്യയിൽ ഇപ്പോഴുമുണ്ടു്. അഗസ്ത്യൻ ശിവഭക്തനായിരുന്നുവെന്നു പറഞ്ഞുവല്ലോ. ശിവലിംഗാർച്ചനയും, വൈദ്യശാസ്ത്രവും തെക്കെ ഇൻഡ്യയിൽ ആദ്യം നടപ്പാക്കിയതു് അഗസ്ത്യനാണെന്നത്രെ വിശ്വസിച്ചു വരുന്നതു്. പഴയ തമിഴ്പണ്ഡിതന്മാരുടെ ഇടയിൽ വേറെയും ചില വിശ്വാസങ്ങൾ നടപ്പുണ്ടു്. തമിഴ് ഭാഷയുടേയും ലിപിയുടേയും കണ്ടുപിടിത്തക്കാരൻ അഗസ്ത്യമഹർഷിയായിരുന്നു; അദ്ദേഹത്തിൻെറ തമിഴ് വ്യാകരണത്തിന്നു "അഗത്തിയം" എന്നായിരുന്നു പേർ. ബിംബാരാധനനെക്കുറിച്ചു് "അഗസ്തീയ സകളാധികാരം" എന്നൊരു ഗ്രന്ഥവും ആ മഹർഷിവര്യൻ എഴുതിയുണ്ടാക്കിയതായി ഒരു ശ്രുതിയുണ്ടു്.

അഗസ്ത്യർക്കു പന്ത്രണ്ടു ശിഷ്യന്മാരുണ്ടായിരുന്നു. അഗസ്ത്യരുടെ സ്മാരകമായി വളരെ ക്ഷേത്രങ്ങൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും കന്യാകുമാരിക്കടുത്തുള്ള "പതിഗൈ"എന്ന മലയിലാണു് അദ്ദേഹം ഇപ്പോഴും കുടികൊള്ളുന്നതെന്നാണു് വിശ്വസിച്ചു വരുന്നതു്.

അഗസ്ത്യനെ പ്രതിഷ്ഠചെയ്തു പൂജിച്ചുവരുന്ന ക്ഷേത്രങ്ങൾ ഇപ്പോഴുമുണ്ടു്. അദ്ദേഹത്തെ സംബന്ധിച്ച ധ്യാനശ്ലോകങ്ങൾ സ്കാന്ദപുരാണത്തിലും അഗ്നിപുരാണത്തിലും കാണാം. "പതിഗൈ" മലയിൽ എന്നപോലെ, തെക്കെ സമുദ്രതീരത്തു "വേദാരണ്യം" എന്ന ദിക്കിലുള്ള ഒരു ക്ഷേത്രത്തിലും അഗസ്ത്യമുനിയുടെ സാന്നിധ്യമുണ്ടെന്നു പറയപ്പെടുന്നു. ഇവിടത്തെ അഗസ്ത്യവിഗ്രഹം തലയിൽ ജടാഭാരത്തോടും, മുഖത്തു നീണ്ട ശ്മശ്രുക്കളോടും, കുംഭോദരത്തോടും കൂടിയതാകുന്നു. ഒരു കൈയിൽ അക്ഷമാലയും മറേറതിൽ ഒരു കുടവുമുണ്ടു്. അടുത്തകാലത്തു കണ്ടുകിട്ടിയിട്ടുള്ള നിരവധി ചെമ്പുവിഗ്രഹങ്ങൾ മേൽപറഞ്ഞ അടയാളങ്ങളെക്കൊണ്ടു് അഗസ്ത്യമുനിയുടേതാണെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു.

തെക്കെ സമുദ്രതീരത്തുള്ള വേദാരണ്യംവരെ അഗസ്ത്യരുടെ ശക്തിക്കു വ്യാപ്തിയുണ്ടായിട്ടുണ്ടെങ്കിൽ അവിടന്നങ്ങോട്ടും അങ്ങിനെ ഉണ്ടായിക്കൂടെന്നുണ്ടോ? ഇല്ല. ഇൻഡ്യാസമുദ്രത്തിന്നു "പീതസാഗര"നായ അഗസ്ത്യമുനിയുടെ ശക്തിയെ തടയുവാനുള്ള ശക്തിയുണ്ടാവാൻ വഴിയില്ല. "കുംഭസംഭവ"നാണെങ്കിലും ഇദ്ദേഹം സമുദ്രവുംകൂടി കുടിച്ചുവററിച്ചിട്ടുള്ള ഗംഭീരപുരുഷനാണല്ലോ!

ദക്ഷിണഇന്ഡ്യയിൽ വളരെ ശിവക്ഷേത്രങ്ങൾ പണിചെയ്യിച്ച ശിവലിംഗാർച്ചനയിൽ ജനങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്ന അഗസ്ത്യൻ, കിഴക്കെ സമുദ്രത്തിൻേറയും അപ്പുറമുള്ള ദ്വീപാന്തരങ്ങളിൽ ഇപ്പോഴും "ശിവാരാധനതല്പര"നായിട്ടുതന്നെ അറിയപ്പെടുന്നു. കംബോഡിയാ എന്നു പറയുന്ന "കംബുദേശ"ത്തു കണ്ടുകിട്ടിയിട്ടുള്ള വളരെ ശിലാരേഖകളിൽ

അഗസ്ത്യമുനിയെക്കുറിച്ച് അദ്ദേഹം ആൎയ്യാവൎത്തത്തിൽനിന്നു വന്ന ഒരു ബ്രാഹ്മണനും ശിവഭക്തനുമാണെന്നും, കംബുദേശത്തു "ശ്രീഭദ്രേശ്വരൻ" എന്ന പേരിൽ ശിവലിംഗത്തെ ജനങ്ങളെക്കൊണ്ട് അൎച്ചനചെയ്യിക്കുവാനായി വന്ന ആളാണെന്നും, അദ്ദേഹം വളരെക്കാലം ശിവനെ സേവിച്ചുകൊണ്ട് അവിടെവച്ചുതന്നെ മോക്ഷം പ്രാപിച്ചു എന്നും എഴുതിക്കാണുന്നു.

വേറെ ഒരു ശിലാരേഖയിൽ "അഗസ്ത്യൻ കംബുദേശത്തുള്ള മഹീസിദ്ധമെന്ന വംശത്തിലെ യശോമതി എന്ന കന്യകയെ വിവാഹം ചെയ്തുവെന്നും, ഇവൎക്കുണ്ടായ നരേന്ദ്രവൎമ്മൻ എന്ന പുത്രൻ പിന്നെ കംബുദേശാധിപനായി വാണു എന്നും പറഞ്ഞിരിക്കുന്നു. ഈ സംഗതി വേറെയും ചില രേഖകളാൽ [illegible]യുന്നതുകൊണ്ട് അഗസ്ത്യൻ അവിടത്തെ ഒരു രാജവംശസ്ഥാപകനുമായിരുന്നുവെന്നു വിചാരിക്കാം. കംബുദേശത്തു അനവധി വലിയ ശിവക്ഷേത്രങ്ങളുണ്ട്. അവിടത്തെ ചിലവുകൾക്ക് ഈ രാജവംശത്തിൽനിന്നും വളരെ വസ്തുവകകൾ നീക്കിവച്ചിട്ടുള്ളതായും കാണുന്നു.

കംബുദേശത്തെന്നപോലെ, ശ്യാമദേശത്തും (സയാം) അഗസ്ത്യന്റെ ശക്തികൊണ്ട് ആൎയ്യമതത്തിന്നു പ്രചാരം സിദ്ധിച്ചിരുന്നു. ഇവിടെയും തെക്കെ ഇൻഡ്യയിൽനിന്നു കൊണ്ടുപോയിട്ടുള്ള വളരെ പഞ്ചലോഹപ്രതിമകൾ തമിഴ്‌ലിപികളോടുകൂടി കണ്ടുകിട്ടിയിട്ടുണ്ട്. കംബോഡിയായിൽനിന്നു കൊണ്ടുവന്നിട്ടുള്ള "കാംബൂയഹയങ്ങൾ" (കുതിരകൾ) തെക്കെ ഇൻഡ്യയിൽ ഒരു കാലത്തു ധാരാളമുണ്ടായിരുന്നുവെന്നു സ്കാന്ദപുരാണത്തിൽ പറഞ്ഞിട്ടുള്ളതായി കാണാം.

വായുപുരാണം ർവ-ാം അദ്ധ്യായത്തിൽനിന്ന് അഗസ്ത്യമഹൎഷിവേറെയും ചില ദ്വീപുകളെ ആക്രമിച്ചു കൈവശപ്പെടുത്തിയിരുന്നതായി അറിയുന്നു. ബൎഹിണദ്വീപം, (ഒരുപക്ഷെ ഇപ്പോഴത്തെ ബോൎണിയൊ) കുശദ്വീപം, വരാഹദ്വീപം, സൗമ്യദ്വീപം (ഇപ്പോഴത്തെ സണ്ടാ ദ്വീപുകളിൽപെട്ട ഒന്നായിരിക്കാം) ഇവയെല്ലാം ഒരു കാലത്ത് അഗസ്ത്യന്റെ പ്രതാപത്തിന്നു കീഴടങ്ങിയിരുന്നുവത്രെ. മലയദ്വീപിലുള്ള "മഹാമലയപൎവ്വത"ത്തിൽ അഗസ്ത്യൻ ചില കാലത്തു താമസിക്കാറുണ്ടായിരുന്നുവെന്നും വായുപുരാണത്തിൽ കാണുമാനുണ്ട്. സുമാട്ര എന്ന ദ്വീപിൽ 'മലയു' എന്നു പേരായ ഒരു പൎവ്വതം ഇപ്പോഴുമുണ്ടല്ലോ. സുമാട്രയിലും, ബോൎണിയോവിലുംനിന്ന് വളരെ പഴയ സംസ്കൃതശിലാരേഖകളും കണ്ടുകിട്ടിയിട്ടുണ്ട്.

അഗസ്ത്യൎക്ക് യവദ്വീപിലും (ജാവ എന്നിപ്പോൾ വിളിച്ചുവരുന്ന ദ്വീപു) പ്രാബല്യമുണ്ടായിരുന്നു. അവിടത്തെ ഒരു ശിലാരേഖയിൽ "ഒരു

കാലത്തു 'കുഞ്ജരകുഞ്ജദേശ'ത്തുനിന്നു വന്ന 'സഞ്ജയൻ' എന്ന രാജാവു അവിടെ ഒരു ശിവക്ഷേത്രം പണിചെയ്യിച്ചിട്ടുള്ളതായി" പറഞ്ഞതു കാണുന്നു. തുംഗഭദ്രാനദീതീരത്തുള്ള 'ഹംപി' എന്നു പറയുന്ന പഴയ വിജയനഗരരാജ്യത്തു 'കുഞ്ജരക്കോണ' എന്നൊരു കുന്നുണ്ടായിരുന്നുവെന്നും, അവിടെ അഗസ്ത്യമഹർഷിയുടെ ഒരു ആശ്രമമുണ്ടായിരുന്നുവെന്നും അവിടെനിന്നു കിട്ടിയ ചില രേഖകളെക്കൊണ്ടറിയുന്നുണ്ടു്. ഇതുകൊണ്ടു് മഹിക്കേണ്ടതു് ഈ "കുഞ്ജരക്കോണദേശ"ത്തു നിന്നായിരിക്കണം, സഞ്ജയൻ എന്ന രാജാവു യവദ്വീപിൽ ചെന്നിട്ടുള്ളതെന്നാണല്ലോ.

വേറെ ഒരു രേഖകൊണ്ടു "കലശജനായ അഗസ്ത്യൻ 'ഭദ്രലോക'മെന്നൊരു ശിവക്ഷേത്രം യവദ്വീപിൽ പണിചെയ്യിച്ചു്, അദ്ദേഹത്തിന്റെ ഗോത്രത്തിൽ പെട്ടവരുടെ നന്മക്കായി [illegible] അംചെയ്തു"വെന്നു കാണുന്നു. അഗസ്ത്യഗോത്രത്തെക്കുറിച്ചു് ആശ്വലായനഗൃഹ്യസൂത്രത്തിൽതന്നെ പറഞ്ഞിരിക്കുന്നതുകൊണ്ടു് അതിന്റെ പഴമയെക്കുറിച്ചു സംശയിപ്പാൻതന്നെയില്ലല്ലോ.

അഗസ്ത്യൻ വലിയ ശിവഭക്തനായിരുന്നപോലെ, യവദ്വീപിലുള്ളവൎക്കു് അഗസ്ത്യനെക്കുറിച്ചും വളരെ ഭക്തിയുണ്ടായിരുന്നു. അവിടത്തെ രാജാക്കന്മാർ ഇപ്പോഴും അഗസ്ത്യനെ പൂജിച്ചുവരുന്നുണ്ടു്. രാജധാനിയിലെ "സത്യവാചകം"തന്നെ അഗസ്ത്യനെ ഉദ്ദേശിച്ചാകുന്നു. "ആകാശത്തു സൂൎയ്യചന്ദ്രന്മാരുള്ളിടത്തോളംകാലം, നാലുദിക്കുകളിലും വായു ചലിക്കുന്നിടത്തോളംകാലം അഗസ്ത്യനാമത്തെ ആദരവോടെ ബഹുമാനിക്കുന്നതാകുന്നു." എന്നത്രെ ജാവാരാജ്യത്തിൽ ഇന്നും നടപ്പുള്ള "സത്യവാചക"ത്തിന്റെ ചുരുക്കം. അഗസ്ത്യവിഗ്രഹങ്ങളെ 'ശിവഗുരു' എന്നും 'ഭട്ടാരഗുരു' എന്നും ഉള്ള പേരുകളാലാകുന്നു യവദ്വീപിലുള്ളവർ അറിഞ്ഞുവരുന്നതു്. ക്രിസ്താബ്ദം ഏഴാംനൂററാണ്ടിനു മുമ്പുതന്നെ ഈ ദ്വീപുകളിൽ ആൎയ്യമതത്തിന്നു പ്രചാരം സിദ്ധിച്ചിരുന്നുവെന്നു കാണുന്നതുകൊണ്ടു്, അഗസ്ത്യരുടെ പ്രാബല്യകാലം അതിന്നും എത്രയോ മുമ്പായിരുന്നു എന്നു് ഊഹിക്കാവുന്നതാകുന്നു. *

* ഈ ലേഖനം 'രൂപം' എന്ന ത്രൈമാസപത്രികയിൽ അതിന്റെ പത്രാധിപരായ ഒ. സി. ഗങ്ഗുലി എഴുതിയ ഒരു ദീൎഘലേഖനത്തിന്റെ ചുരുക്കം മാത്രമാകുന്നു. അഗസ്ത്യമുനിക്കു ദ്രാവിഡദേശത്തുള്ള പ്രസിദ്ധിപോലെയാണു പരശുരാമന്നു് കേരളത്തിലും. പരശുരാമനെസംബന്ധിച്ചു് കഴിവുള്ള ചരിത്രരേഖകൾ സമ്പാദിച്ചു അവയെ ഇൻഡ്യയിൽ പലേടത്തും ഇപ്പോഴും നടപ്പുള്ളതായ പഴങ്കഥകളോടുകൂട്ടി ബന്ധിച്ച ഒരു ലേഖനം ഈ പരിഭാഷകൻ രണ്ടാം വാല്യം "വിശ്വഭാരതി" മാസികയിൽ ചേൎത്തിട്ടുണ്ടു്. അതിൽ വിവരിച്ചിട്ടുള്ള സംഗതികൾ ഈ ലേഖനവുമായി തട്ടിച്ചു നോക്കേണ്ടതാവശ്യമാകുന്നു.

# മഹദ്വാക്യങ്ങൾ

നിയമം I.

കാൽക്കിൻസ് —"കുട്ടികൾക്കു ജ്ഞാനസംബന്ധമായ പ്രാഥമികതത്വങ്ങൾ ഗ്രഹിക്കുന്നതിന് ഇന്ദ്രിയങ്ങളല്ലാതെ അന്യമാർഗ്ഗങ്ങൾ ഇല്ല"

റസ്കിൻ— "നോക്കാൻ (കാണാൻ) പഠിപ്പിക്കുന്നതു് ഏകകാലത്തിൽ വാക്കും ആലോചനയും സമ്പാദിക്കുകയാകുന്നു."

ആബട്ട് —"കുട്ടിപ്രായത്തിൽ നമുക്കറിവാവുന്നതിൽ അധികം ഭാഗവും നാം കാണുന്നതു മാത്രമായിരിക്കും."

പെസ്റ്റലോസി—"കുട്ടിയുടെ ശക്തി അറിയുകയും മനസ്സു രൂപപ്പെടുത്തുകയും മേൽജോലിക്ക് അതിനെ തയ്യാറാക്കുകയും ചെയ്യുക എന്നതാണ് പ്രാഥമികവിദ്യാഭ്യാസം. കുട്ടിക്കു കണ്ണും, ചെവിയും, വിരലും ഉണ്ടായിരിക്കുന്നതു വസ്തുക്കളിന്മേലും, വസ്തുതകളിന്മേലും ഇവയെ പ്രയോഗിച്ചു് ആശയങ്ങൾ സമ്പാദിക്കുന്നതിനാകുന്നു. സ്വയംവികാസം ആരംഭിക്കുന്നതു് ഇന്ദ്രിയങ്ങൾമുഖേന ഗ്രഹിച്ചിട്ടുള്ള തോന്നലുകളോടുകൂടിയാകുന്നു. ഈ തോന്നലുകൾ ധാരണയെ ഉണ്ടാക്കുന്നു. ധാരണ അറിവിന്റെ അടിസ്ഥാനവും ആയിത്തീരുന്നു."

റൂസോ—"ഒന്നാമതായി വസ്തുക്കൾമുഖേന കുട്ടിയുടെ ഇന്ദ്രിയങ്ങളെ പ്രയോഗിപ്പിക്കണം."

നിയമം 2.

നിരീക്ഷണത്തിൽനിന്ന് കാരണാന്വേഷണത്തിലേക്കു നയിക്കുക(പ്രവേശിക്കുക)

കമ്പാരി—"നിരീക്ഷണശീലമാണ് ഏററവും നല്ല ഗുരു."

ത്രിംഗ് —"സകല ശക്തികളുടേയും ഉത്ഭവം നിരീക്ഷണത്തോടുള്ള സ്നേഹത്തിലാകുന്നു. നിരീക്ഷണം, സ്നേഹം, വേല ഇവയാൽ ആണ് ജീവനേയും മനസ്സിനേയും സംബന്ധിക്കുന്നതായ സകല പ്രവൃത്തികൾക്കും ആവശ്യമുള്ള ഏററവും വലുതായ പരിശീലനം ഉണ്ടാകുന്നതു്".

ഫ്രോബൽ—"നിരീക്ഷണമെന്നതു് ജ്ഞാനത്തിന്റെ അസ്തിവാരമാകുന്നു".

റൂസോ—"അറിവു നിരീക്ഷണത്തിന്മേൽ ആശ്രയിച്ചു നില്ക്കണം. പ്രമാണമല്ലാ അതിനെ താങ്ങേണ്ടതു്."

ആൽക്കോട്ട്—"പ്രധാനഗുരുക്കന്മാർ ആളുകളും പുസ്തകങ്ങളും അല്ല. സ്വാനുഭവവും നിരീക്ഷണവും ആകുന്നു."

പെസ്റ്റലോസി—"പഠിക്കുന്നയാൾ (പഠിതാവു) സ്വന്തം നിരീക്ഷണം കൊണ്ടു് സമ്പാദിച്ചിട്ടുള്ളതു് അയാളുടെ സ്വന്തസ്വത്തായിത്തീരുന്നു. അ്

യാൾക്ക് അതിനെ സ്വന്തവാക്കിൽ എങ്ങിനെയെല്ലാം വ്യാഖ്യാനിക്കയും വിവരിക്കയും ചെയ്യുന്നുവോ അപ്രകാരമെല്ലാം ചെയ്വാൻ കഴിയും."

നിയമം ൩

കുട്ടികളോടു കഴിയുന്നിടത്തോളം കുറച്ചു മാത്രം പറയുകയും അവരുടെ നിരീക്ഷണത്തിന്റെയും അപോഹത്തിന്റെയും ഫലമായി കഴിയുന്നിടത്തോളം കൂടുതൽ അവരെക്കൊണ്ടു "പറയിക്കുക"യും ചെയ്യുക.

ലാൻഡൻ— "ഒരു വസ്തുത പ്രസ്താവിക്കുന്നതു് അതു പഠിപ്പിക്കുകയാകയില്ല."

ഫ്രോബൽ— "പഠിപ്പിക്കുക എന്നതിന്റെ ഉദ്ദേശ്യം വീണ്ടും വീണ്ടും അകത്തു നിന്നു പുറത്തേക്കു വലിച്ചെടുക്കുകയാകുന്നു."

ത്രിംഗ്— "അറിവുശകലങ്ങൾ അകത്തേക്ക് ഇട്ടുകൊടുക്കുന്നതു് അന്തസ്ഥിതശക്തികളെ പുറത്തേക്കു വരുത്തുക ആവുകയില്ല."

മാൻ— "പഠിപ്പിക്ക എന്നതു പറഞ്ഞുകൊടുക്കുകയല്ല; ശീലിപ്പിക്കയും അഭ്യസിപ്പിക്കയുമാണു്."

ഗ്ലാഡ്മൻ— "അദ്ധ്യാപകൻ ചോദിക്കുന്ന ആളും കുട്ടി ഉത്തരം പറയുന്ന ആളും ആയിരിക്കണം."

ത്രിംഗ്— "സോക്രട്ടീസ് എല്ലാം പഠിപ്പിച്ചു; ഒന്നും പറഞ്ഞുകൊടുത്തിട്ടില്ല."

നിയമം ൪

കുട്ടി പ്രവൃത്തിമുഖേന പഠിക്കട്ടെ.

പെസ്റ്റലോസി— "സ്ഥിതിയും പ്രവൃത്തിയും ആദ്യവും അറിവു പിൻപേയും വരേണ്ടതാകുന്നു."

ഫ്രോബൽ— "1. ശക്തിയുടെ വ്യാപാരം മുഖേന വികാസമുണ്ടാകണം. 2. വികാസം ഉണ്ടാകുന്നതു് ഉത്സാഹംകൊണ്ടാകുന്നു. 3. ഓരോ പഠിത്തത്തേയും വിലവെയ്ക്കേണ്ടതു പ്രകൃതി ശക്തിയുടെ വികാസത്തിനനുസരിച്ചാകുന്നു."

ഷെറിഫ്— "സ്വാതന്ത്ര്യവും ചട്ടവും പ്രാപ്തിയായ ആളുകളെ എന്നപോലെതന്നെ കുട്ടികളേയും സംബന്ധിക്കുന്നു."

ഫ്രോബൽ— "കുട്ടി ഒരു കർത്താവും ഒരു സ്രഷ്ടാവും ആകുന്നു."

പേയ്ൻ— "അറിയുകയും പ്രവർത്തിക്കയും ഒരുമിച്ചു നടക്കണം."

ഫ്രോബൽ— "പ്രവൃത്തിമുഖേന പഠിക്കുക."

റൂസോ— "കുട്ടിയുടെ മനഃശക്തിയുടെ പ്രസരണത്തിനു മാർഗ്ഗമുണ്ടാക്കിക്കൊടുക്കുക."

ഫ്രോബൽ— കാണപ്പെടുന്ന എല്ലാററിന്റെയും, ഉള്ളതായ എല്ലാററിന്റെയും, ബുദ്ധിശക്തി സംബന്ധമായ എല്ലാ ധാരണകളുടേയും ഉത്ഭവസ്ഥാനം പ്രവൃത്തിയാകുന്നു."

(അദ്ധ്യാപകൻ)

# കുറിപ്പുകൾ.

## "അദ്ധ്യാപകന്മാരോട്"

"എല്ലാത്തൊഴിലുകളിലുംവെച്ചു മാഹാത്മ്യമേറിയതാണ് അദ്ധ്യാപകവൃത്തി. മുൻകാലങ്ങളിൽ അദ്ധ്യാപകന്മാൎക്ക് ഇന്നാട്ടിൽ അതിമാന്യമായ സ്ഥാനമുണ്ടായിരുന്നു. ഇന്നത്തെ അദ്ധ്യാപകനു പണ്ടത്തെ അദ്ധ്യാപകനെപ്പോലെ അദ്ധ്യേതാക്കളിൽ മതനിഷ്ഠ വരുത്തുവാൻ വേണ്ട ശിക്ഷ നൽകുവാനുള്ള പ്രാപ്തി തീരെ ഇല്ല. ചില നിബന്ധനകൾക്കുൾപ്പെട്ടു പള്ളിക്കൂടങ്ങളിൽ മതാഭ്യസനം അനുവദിക്കപ്പെട്ടിരിക്കുന്ന ഇക്കാലത്തു നിങ്ങൾക്കു ലഭ്യമായിരിക്കുന്ന സൌകൎയ്യത്തെ പൂൎണ്ണമായി ഉപയോഗിക്കുവാൻ നിങ്ങൾ ബദ്ധശ്രദ്ധരായി[illegible]ണം. ആ ജോലിക്കു സാധാരണയിൽ കവിഞ്ഞുള്ള വായനയും പരിശീലനവും ആവശ്യമാകുന്നു. ബാലഹൃദയങ്ങളെ ഊൎജ്ജസ്വലമാക്കിത്തീൎക്കുവാൻ പൎയ്യാപ്തമായ ആത്മചൈതന്യം നിങ്ങളിൽ ഉണ്ടായിരിക്കണം. നിങ്ങളുടെ സാധാരണ സ്കൂൾജോലിക്കുതന്നെ നിങ്ങൾക്കു ശിക്ഷാക്രമപാഠശാലകളിലും നിങ്ങൾ പരീക്ഷ പാസാകുവാൻ വായിച്ചിട്ടുള്ള പുസ്തകങ്ങളിലുംനിന്നു സമ്പാദിച്ചിട്ടുള്ള അറിവ് ഒരിക്കലും മതിയാവുന്നതല്ല. കുട്ടികളുടെ പ്രകൃതത്തെ ഗാഢവീക്ഷണംചെയ്തു മനസ്സിലാക്കേണ്ടതു് അദ്ധ്യാപകജീവിതവിജയത്തിന് അപരിത്യാജ്യമാകുന്നു. ശിക്ഷാക്രമപാഠശാലകളിൽ ഇക്കാൎയ്യത്തെ സംബന്ധിച്ചു വേണ്ട ശിക്ഷ നൽകപ്പെടുന്നില്ല. ഈ ന്യൂനത അദ്ധ്യാപകസംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന യോഗങ്ങൾ മുഖാന്തിരം പരിഹരിക്കപ്പെടേണ്ടതാകുന്നു. അനേകസഹസ്രം യുവഹൃദയങ്ങളെ യഥായോഗ്യം പുഷ്ടിപ്പെടുത്തേണ്ടുന്ന മഹത്തായ കടമ നിങ്ങൾക്കുണ്ടു്. ഈ കടമ നേരെ നിൎവ്വഹിക്കണമെങ്കിൽ അദ്ധ്യാപകന്മാർ യുവവൃദ്ധഭേദമെന്യേ എന്നും ഒന്നുപോലെ കുട്ടികളെന്നോണം ഉത്സാഹശീലന്മാരായിരിക്കണം. അദ്ധ്യാപകന്മാർ പലവിധത്തിലും ഗ്രാമവാസികൾക്കു മാൎഗ്ഗദൎശികളായിത്തീരുന്നു. ആ സ്ഥാനം യഥായോഗ്യം അലങ്കരിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അതിനു വേണ്ട കോപ്പ് എപ്പോഴും നേടിക്കൊണ്ടിരിക്കണം. അതിനായി നിങ്ങളുടെ സ്വഭാവത്തെയും നടത്തയെയും എപ്പോഴും ശുദ്ധവും അപവാദവിഹീനവുമായി സൂക്ഷിക്കണം. നിങ്ങൾ എപ്പോഴും മാതൃകാപുരുഷന്മാരായിരിക്കണം. ഒരു സാധാരണക്കാരനിൽനിന്നു വളരെ ഉപരിയായി ലോകജ്ഞാനം നിങ്ങൾക്ക് അവശ്യം വേണ്ടതാകുന്നു. വായിച്ചും പഠിച്ചും കഴിയുന്ന 'ശീലം

നിങ്ങൾ ഒരിക്കലും വിടരുതു്. ലോകകാൎയ്യങ്ങളുമായി സദാപി ഇടപെട്ടുകൊണ്ടിരിക്കുവാനായി നിങ്ങൾ നിൎബ്ബന്ധമായി വൎത്തമാനപ്പത്രങ്ങൾ വായിക്കണം. അദ്ധ്യാപകന്മാർ പൊതുകാൎയ്യങ്ങളിലും സാമുദായികശ്രമങ്ങളിലും നിന്നു അകന്നുനിൽക്കുന്നതുനിമിത്തം അവൎക്കു പൊതുജനങ്ങളോടു് ഇടപഴകുവാൻ സാധിക്കുന്നേയില്ല. ഇതു് എത്രയും കഷ്ടമായ അവസ്ഥയാകുന്നു. രാജ്യത്തിന്റെയോ കരയുടെയോ ശ്രേയസ്സിനു നിദാനമായിരിക്കുന്ന ഒരു പ്രസ്ഥാനത്തിൽനിന്നും അകന്നുനിൽക്കണമെന്നു നിങ്ങൾ ഒരിക്കലും മോഹിക്കരുതു്. കുറെ ചരിത്രമോ സാഹിത്യമോ കണക്കോ വിദ്യാൎത്ഥികളുടെ തലയിൽ കുത്തിച്ചെലുത്തിയതുകൊണ്ടു നിങ്ങളുടെ കടമ അവസാനിച്ചുവെന്നു വിചാരിക്കരുതു്. നിങ്ങൾ വിദ്യാൎത്ഥികളെ പൌരുഷമുള്ള പൌരന്മാരാക്കിത്തീൎക്കണം. അവരെ മനുഷ്യരാക്കണം. ജീവിതായോധനത്തിലെ വീരയോദ്ധാക്കളാക്കണം. ഇത്രയുമാണു അദ്ധ്യാപകന്മാരോടു് എനിക്കു പറവാനുള്ളതു്".

(ശശിഭൂഷൻ റാത്തു് എം. എൽ. സി, നവശക്തി)

### പുതിയ അദ്ധ്യാപകന്റെ വിശ്വാസപ്രമാണം.

ബാലന്മാരിലും ബാലികമാരിലും—നാളത്തെ പുരുഷന്മാരിലും സ്ത്രീകളിലും—ഞാൻ വിശ്വസിക്കുന്നു. ബാലൻ എന്തു വിതക്കുന്നുവൊ അതു പുരുഷൻ കൊയ്യും.

അജ്ഞാനശാപത്തിലും, വിദ്യാലയങ്ങളുടെ വ്യാപാരശക്തിയിലും, അദ്ധ്യാപനമഹിമയിലും പരജനസേവനാനന്ദത്തിലും ഞാൻ വിശ്വസിക്കുന്നു. മനുഷ്യജീവിതങ്ങളിലും അച്ചടിച്ച ഒരു പുസ്തകത്തിന്റെ ഇലകളിലും പ്രത്യക്ഷമായി കാണുന്ന അറിവിലും, ചട്ടങ്ങളെക്കാൾ അധികം ഉദാഹരണങ്ങൾകൊണ്ടുള്ള പാഠങ്ങളിലും ജീവിതത്തെ വിസ്തൃതവും മനോഹരവുമാക്കിത്തീൎക്കാനുള്ള സകലത്തിലും കൈകൊണ്ടു പ്രയത്നിക്കാനൊ തലകൊണ്ടു ചിന്തിക്കുവാനൊ ഉള്ള സാമൎത്ഥ്യത്തിലും ഞാൻ വിശ്വസിക്കുന്നു.

സ്കൂൾമുറിയിലും ഗൃഹത്തിലും നിത്യജീവിതത്തിലുമുള്ള സൌന്ദൎയ്യത്തിലും ഞാൻ വിശ്വസിക്കുന്നു.

പുഞ്ചിരിയിലും സ്നേഹത്തിലും വിശ്വാസത്തിലും എല്ലാ ആദൎശങ്ങളിലും ആശകളിലും ഞാൻ വിശ്വസിക്കുന്നു.

നമുക്കും നമ്മുടെ പ്രവൃത്തികൾക്കും ഓരോ ദിവസത്തിലുമുള്ള ഓരോ മണിക്കൂറിലും ഓരോ ന്യായമായ സമ്മാനം ലഭിക്കുന്നു എന്നുള്ളതിൽ ഞാൻ വിശ്വസിക്കുന്നു.

വർത്തമാനകാലത്തിലും അതിന്റെ സന്ദർഭങ്ങളിലും ഭാവിയിലും അതിന്റെ വാഗ്ദാനങ്ങളിലും ജീവിതത്തിലുള്ള ദൈവികാനന്ദത്തിലും എനിക്ക വിശ്വാസമുണ്ടു്.

(ന്യൂ അയിഡിയ)

---

കവി സാർവ്വഭൌമൻ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

വിദ്വാനും, മഹാകവിയും, വൈദ്യനും ആയി ശോഭിച്ചിരുന്ന കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു തന്റെ 68-ാമത്തെ വയസ്സിൽ ചരമഗതിയെ പ്രാപിച്ചതായി അറിയുന്നതിൽ അത്യന്തം വ്യസനിക്കുന്നു. തിരുമനസ്സിലെയ്ക്കു മരിക്കുമ്പോൾ പറയത്തക്ക സുഖക്കേടുകൾ ഒന്നും ഉണ്ടായിരുന്നില്ല. കുറച്ചു നാളായി ബാധിച്ചിരുന്ന ഹൃദ്രോഗം തന്നെയാണു മരണഹേതുവായി പറയാനുള്ളതു്. ബലവത്തായ മറെറാരു രോഗത്തിൽനിന്നും ഏറിയ നാളായി, തന്റെ ക്രമീകൃതവും കണിശവുമായ ദിനചര്യകൊണ്ടു മോചനം സിദ്ധിച്ചു മിക്കവാറും സുഖശരീരനായി ഇരിക്കുമ്പോഴാണു് ഈ അവസ്ഥ സംഭവിച്ചതു്. ജ്യോതിഷത്തിൽ അപാരമായ പാണ്ഡിത്യം ഉണ്ടായിരുന്നതുകൊണ്ടോ എന്തോ മരണം സന്നിഹിതമായിരുന്നു എന്നു മുൻകൂട്ടി അദ്ദേഹം തീരുമാനിച്ചിരുന്നു എന്നു തോന്നുന്നുണ്ടു്. സംസ്കൃതഭാഷയിൽ അദ്വിതീയമായ പാണ്ഡിത്യം സമ്പാദിച്ചിരുന്നതിനു പുറമെ, വൈദ്യം, സാഹിത്യം മുതലായ വിഷയങ്ങളിലും തിരുമനസ്സിൽനിന്നും സമ്പാദിച്ചിട്ടുള്ള അറിവു് അപാരമാകുന്നു. ആദ്യകാലത്തു പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ടെങ്കിലും കുറെ കാലമായി ആ വിഷയത്തിൽ പറയത്തക്ക ശ്രമം ഉണ്ടായിരുന്നതായി അറിയുന്നില്ല. കേരളത്തിലെ ഒരു വലിയ പുസ്തകശാലാമേധാവി അദ്ദേഹത്തോടു് ഏതാനും പുസ്തകങ്ങളുടെ അവകാശം ചോദിച്ചപ്പോൾ "വിദ്യ വിററുതിന്നുക ഞാൻ പതിവില്ല" എന്നു പറഞ്ഞതായി കേട്ടിട്ടുണ്ടു്. തിരുമനസ്സിലെ എല്ലാത്തിലുമുള്ള യാഥാസ്ഥിതികത്വത്തെക്കുറിച്ചു പലക്കും അഭിപ്രായവ്യത്യാസമുണ്ടായേയ്ക്കാമെങ്കിലും, വൈദ്യം, സാഹിത്യം, ജ്യോതിഷം മുതലായ വിഷയങ്ങളിലുള്ള പാണ്ഡിത്യത്തെക്കുറിച്ചു ആരും അപലപിക്കുന്നതല്ല. ഒരു ജ്ഞാനദീപമായി പ്രകാശിച്ചിരുന്ന ഈ മഹാന്റെ ആത്മാവിനു നിത്യശാന്തിയെ പ്രാർത്ഥിക്കയല്ലാതെ ഇനി ഈ 'ഗുരുനാഥ'നു മറെറന്താണു ശക്യമായിട്ടുള്ളതു്?

---

ചരിത്രപാഠപുസ്തകങ്ങൾ.

ഇൻഡ്യാചരിത്രസംബന്ധമായി ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും വിദ്യാലയങ്ങളിൽ ഉപയോഗിച്ചുവരുന്നതുമായ പാഠപുസ്തകങ്ങളിൽ സൈന്യസംബന്ധമായും രാഷ്ട്രീയസംബന്ധമായും ഉള്ള കാര്യങ്ങ

ളെപ്പററി മാത്രമെ അത്യധികം പ്രതിപത്തിയോടുകൂടി പ്രതിപാദിച്ചുകാണുന്നുള്ളൂ. ചരിത്രം എന്നതു്, ഒരു ദേശത്തിൻെറ കഥയും കഴിഞ്ഞ നൂററാണ്ടുകളിലുള്ള അതിൻെറ വളച്ചയും പുരോഗതിയുമാണു്. അങ്ങിനെയിരിക്കെ സൈനികവും രാഷ്ട്രീയവുമായ കാര്യങ്ങൾ മാത്രമല്ല, ഒരു ദേശത്തിൻെറ ചരിത്രം എന്നതു തീച്ചതന്നെ. അവയെമാത്രം ശ്രദ്ധിക്കുകയൊ പഠിക്കയൊ ചെയ്താൽ പോരാ; ഒരു ദേശത്തിൻെറ ജീവിതം വിശാലവും അഗാധവുമായിട്ടുള്ളതാകുന്നു. അതിൽ വിവിധങ്ങളായ കാര്യങ്ങൾ ഉൾപ്പെടും. അതുകൊണ്ടു് അവയെല്ലാം പഠിക്കേണ്ടതാണല്ലൊ. ഒരു ദേശത്തിൻെറ യഥാത്ഥാഭ്യുന്നതിയുടെ മുഴക്കോൽ അവിടത്തെ ജനങ്ങളുടെ സ്ഥിതിയാണു്. ചരിത്രം യഥാത്ഥമായിരിക്കണമെങ്കിൽ ആ സ്ഥിതിയെ ഭംഗിയായി ചിത്രീകരിച്ചിരിക്കണം. അതുകൊണ്ടു സൈനികവും, രാഷ്ട്രീയവും, സാമുദായികവും മതപരവും, സാംസ്കാരികവുമായ കാര്യങ്ങളിലും കൂടി ശ്രദ്ധപതിപ്പിച്ചു പ്രതിപാദിക്കണം. അതിനാൽ ഇൻഡ്യാചരിത്രാധ്യാപകന്മാർ, സൈനികവും രാഷ്ട്രീയവുമായ കാര്യങ്ങൾ മാത്രം പഠിപ്പിക്കാതെ, ജനങ്ങളുടെ ജീവിതത്തെയും ആദശങ്ങളെയും, പ്രവൃത്തികളെയും, പ്രവൃത്തിഫലങ്ങളെയുംകൂടി പഠിപ്പിക്കണം.

(എഡ്യൂക്കേഷണിസ്റ്റ് ജേണ്ണൽ; ശൗരിരാജലുനായിഡു
ബി. എ., എൽ. ടി.)

## കയ്യെഴുത്തു്

……………………………………………………കയ്യെഴുത്തു് വിദ്യാഭ്യാസത്തിൻെറ ഒരു ഭാഗമല്ലെന്നുള്ള ധാരണ എനിയ്ക്കുവിടെനിന്നു് ലഭിച്ചു എന്നറിയുന്നില്ല. എവിടെ നിന്നായാലും ഈ ധാരണ ഇംഗ്ലണ്ടിൽ എത്തുന്നതുവരെയും എന്നെ വിട്ടുപിരിഞ്ഞിരുന്നില്ല. പിന്നീട്ട് തെക്കെ ആഫ്രിക്കയിൽ വക്കീലന്മാരുടേയുംമററും മനോഹരമായ കയ്യെഴുത്തു് കാണ്മാനിടയായപ്പോൾ എനിയ്ക്കു് ലജ്ജതോന്നുകയും എൻെറ ഉദാസീനതയെപ്പററി ഞാൻ പശ്ചാത്തപിക്കയും ചെയ്തു. ചീത്ത കയ്യെഴുത്തു് അപൂണ്ണമായ വിദ്യാഭ്യാസത്തിൻെറ ഒരു ലക്ഷണമായി കരുതപ്പെടേണ്ടതാണെന്നത്രെ എൻെറ ബോധം. ഞാൻ എൻെറ കയ്യെഴുത്തു് നന്നാക്കാൻ ശ്രമിച്ചു. പക്ഷെ അതിനുള്ള കാലം കഴിഞ്ഞിരുന്നു. യൗവ്വനദശയിലെ ഉപേക്ഷയെ പരിഹരിക്കുവാൻ അസാധ്യമായി കണ്ടു. എൻെറ ഈ അനുഭവം എല്ലാ യുവജനങ്ങൾക്കും ഒരു പാഠമായി തീരട്ടെ. എഴുതുവാൻ ശീലിക്കുന്നതിനു് മുമ്പ കുട്ടികളെ ചിത്രങ്ങൾ വരയ്ക്കുവാൻ ശീലിപ്പിക്കേണ്ടതാണെന്നാണു് എൻെറ അഭിപ്രായം. പല പദാത്ഥങ്ങളുടെ ചിത്രങ്ങൾ വരച്ചു് ശീലിച്ചശേഷം അക്ഷരങ്ങൾ എഴുതിത്തുടങ്ങിയാൽ മതി. എന്നാൽ അവക്കു് മനോഹര വടിവിൽ എഴുതുവാൻ സാധിക്കുന്നതാണു്.

(മഹാത്മാഗാന്ധി; നവജീവൻ)

# ശ്രീരാമചന്ദ്രസ്റ്റോർസ്,

തൃശ്ശിവപേരൂർ.

മലയാളത്തിലുള്ള പുതിയ രസകരമായ

## നോവലുകൾ ഏതൊക്കെയാണെന്നോ?

നോവലുകൾ.

| | |
|---|---|
| സരോജിനി | 1 4 0 |
| കൎമ്മഭൂമി | 0 12 0 |
| പ്രേമലത | 0 8 0 |
| കഥാമൃതം | 1 0 0 |
| സരള | 1 [illegible] 0 |
| ജയകേസരി | 0 14 0 |
| വിശാഖൻ | 0 14 0 |
| ഹിരണ്മയി | 1 4 0 |
| രാധ | 0 8 0 |
| ബാഷ്പവൎഷം | 0 8 0 |
| ജയരാജൻ | 2 0 0 |
| അത്ഭുതസൌധം | 1 4 0 |
| വിജയഭാനു | 0 10 0 |
| പത്മാലയം | 3 0 0 |
| ഊൎമ്മിള | 1 4 0 |

മററു പുതിയ പുസ്തകങ്ങൾ.

| | |
|---|---|
| ടാഗോർകണ്ട ഇന്ത്യ | 1 0 0 |
| പാണ്ഡവചരിത്രം | 1 4 0 |
| സാഹിതീസൎവ്വസ്വം | 2 8 0 |
| സാഹിത്യാലോചനം | 1 8 0 |
| പ്രാചീനഭാരതത്തിലെ വലിയ വിശ്വവിദ്യാലയങ്ങൾ | 1 8 0 |
| റാട്ടുവാകൃതികൾ പദ്യം | 1 4 0 |
| വെണ്മണികൃതികൾ 3-ഭാഗങ്ങൾ | 3 0 0 |
| നാടകപ്രവേശിക | 1 4 0 |
| ശ്രീകൃഷ്ണലീലകൾ | 1 0 0 |
| ഭഗവൽഗീത. വ്യാഖ്യാനം (ശാങ്കരഭാഷ്യത്തോടുകൂടിയതു്) | 5 8 0 |
| ശ്രീരാമകൎണ്ണാമൃതം— (ശങ്കരാചാൎയ്യർ) (400ൽ അധികം ശ്ലോകങ്ങൾ. | 0 7 0 |

വലിയ പുസ്തകപ്പട്ടിക സൌജന്യം.

*The Sree Rama Chandra Stores Book Sellers.*

*TRICHUR.*

---

കൈരളീകങ്കണം.

മതം, വ്യവസായം, ജ്യോതിഷം, വൈദ്യം, സാഹിത്യം എന്നീ വിവിധവിഷയങ്ങളെ പ്രതിപാദിക്കുന്ന ഉത്തമമാസിക.

ഒരു കൊല്ലത്തേക്കു വരിസംഖ്യ 2 க.

ആറു മാസത്തേക്കു 1¼ க.

രാമൻമേനോൻ, കൈരളീകങ്കണം മാനേജർ,

ചെമ്പുക്കാവ്, തൃശ്ശിവപേരൂർ.

# രാമാനുജബുക്കഡെപ്പോ.

കുഞ്ഞിക്കുട്ടൻതമ്പുരാൻ, വള്ളത്തോൾ, ഉള്ളൂർ, കുണ്ടൂർ എന്നീ മഹാകവികളാൽ എഴുതിയിട്ടുള്ള സകല പുസ്തകങ്ങളും, വൈദ്യം ജ്യോതിഷം, ശാസ്ത്രം, ചരിത്രം, നോവൽ തുടങ്ങി മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള മിക്ക പുസ്തകങ്ങളും ഇവിടെ വില്പനക്കു തയ്യാറുണ്ടു്.

നല്ല പുസ്തകങ്ങളാണെന്നു ഞങ്ങൾക്കു തോന്നുന്നവയ്ക്കു ന്യായമായ പ്രതിഫലം തന്നു പകൎപ്പവകാശം വാങ്ങുവാനും ഒരുക്കമാണു്.

ന്യായമായ കമ്മീഷനു പുസ്തകങ്ങളെ ഏല്പിക്കുന്നതായാൽ ആ വക ബുക്കുകളെ ഞങ്ങളുടെ പരസ്യപ്പട്ടികയിൽ ചേൎത്തു് വില്പന വൎദ്ധിപ്പിക്കാനും ഞങ്ങൾ ഒരുക്കമുണ്ടു്. കൂടുതൽ വിവരം അറിവാൻ അനുഗ്രഹമുള്ളവർ താഴെകാണിച്ച മേൽവിലാസത്തിൽ എഴുതിയാൽ മതി.

കണ്ടിയൂർ മഹാദേവശാസ്ത്രികളുടെ വ്യാഖ്യാനങ്ങൾ.

| | | | |
|---|---|---|---|
| ദേവീഭാഗവതം (6 സ്കന്ധം) | 2 | 8 | 0 |
| സൌന്ദൎയ്യലഹരി | 2 | 0 | 0 |
| വരിവസ്യാരഹസ്യവും ഭാഷോപനിഷത്തും | 3 | 0 | 0 |
| ലളിതാസഹസ്രനാമഭാഷാഭാഷ്യം | 2 | 0 | 0 |
| ലളിതാത്രിശതീഭാഷാഭാഷ്യം | 1 | 0 | 0 |
| ഭഗവൽഗീത (കെ. എം.) | 5 | 0 | 0 |
| കള്ളത്തമ്പിമാർ (നോവൽ) | 1 | 0 | 0 |
| പ്രസാധകൻ ടി. കെ. കൃഷ്ണമേനോൻ ബി. എ. | | | |
| ഭാരതീയവനിതാദർശങ്ങൾ | 2 | 0 | 0 |
| പ്രാചീനാൎയ്യാവൎത്തം | 1 | 0 | 0 |
| കൃഷ്ണകാന്തന്റെ മരണപത്രം (നോവൽ) | 1 | 0 | 0 |
| വിജയഭാനു (നോവൽ) | 0 | 10 | 0 |
| പ്രാചീനാൎയ്യാവൎത്തത്തിലെ ചില വിശ്വവിദ്യാലയങ്ങൾ — (പി. അനുജൻ അച്ഛൻ) | 1 | 0 | 0 |

പുസ്തകപട്ടിക ആവശ്യപ്പെടുന്നവൎക്കു വെറുതെ അയച്ചു കൊടുക്കുന്നതാണ്.

രാമാനുജബുക്കഡെപ്പോ,

തൃശ്ശിവപേരൂർ.

## ഗുരുനാഥൻ പഴയ പുസ്തകങ്ങൾ വില്പാനുണ്ടു്.

1100-ലെ 4-ാം പുസ്തകവും, 1101-ലെ 5-ാം പുസ്തകവും ബയണ്ടു ചെയ്തുള്ള കുറച്ചു പ്രതികൾ വില്പാനുണ്ടു്. കുറഞ്ഞ വില.

മാനേജർ, ഗുരുനാഥൻ,

പറവൂർ.